# നോവൽ സാഹിത്യം

## കോർ കോഴ്സ്

## ബി.എ.മലയാളം

## IV SEMESTER

## 2014 Admission Onwards

## CUCBCSS

**546**

**CALICUT UNIVERSITY**
**SCHOOL OF DISTANCE EDUCATION**

**STUDY MATERIAL**
**CORE COURSE OF BA MALAYALAM**
**IV SEMESTER**

**തയ്യാറാക്കിയത്**
**മനു ജോർജ്**
**അസിസ്റ്റന്റ് പ്രൊഫസർ (എഉജ)**
**ദേവമാതാ കോളേജ് കുറവിലങ്ങാട്**

Settings & Lay Out By: SDE

# മൊഡ്യൂൾ ഒന്ന്

**നോവൽ**

ഇന്നു കേരളീയർക്ക് എല്ലാ വിഭാഗങ്ങളിലും പെട്ട നോവലുകൾ പരിചിതങ്ങളാണ്-ക്ലാസ്സിക്കൽ, റൊമാന്റിക്ക്, സർ റിയലിസ്റ്റ്, മോഡേണിസ്റ്റ് എന്നല്ല പോസ്റ്റ് മോഡേണിസ്റ്റ് നോവൽ പോലും. ഇവയ്ക്കെല്ലാം പ്രത്യേക ലക്ഷണങ്ങളുണ്ട്. നാടോടിക്കഥയോ അമ്മൂമ്മക്കഥയോ പുരാണകഥയോ ഒന്നുമല്ല നോവൽ; തനതായ സവിശേഷമൂല്യവ്യവസ്ഥകളുള്ള സമൂഹത്തിന്റെ സ്ഥലകാലങ്ങളാൽ പരിബദ്ധമായ ഒരു കലാരൂപമാണത്. ഏതെങ്കിലും സാമൂഹിക-സാംസ്കാരിക പരിതഃസ്ഥിതിയിൽ ഉൾപ്പെട്ട മനുഷ്യൻ ആർജ്ജിതാനുഭവങ്ങളിൽക്കൂടി രൂപപ്പെടുത്തിയ മൂല്യങ്ങളെ നോവൽ പുനഃപരിശോധിക്കുന്നു. മൂല്യ വിമർശം നടത്താതെ വികാരോദ്ദീപനം സാധിക്കുന്ന ആഖ്യാന നിബന്ധനകൾക്കും നോവലെന്നു പറയാറില്ലെന്നില്ല; എന്നാൽ അവ നോവലിന്റെ ധർമ്മം നിറവേറ്റുന്നില്ല. ഏറെക്കാലം ജന്മിത്ത-പൗരോഹിത്യ മേധാവിത്വത്തിന് അടിമപ്പെട്ടിരുന്ന ജനത മധ്യവർഗമായി രൂപം പൂണ്ടു വന്നപ്പോൾ, ജീവിതത്തിലും സാഹിത്യത്തിലും മൂല്യങ്ങളുടെ പുനർ വിമർശനത്തിന് പ്രസക്തിയും വ്യാപ്തിയും വർദ്ധിച്ചു. മൗലികമായി മധ്യവർഗത്തിന്റെ സാഹിത്യ രൂപമാണല്ലോ നോവൽ. കാലം ചെന്നതോടെ അതിന്റെ വൈപുല്യവും വൈവിധ്യവും വർധിച്ചു; അങ്ങനെ അതിന്ന് അസംഖ്യം നിർവചനങ്ങളുമുണ്ടായി.

**നോവൽ – നിർവ്വചനങ്ങൾ**

''അമ്പതിനായിരത്തിലേറെ വാക്കുകളുള്ള ഏതു കല്പിതഗദ്യകഥയും നോവലാ''കുമെന്ന് ഈ.എം. ഫോസ്റ്റർ വിധിക്കുന്നു. ''നടന്നചോ നടക്കുന്നതോ ആയ യഥാർത്ഥജീവിതത്തെ പ്രതിനിധാനം ചെയ്യുന്ന സംഭവങ്ങളെയും കഥാപാത്രങ്ങളെയും ചിത്രീകരിക്കുന്ന, സങ്കീർണ്ണത കൂടിയതോ കുറഞ്ഞതോആയ ഒരു ഇതിവൃത്തവും ഗണ്യ

മായ ദൈർഘ്യവും ഉള്ള കല്പിതഗദ്യകഥയാണ് നോവൽ'' എന്ന് ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു നോവലിനെ നിർവ്വചിക്കുന്നു. ഇംഗ്ലീഷ് നോവലിന്റെ ചരിത്രം വിവരിക്കുന്ന ഏണസ്റ്റ് എ. ബേക്കർ ''കല്പിത ഗദ്യകഥാരൂപത്തിലുള്ള മനുഷ്യജീവിതവ്യാഖാന''മാണ് നോവൽ എന്നു പറയുന്നു. ''നോവൽ - സ്വയം പൂർണ്ണവും നിശ്ചിത ദൈർഘ്യം ഉള്ളതുമായ യാഥാർത്ഥ്യാധിഷ്ഠിത ഗദ്യകഥയാണെ''ന്ന് ആർനോൾഡ് കെറ്റിൽ രേഖപ്പെടുത്തുന്നു. ''മനുഷ്യരുടെ വികാരവിചാരങ്ങളെ പ്രകാശിപ്പിക്കുന്നതും സംഭാവ്യവുമായ ഒരു ജാതിവൃത്തത്തെ ആഖ്യാനം ചെയ്ത് കാവ്യാനുഭൂതി ഉണ്ടാകുന്ന ഒരു ഗദ്യഗ്രന്ഥമാകുന്നു നോവൽ'' എന്ന് എം.പി. പോൾ നിർവ്വചിക്കുന്നു. ഇതര ഭാരതീയ ഭാഷകളിലെന്നപോലെ മലയാളത്തിലും നോവൽ എന്ന സാഹിത്യരൂപം തനിയേ പൊട്ടിമുളച്ചതല്ല; പാശ്ചാത്യ സാഹിത്യത്തിന്റെ മണ്ണിൽ നിന്നു പറിച്ചു നട്ടതാണ്.

കവിതയെയും നാടകത്തെയുമപേക്ഷിച്ച് പ്രാചീനത വളരെ കുറഞ്ഞ ഒരു സാഹിത്യരൂപമാണ് നോവൽ. എങ്കിലും സഹസ്രാബ്ദങ്ങൾ കൊണ്ടു കവിതയും നാടകവും നേടിയതിനെക്കാൾ ആസ്വാദകരെ സമ്പാദിക്കാൻ ഈ കാലത്തിനിടയിൽ നോവലിനു കഴിഞ്ഞു. നോവലിന് മിക്ക സാഹിത്യരൂപങ്ങൾക്കുമെന്നപോലെ പ്രാചീന സാഹിത്യത്തിൽ പ്രാഗ്രൂപങ്ങളുണ്ട്. അവയിൽ പ്രധാനപ്പെട്ടവ - പെട്രോണിയസ്സിന്റെ 'സാറ്റിറിക്കോൺ', അപ്പുലിയസിന്റെ 'പൊൻകഴുത', ലോംഗസിന്റെ 'ഡാഫ്നിയും ക്ലോയും' എന്നീ കൃതികളാണ്. കെട്ടുറപ്പില്ലാത്തതും അസംഭവ്യത നിറഞ്ഞതും കഥാപാത്രാവിഷ്കരണത്തിൽ ശ്രദ്ധിക്കാത്തതുമായ ഇവയിൽനിന്നു നോവലിലേയ്ക്കു വലിയ ദൂരമുണ്ട്.

**നോവൽ പാശ്ചാത്യസാഹിത്യരൂപം**

ക്രിസ്തുമതത്തിനു മുമ്പും പിമ്പുമായി സംസ്കൃതഭാഷയിൽ ഗദ്യരൂപത്തിലുള്ള ധാരാളം കഥകൾ ഉണ്ടായി. ദണ്ഡിയുടെ 'ദശകുമാരചരിത'വും ബാണന്റെ 'ഹർഷചരിത'വും 'കാദംബരി'യും പരാമർശം അർഹിക്കുന്നു. അവ നോവലായി വികസിക്കുകയോ അതിന്റെ ആവിർഭാവത്തിനു ഹേതുവാകുകയോ ചെയ്തില്ല. പതിനൊന്നാം ശതകത്തിന്റെ ആരംഭത്തിൽ മുറാസകി പ്രഭ്വി ജാപ്പനീസ് ഗദ്യത്തിലെഴുതിയ 'ഗഞ്ചിയുടെ കഥ' നോവലിന്റെ പൂർവ്വമാതൃകകളിൽ പ്രധാനപ്പെട്ട ഒന്നാണ്. മധ്യയുഗത്തിൽ ഉരുത്തിരിഞ്ഞ റൊമാൻസും ഫാസ്ലീയൊയും നോവെല്ലയും നവോത്ഥാനകാലത്തു രൂപപ്പെട്ട പിക്കാറെസ്കും നോവലിലെ ആവിർഭാവത്തിനു പശ്ചാത്തലമൊരുക്കി.

**നോവല്ലകളും റൊമാൻസുകളും**

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഫ്രാൻസിലുണ്ടായ സാഹിത്യരൂപ മാണ് 'റൊമാൻസ്'. ആദ്യകാലത്തു പദ്യത്തിലാണ് ഇത് എഴുതപ്പെട്ടത്. ക്രമേണ ഗദ്യ ത്തിലേയ്ക്കും മറ്റ് യൂറോപ്യൻ ഭാഷകളിലേയ്ക്കും അതിന്റെ രചന വ്യാപിച്ചു. രാജാക്ക ന്മാരും പ്രഭുക്കന്മാരും വീരയോദ്ധാക്കളും മതപ്രമാണികളുമടങ്ങുന്ന ഉന്നതകുലത്തിന്റെ അതിഭാവനാത്മകമായ കഥയാണ് റൊമാൻസ്. റൊമാൻസുകൾ സൃഷ്ടിച്ച ദുഃസഹമായ കൃത്രിമത്വവും ജീവിതവൈമുഖ്യവും അതിനു വിപരീതമായ സവിശേഷതകളോടുകൂടിയ നോവലിനു ജന്മം നൽകി. ബൊക്കാച്ചിയോവിന്റെ 'ഡക്കാമറോൺ' കഥകളോടെ, പതി നാലാം നൂറ്റാണ്ടിലെ ഇറ്റലിയിൽ വികസിച്ചുവന്ന നോവെല്ല, നോവലിനോടു കുറെക്കൂടി അടുത്തുനിൽക്കുന്നു. ഗദ്യരൂപത്തിലുള്ള ചെറിയ കഥയാണ് നെവെല്ല. അക്കാലത്തെ ഇറ്റാലിയൻ ജീവിതത്തിന്റെ വ്യത്യസ്തമുഖങ്ങൾ അവതരിപ്പിക്കുന്ന 'ഡക്കാമറോൺ' നോവലിന്റെയും ചെറുകഥയുടെയും പിതൃസ്ഥാനം അലങ്കരിക്കുന്നു.

**മലയാളത്തിലെ ആദ്യകാല നോവലുകൾ**

നോവൽ രൂപത്തിൽ മലയാളത്തിലിറങ്ങിയ ആദ്യത്തെ ഗ്രന്ഥം 'തീർത്ഥാടക പുരോഗതി'യാണ്. ജോൺ ബനിയന്റെ ജശഹഴൃശാ'െ ജ്യൃീഴൃലൈ ന് റവ.ജോസഫ് പീറ്റ് തയ്യാറാക്കിയ ഈ വിവർത്തനം 1840 -ൽ പുറത്തുവന്നു. 1878-ൽ പ്രസിദ്ധപ്പെടുത്തിയ മിസിസ് കോളിൻസിന്റെ 'ഘാതകവധ' (ടഹമ്യലൃ ടഹമശി എന്ന കൃതിയുടെ വിവർത്തനം) മാണ് മലയാളത്തിലെ ആദ്യ നോവലായി പലരും കണക്കാക്കുന്നത്. കാരണം, ഇതിന്റെ പശ്ചാത്തലം കേരളമാണ്; ഇത് ഇവിടുത്തെ സിറിയൻ ക്രിസ്ത്യൻ സമൂഹത്തിന്റെ മൂല്യ വ്യവസ്ഥയെ പരിശോധിക്കുന്നുമുണ്ട്. ഹാരിയറ്റ് ബീച്ചർ സ്റ്റോവിന്റെ ഡിരഹല ഠീ'െ ഇമയശി നുമായി ഇതിന്ന് സാദൃശ്യമുണ്ട്. പിൽക്കാലത്തു വന്ന സാമൂഹ്യ നോവലുകളെപ്പോലെ, ഘാതകവധവും പ്രേമകഥയോടൊപ്പം സാമൂഹ്യ പരിഷ്ക്കരണത്തിന്റെ സന്ദേശവും അവതരിപ്പിക്കുന്നു. എങ്കിലും രൂപപരമോ ശൈലീപരമോ ആയ മേന്മയൊന്നും ഇതിന്നവകാശപ്പെട്ടു കൂടാ. 1882-ൽ പുറത്തുവന്ന ആർച്ച്ഡീക്കൺ കോശിയുടെ 'പുല്ലേലിക്കുഞ്ചു' ഒരു ക്രിസ്ത്യൻ ഉപദേശിയും ഒരു

ഹിന്ദുവും തമ്മിൽ ക്രിസ്തുമതത്തിന്റെ മേന്മകളെക്കുറിച്ചു നടത്തുന്ന സംഭാഷണം മാത്രമാണ്. എങ്കിലും ഇത്തരം ആഖ്യാനങ്ങളും, വിദേശമിഷനറിമാരായ ഗുണ്ടർട്ട്, ബെൻജമിൻ ബേലി, സ്വദേശ മിഷനറിമാരായ റവ.ജോർജ് മാത്തൻ തുടങ്ങിയവരുടെ ഗദ്യ നിബന്ധങ്ങളും മലയാളഗദ്യത്തിന്നു കൂടുതൽ മെയ്‌വഴക്കവും ഭാവദ്യോതനശക്തിയും നൽകി; ഇത് 19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ നോവൽ എന്ന സാഹിത്യരൂപത്തെ സമ്പന്നമാക്കാനൊരുങ്ങിയ പ്രതിഭാശാലികൾക്കു സഹായകമായി ഭവിക്കുകയും ചെയ്തു.

ചില നിരൂപകന്മാരുടെ ദൃഷ്ടിയിൽ 1887-ൽ വെളിച്ചം കണ്ട അപ്പു നെടുങ്ങാടിയുടെ 'കുന്ദലത' യാണ് മലയാളത്തിലെ ആദ്യത്തെ നോവൽ. ഷേക്സ്പിയറുടെ ഹ്യായലഹശി, സർ വാൾട്ടർ സ്കോട്ടിന്റെ ക്മിവീല എന്നിവയുടെ കനത്ത സ്വാധീനശക്തി കുന്ദലതയിൽ പ്രകടമാണ്. ഭാവുകത്വമുള്ള വീരസാഹസിക കഥയാണ് കുന്ദലത; അത് കഥ പറയുന്നു, രസിപ്പിക്കുന്നു. അതിലെ ഗദ്യം സരളമാണ്, സംഭാഷണം സ്വഭാവികവും. എങ്കിലും അത് സാമൂഹ്യവിമർശം നടത്തുന്നില്ല.മൂല്യ പരിശോധനയ്ക്ക് മുതിരുന്നുമില്ല.

**ചന്തുമേനോനും സാമൂഹ്യനോവലും**

ആഖ്യാന കുശലനും നർമ്മരസികനും തൊഴിൽവശാൽ ജഡ്ജിയുമായിരുന്ന ഒ.ചന്തുമേനോൻ 1889 ഡിസംബറിൽ 'ഇന്ദുലേഖ' പ്രസിദ്ധപ്പെടുത്തി. ഇതാണ് മലയാള ത്തിലെ ആദ്യത്തെ ലക്ഷണം തികഞ്ഞ നോവൽ.'ശാരദ' എന്ന അടുത്ത നോവൽ പൂർത്തിയാക്കുന്നതിനു മുമ്പ് ചന്തുമേനോൻ കാലഗതി പ്രാപിച്ചു. 'ശാരദ' യിലെ സാമൂഹ്യവിമർശം കരുത്തുറ്റതാണ്. കേരളീയ ഹിന്ദുക്കൾക്കിടയിൽ നിലനിന്ന മരുമക്ക ത്തായ സമ്പ്രദായത്തെ 'ഇന്ദുലേഖ'യും 'ശാരദ'യും വിമർശാത്മകമായി അവതരിപ്പിക്കുന്നു.

നിത്യജീവിതത്തിൽ നിന്നുമെടുത്ത കഥാപാത്രങ്ങളെയാണ് 'ശാരദ'യിൽ നാം കാണുന്നത്. പ്രത്യക്ഷത്തിൽ കഥയുടെ പ്രമേയം സ്വന്തം അമ്മയുടെ സ്വത്തിന്മേൽ മകൾക്കുള്ള അവകാശത്തിന്റെ പ്രശ്നമാണ്. അമ്മ ആദ്യത്തെ ഭർത്താവായ വൃദ്ധ

ബ്രാഹ്മണനെ ഉപേക്ഷിച്ചു. മനസ്സിണക്കം തോന്നിയ നായർ യുവാവിനെ വരിച്ചു.ശാരദയിലെ കഥാപാത്രങ്ങൾക്കു വൈവി ധ്യമുണ്ട്. ഒരു വശത്ത് സാത്വികനായ ശങ്കരൻ നായർ; ദുഷ്ടാഗ്രേസരനായ വൈത്തിപ്പട്ടർ മറുവശത്തും. 'ഇന്ദുലേഖ' യിലെന്നപോലെ 'ശാരദ'യിലും ചന്തുമേനോൻ വ്യക്തികളിലും സമൂഹത്തിലുമുള്ള നിരവധി വൈരുധ്യങ്ങളെ പൊളിച്ചുകാണിച്ച് നർമ്മരസമുണർത്തുകയും സാമൂഹ്യ വിമർശനം സാധിക്കയും ചെയ്യുന്നു. ശാരദ ഉദയന്തളിമഠത്തിൽ ചെന്നു താമസിച്ചു വരുമ്പോൾ അവിടെ ഒരു വാർത്ത പരന്നു; ശാരദ ഏതോ മുസ്ലീമിനു പിറന്ന പെണ്ണാണെന്ന്. തുടർന്ന് അവിടെ നടന്ന ബഹളങ്ങൾ ചന്തുമേനോൻ നർമത്തോടെ വിവരിക്കുന്നു! അദ്ദേഹം കേരളത്തിലെ സവർണ്ണരുടെ ഇടയിലുള്ള വിലക്കുകളുടെ പൊള്ളത്തരത്തെ അനിതരസാധാരണമായ ദീർഘദർശനത്തോടെ വിമർശിക്കുകയും ഉപഹാസത്തിനു വിധേയമാക്കുകയും ചെയ്തു. 'ഇന്ദുലേഖ'യും 'ശാരദ'യും കരുത്തുറ്റ സൃഷ്ടികളാണ്. സാമൂഹ്യമൂല്യങ്ങളെ പരിശോധിക്കുന്ന സുദൃഢ ശില്പങ്ങൾ, നർമ്മരസത്തികവോടെ മാനുഷിക വികാര വിചാരങ്ങളെ അവ പകർത്തുന്നു.

**സി.വി.രാമൻ പിള്ളയും ചരിത്ര നോവലും**

ചന്തുമേനോൻ മലബാറിലെ മധ്യവർഗത്തെ പകർത്തിയപ്പോൾ സി.വി.രാമൻപിള്ള ശ്രദ്ധ ചെലുത്തിയത് തുടർച്ചയായി പല തലമുറകൾ വഞ്ചിരാജ്യത്തെ നിലനിർത്തുകയും അതിന്റെ ധാർമിക പൗരുഷത്തെ ഉയർത്തുകയും ചെയ്ത ഒരു നായകവൃന്ദത്തെ സൃഷ്ടിക്കുന്നതിലാണ്. 'ധർമോസ്മത്കുലദൈവതം' എന്ന വ്രതം സ്വീകരിച്ച രാജവംശത്തെ പരിപാലിച്ച ധീരോദാത്തരായ നായർ പ്രമാണികളെ സൃഷ്ടിക്കുവാനുള്ള അസംസ്കൃത വിഭവങ്ങൾ അദ്ദേഹം തിരുവിതാംകൂറിന്റെ ചരിത്രരേഖകളിൽ നിന്നും ശേഖരിച്ചു. സി.വി.രാമൻ പിള്ളയെ സംബന്ധിച്ച് അത്യുത്തമമായ ഭരണം സർവഥാ സമർഥരും ജ്ഞാനികളുമായരുടെ നേതൃത്വത്തിൽ സർവ്വരിലും കൂടി സർവരുടെയും പുരോഗതി ഉറപ്പുവരുത്തുന്നതായിരിക്കണം. മാർത്താണ്ഡവർമയെ അധികരിച്ചു ഒരു നോവലും ധർമരാജാവിനെ കേന്ദ്രമാക്കി രണ്ടു നോവലുകളും സി.വി.രാമൻ പിള്ള രചിച്ചു. സി.വി യുടെ ഭാഷ പൊതുവേ പറഞ്ഞാൽ ഗംഭീരവും ഭാവാഷ്കാര

സമർഥവുമാണ്. ആവിഷ്കരണീയ ഭാവത്തിന്റെ വൈവിധ്യം ശൈലിയിലും അനുഭവവേദ്യമാണ്. ഗ്രാമീണ ജീവിതത്തിന്റെ ശുദ്ധമായ ലാളിത്യത്തെയെന്നപോലെ രാജകീയ ജീവിതത്തിന്റെ ആഡംബര പ്രൗഢികളെയും സ്വാഭാവികതയോടെ പ്രകാശിപ്പിക്കാൻ അതിനു കഴിയുന്നു. സി.വി യുടെ 'പ്രേമാമൃത'മെന്ന സാമൂഹ്യനോവൽ ഫലപ്രദമായിരുന്നില്ല. വ്യക്തികളുടെയും സമൂഹത്തിന്റെയും വികലതകളെയും വൈരുധ്യങ്ങളെയും ആക്ഷേപിക്കുന്നതിലോ സാമൂഹ്യമൂല്യങ്ങളെ വിമർശിക്കുന്നതിലോ അതു വിജയിക്കുന്നില്ല. ചരിത്രനോവലുകളുടെ സ്രഷ്ടാവെന്ന നിലയിലാണ് സി.വി. സഹൃദയാദരവ് സമാർജിച്ചിരിക്കുന്നത്. അദ്ദേഹം കേരള ചരിത്രത്തിലെ ചില രംഗങ്ങളെ അവിസ്മരണീയമാക്കിയിരിക്കുന്നു. സുഭദ്ര, ചന്ത്രക്കാരൻ, രാജകേശവദാസൻ, ധർമരാജാ തുടങ്ങിയ ത്രിമാനകഥാപാത്രങ്ങളെ സഹൃദയമനസ്സിൽ പ്രതിഷ്ഠിക്കുന്നു. മഹത്തായ ചില മാനുഷികാദർശങ്ങളെ സാക്ഷാൽക്കരിക്കുവാൻ അനുവാചകർക്ക് പ്രചോദനം നൽകുന്നു. ശക്തങ്ങളായ വാക്ശിൽപങ്ങളെന്ന നിലയിൽ സി.വി. യുടെ ചരിത്രനോവലുകൾ മലയാളത്തിൽ തലയുയർത്തി നിൽക്കുന്നു. ജീവിതത്തിന്റെ മഹത്വം, അതിൽ അന്തർലീനമായ ദുരന്താംശം, മനുഷ്യാത്മാവ് അതിനും മീതെ നേടുന്ന അന്തിമവിജയം എന്നിവയെക്കുറിച്ചു സി.വി. രാമൻ പിള്ളയ്ക്കു അഗാധബോധമുണ്ടായിരുന്നു. തുടക്കത്തിൽ തന്നെ ചന്തുമേനോനും സി.വി.രാമൻ പിള്ളയും കൂടി മലയാള നോവലിനെ മഹത്തായ മേഖലയിലെത്തിക്കുകയും സ്വന്തം സൃഷ്ടികളിൽ കൂടി പിന്മുറക്കാർക്ക് പ്രചോദനം നൽകുന്ന പാരമ്പര്യ സ്രോതസ്സുകൾ നിർമിക്കുകയും ചെയ്യുന്നു.

**നോവലിന്റെ വളർച്ച**

'ഇന്ദുലേഖ' യ്ക്കു അനേകം അനുകർത്താക്കളുണ്ടായി. നായികമാരുടെ മധുരനാമങ്ങൾ സംവഹിക്കുന്ന ധാരാളം നോവലുകൾ പ്രത്യക്ഷപ്പെട്ടു. ഇവയെ ആക്ഷേപിച്ചുകൊണ്ട് കിഴക്കേപ്പാട്ടു രാമൻ മേനോൻ എഴുതി 'പറങ്ങോടീപരിണയം' (1892) മലയാളത്തിൽ ആക്ഷേപഹാസ്യനോവൽ എന്ന രൂപത്തെ അവതരിപ്പിച്ചു. കാരാട്ടു

അച്ചുതമേനോൻ (1867–1913) എഴുതിയ 'വിരുതൻ ശങ്കു' വാണ് മലയാളത്തിൽ 'തസ്കരനോവലി'നു തുടക്കമിട്ടത്. ഹാസ്യാത്മകമാണ് വിരുതൻ ശങ്കു. ഈ ശതകത്തിന്റെ ആദിമ ദശകങ്ങളിൽ തന്നെ മലയാളത്തിൽ ഡിറ്റക്ടീവ് നോവലും അന്യാപദേശ നോവലുമുണ്ടായി. തിരുവിതാംകൂർ ദിവാന്റെ സ്വേച്ഛാധിപത്യത്തെ വെറുത്ത കെ.നാരായണ ക്കുരുക്കൾ ഭരണത്തിന്റെ പുഴുക്കുത്തുകൾ ചൂണ്ടിക്കാണിക്കുവാൻ അന്യാപദേശപരമായ ചരിത്രകഥകളുടെ ചട്ടക്കൂടു പ്രയോഗിച്ചു. കുരുക്കളുടെ 'പാറപ്പുറത്ത്' (1906), ' ഉദയഭാനു' (1925) എന്നീ ശക്തങ്ങളായ കൃതികളാണ് ആക്ഷേപ ഹാസ്യ അന്യാപദേശ നോവലുകളെ മലയാളത്തിനു ആദ്യമായി കാഴ്ചവച്ചത്. ആദ്യത്തെ അപസർപ്പകനോവൽ അപ്പൻ തമ്പുരാൻ എഴുതിയ 'ഭാസ്കരമേനോ'നാണ്. ഈ കൃതിക്കോ, മൂർക്കോത്തു കുമാരന്റെ 'കനകംമൂലം' (1905), കേശവക്കുറുപ്പിന്റെ 'മാധവക്കുറുപ്പ്' എന്നീ കൃതികൾക്കോ അനുവാചകരെ ശക്തിയായി സ്വാധീനിക്കാൻ സാധിച്ചില്ല. അപ്പൻ തമ്പുരാന്റെ ശൈലിയുടെ സാരള്യ മാധുര്യങ്ങൾ കൊണ്ടു ശ്രദ്ധേയമായ ഭൂതരായർ (1923) ചരിത്രനോവലെന്ന നിലയിൽ വിജയിച്ചിട്ടില്ല. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കു പകർത്തിയ 'അക്ബർ'എന്ന ഡച്ചു നോവലിന്, ആഖ്യാന ഭദ്രത കൊണ്ടാ ണെന്ന് പറയട്ടെ, അനേകം അനുവാചകരെ സമ്പാദിക്കാൻ സാധിച്ചു.

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സി.വി. യുടെ ശിൽപ്പകൗശലത്തിന്റെ വശ്യത കൊണ്ടാവണം, അനുവാചകർക്ക് ചരിത്രാഖ്യായികകളോട് കമ്പം വർധിച്ചു. ദാർനികതയുടെ ഭാരം ലേശവുമില്ലാത്ത സമരസാഹസിക പ്രേമ ചരിത്രാഖ്യായികകൾ സമൃദ്ധമായി പുറത്തുവന്നുകൊണ്ടിരുന്നു. രാമൻ നമ്പീശന്റെ കേരളേശ്വരൻ (1941), കപ്പന കൃഷ്ണമേനോന്റെ ചേരമാൻ പെരുമാൾ (മൂന്നാം പതിപ്പ്, 1952), കെ.എം.പണിക്കരുടെ കേരളസിംഹം (1941), കല്യാണമൽ (1937), അമ്പാടി നാരായണപൊതുവാളുടെ കേരളപുത്രൻ (മൂന്നാം പതിപ്പ്, 1924), സി.കുഞ്ഞിരാമമേനോന്റെ വള്ളുവക്കമ്മാരൻ, പള്ളത്തു രാമന്റെ അമൃതപുളിനം (1923) തുടങ്ങിയവ ജനപ്രീതിയാർജിച്ചു.

പ്രാരംഭകാലത്തുണ്ടായ സാമൂഹ്യ നോവലുകളിൽ ശക്തമായ സാമൂഹ്യവിമർശനം മുഖേന ഏതാനും നോവലുകൾ സഹൃദയരുടെ സവിശേഷ ശ്രദ്ധ പിടിച്ചടക്കി. കുന്നുകുഴിയിൽ കൊച്ചുതൊമ്മൻ രചിച്ച പരിഷ്കാരപ്പാതി (1925) ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്തെ സുറിയാനി ക്രിസ്ത്യാനികളുടെ ആചാരമര്യാദകളെ പകർത്തുന്ന തോടൊപ്പം ഇംഗ്ലീഷ് വിദ്യാഭ്യാസം മൂലം സമുദായത്തിലേ സ്ത്രീകൾക്കു കൈ വന്ന സ്വാതന്ത്ര്യത്തെ വരച്ചുകാട്ടുന്നുമുണ്ട്. പോത്തേരി കുഞ്ഞമ്പുവിന്റെ ‘സരസ്വതി വിജയം’ ജാതിഭ്രഷ്ടയായ ബ്രാഹ്മണ സ്ത്രീ വിദ്യാഭ്യാസത്തിൽ കൂടി ജീവിതത്തിൽ വിജയം വരിക്കുന്നതും ഹരിജന ബാലൻ സ്വപരിശ്രമം മൂലം സമൂഹത്തിൽ ഉയരുന്നതും ചിത്രീകരി ച്ചിരിക്കുന്നു. പാശ്ചാത്യ സ്ത്രീകളെ സ്ഥാനത്തും അസ്ഥാനത്തും അനുകരിക്കുന്നതു മൂലം അപഹാസ്യരായിത്തീരുന്ന സ്ത്രീകളുടെ ചിത്രണമാണ് കെ.എം.പണിക്കരുടെ ‘ദൊരശ്ശിണി’. ക്ഷേത്രപ്രവേശനവിളബംരം ഹരിജനങ്ങൾക്കു നൽകിയ ആനന്ദത്തിന്റെ ഭാവനാത്മകമായ അവതരണമാണ് ‘ഹരിദാസി’. ഇവയെ കലാമൂല്യത്തിലും സാമൂഹ്യവിമർശത്തിന്റെ ശക്തിയിലും അതിശയിക്കുന്നു ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ ‘അപ്ഫന്റെ മകൾ’ (1933). നമ്പൂതിരിമാരുടെ വിവാഹാചാരങ്ങളിലുള്ള പൊരുത്തക്കേടുകളെയും സാമൂഹ്യ ചാരങ്ങളിലുള്ള വൈരുധ്യങ്ങളെയും പൊളിച്ചുകാട്ടുന്ന ഈ നോവൽ കാലത്തിനനുസരിച്ച് മാറുന്ന ഒരു അന്തർജന കുമാരിയുടെ വളർച്ചയെ ജീവസ്സുറ്റ ശൈലിയിലും ശില്പത്തിലും അവതരിപ്പിച്ചിരിക്കുന്നു.

**പുരോഗമനപ്രസ്ഥാനം**

ആയിരത്തിത്തൊള്ളായിരത്തിമുപ്പതുകളിൽ ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും തൊഴിലാളികളും കർഷകരും മധ്യവർഗത്തിന്റെ താഴത്തെ തലത്തിൽ പെട്ടവരും ആത്മബോധം നേടി സമൂഹത്തിന്റെ മുൻപന്തിയിലെത്തി. ഇന്ദുലേഖ പോലുള്ള സാമൂഹ്യനോവലിന്റെ ശില്പത്തിന് പുതിയ വർഗത്തിന്റെ ആത്മാവിഷ്കാരത്വരയെ ഉൾക്കൊള്ളുക സാധ്യമായിരുന്നില്ല. മുപ്പതുകളിൽ സാമുഹ്യപരിഷ്കരണ പ്രേമികളായ ഒരു സംഘം യുവസാഹിത്യകാരന്മാർ

ചെറുകഥാ രംഗത്ത് കടന്നുവന്ന് പുതിയ പ്രമേയങ്ങൾ പകർത്തുവാൻ പര്യാപ്തമായ കഥാരൂപങ്ങൾ വാർത്തെടുത്തു. ചെറുകഥയിൽ നേടിയ വിജയം നോവൽ രംഗത്തു പ്രവേശിക്കുവാൻ അവർക്കു ധൈര്യം പകർന്നു. കാലത്തിന്റെ പ്രേരണകൾക്കും ജനങ്ങളുടെ അന്തഃപ്രേരണകൾക്കുമനുസരിച്ച് മൂല്യങ്ങളെ പുനഃപരിശോധിക്കുന്നതിന് സമർഥമായ നോവൽ സൃഷ്ടിക്കുമെന്ന കാര്യത്തിൽ അവർ ദൃഢപ്രതിജ്ഞരായിരുന്നു. സമൂഹത്തെ അപഗ്രഥിക്കുന്നതിന് മാർക്സിസം അവർക്കു നൂതനോപകരണങ്ങൾ സംഭാവന ചെയ്തു. ഫ്രോയഡിയൻ മനശ്ശാസ്ത്രം വിവിധ പടലങ്ങളുള്ള മനുഷ്യമനസ്സിന്റെ ഉള്ളറകളിലേക്കു തുളച്ചിറങ്ങാനുള്ള ശക്തി സാഹിത്യകാരന്ന് പ്രദാനം ചെയ്തു. ജാതിവ്യവസ്ഥയിൽ നിന്നും വൈദേശിക മേധാവിത്വത്തിൽ നിന്നും ജന്മിത്തത്തിന്റെ ചട്ടക്കൂട്ടിൽ നിന്നും മനുഷ്യനെ വിമോചി പ്പിക്കാനുള്ള ഗാന്ധിജിയുടെ ആഹ്വാനം ഇന്ത്യൻ ജനതയെയും സാഹിത്യ കാരന്മാരെയും ആലസ്യത്തിൽ നിന്ന് ഉണർത്തി. എങ്കിലും അവരിൽ ഉൽപതിഷ്ണുക്കൾ പ്രചോദനം കൈക്കൊണ്ടത് അധ്വാനിക്കുന്ന ജനവർഗത്തിന്റെ വിമോചനമെന്ന സ്വപ്നത്തെ സാക്ഷാ ൽക്കരിച്ച റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിൽ നിന്നായിരുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യത്തോടൊപ്പം സാമ്പത്തിക സ്വാതന്ത്ര്യവും ഉറപ്പുവരുത്തുവാൻ സോഷ്യ ലിസ്റ്റ് മാർഗത്തിനേ കഴിയൂ എന്നു അവർ വിശ്വസിച്ചു. വിപ്ലവവീര്യം മുറ്റിനിന്ന കേരളീയ സാഹിത്യ കാരന്മാരുടെ മേൽ വടക്കേ ഇന്ത്യയിൽ ഹരീന്ദ്രനാഥ ചതോപാധ്യായയുടെയും പ്രേംചന്ദിന്റെയും നേതൃത്വത്തിൽ ശക്തി നേടിയ പുരോഗമനസാഹിത്യ പ്രസ്ഥാനം നിർണായ കമായ സ്വാധീനം ചെലുത്തി. പുരോഗമനസാഹിത്യപ്രസ്ഥാനത്തിൽപെട്ട പുതിയ സാഹിത്യകാരന്മാർക്ക് അത്യന്താപേക്ഷിതമായ ധൈഷണിക ശക്തി പ്രദാനം ചെയ്തത് പണ്ഡിതാഗ്രേസരന്മാരായിരുന്ന കേസരിയും എം.പി. പോളുമായിരുന്നു. പുതിയ ഘട്ട ത്തിന്റെ ചൈതന്യത്തിന്നും പ്രേരണയ്ക്കും അനുരോധമായി സാമൂഹ്യനോവലിനെ പാക പ്പെടുത്തുന്നതിന് പുരോഗമന ചിന്തകരായ ചെറുകഥാകൃത്തുക്കൾക്ക് വൈഷമ്യമുണ്ടായില്ല.

## മലയാള നോവലിന്റെ നവോത്ഥാനം

**മുഹമ്മദ് ബഷീർ**

മലയാളനോവലിന്റെ ദ്വിതീയഘട്ടം അഥവാ നവോത്ഥാനകാലം നാല്പതുകളിൽ ആരംഭിക്കുന്നു.ബഷീറിന്റെ ബാല്യകാലസഖിയുടെയും (1944), പി.കേശവദേവിന്റെ ഓടയിൽ നിന്ന് (1944) എന്ന കൃതിയുടെയും പ്രസിദ്ധീകരണത്തോടെ, ആരംഭിച്ച ഈ ഘട്ടം അറുപതുകളുടെ മധ്യം വരേക്കും നീളുന്നു. ബാല്യകാലസഖിയും ഓടയിൽ നിന്നും രൂപ പക്ഷത്ത്, സോഷ്യലിസ്റ്റു റിയലിസ്റ്റു സ്കൂളിൽ പെട്ട ചെറുകഥയുടെ വ്യാപന മായിരുന്നു വെന്ന് വ്യക്തമാണ്. മുഹമ്മദ് ബഷിറിന്റെ പ്രഖ്യാത കൃതികളാണ് എന്റുപ്പാപ്പാ ക്കൊരാനെണ്ടാർന്നു (1953), മതിലുകൾ (1965), പാത്തുമ്മയുടെ ആട് (1959), ശബ്ദങ്ങൾ (1948), മരണത്തിന്റെ നിഴലിൽ(1951), ആനവാരിയും പൊൻ കുരിശും (1950), മാന്ത്രികപ്പൂച്ച (1968) എന്നിവ. ഓരോന്നിനെയും ബഷീറിന്റെ അനന്യ വ്യക്തിത്വവും ശൈലിയും അപൂർവ്വ സുന്ദരമാക്കുന്നു. ഓരോന്നും ചെറുതും അനുഭൂതി സാന്ദ്രവും സൂക്ഷ്മസംവേദന കൗശലത്തിന്റെ നിദർശനവുമാണ്. ഭാവത്തിലും രൂപത്തിലും ഓരോന്നും മറ്റൊന്നിൽ നിന്നും വ്യത്യസ്തമാണ്. 'ബാല്യകാലസഖി' വിഷാദാത്മകമാണെങ്കിൽ എന്റുപ്പാപ്പാക്കൊരാനെ ണ്ടാർന്നു പ്രസാദാത്മകമാണ്. ജന്മികൾക്ക് സമൂഹത്തിലെ താണ വർഗത്തിന്റെ മേലുള്ള അധികാരം വേഗത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ക്ഷയിച്ച ജന്മിത്തറവാടുകളുടെ മിഥ്യാഭിമാനത്തെ ഇതിൽ നോവലിസ്റ്റു ഭാവനാപൂർവ്വം പരിഹസിക്കുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് ജോലികിട്ടാതെ തെണ്ടിനടന്ന അശരണയുവാക്കളിലൊരാളുടെ നിസ്സഹായതയെ ശക്തിയായി പ്രകാശിപ്പിക്കുന്നു ശബ്ദങ്ങൾ. അക്കാലത്ത് കേരളീയ സമൂഹത്തെയും സംസ്കാരത്തെയും കാർന്നുതിന്നുകൊണ്ടിരുന്ന ആയിരമായിരം തിന്മകൾക്കെതിരെ വിരൽ ചൂണ്ടുവാൻ ഈ ഗ്രന്ഥത്തിനു കഴിഞ്ഞു. 'മരണത്തിന്റെ നിഴലിൽ' അതിന്റെ ദർശനധ്വനികൊണ്ടു ശ്രദ്ധേയമാണ്. 'മാന്ത്രികപ്പൂച്ച' ഹാസ്യാത്മകകൃതിയാണ്. ആത്മകഥാപരമായ 'പാത്തുമ്മയുടെ ആട്' എന്ന കൃതിയുടെ പേലവ സൗന്ദര്യവും ഭാവാത്മകചാരുതയും അവ്യാഖ്യേയമാണ്. മലയാളത്തിൽ ഇതിനു സമാനമായി മറ്റൊരു

കൃതിയില്ല തന്നെ. നർമരസികതയുടെയും കരുണത്തിന്റെയും അസുലഭമായ സമ്മേളനമാണ് 'മതിലുക'ളിൽ അനുഭവവേദ്യമാകുന്നത്. അത് ഏകകാലത്തു യഥാതഥവും ദാർശനികവു മാണ്.കാല്പനികവും ഇന്ദ്രിയപരവുമാണ്. തടവുകാരനായ കഥാനായകൻ തുറുങ്കിന്റെ മതിലിന്നപ്പുറത്തു പാർക്കുന്ന തടവുകാരിയുടെ ഗന്ധം ആസ്വദിച്ച് ലഹരി പിടിച്ചു കഴിയുന്നു. സ്വാതന്ത്ര്യം മൂലം അവളുടെ ഗന്ധ സാന്നിധ്യം പോലും നഷ്ടപ്പെടാനിടയാവരുതെന്ന് അയാൾ ആഗ്രഹിക്കുന്നു. ജീവിതഗന്ധത്തിൽ നിന്നും മോചനം നൽകുന്ന സ്വാതന്ത്ര്യം ആർക്കാണു വേണ്ടത്? ആനവാരി രാമൻനായരുടെയും സുഹൃത്തുക്കളുടെയും കഥകൾ മലയാളികളെ രസിപ്പിച്ചു.നർമവും കരുണവും കവിതയുടെ ആന്തരധ്വനിയുമുള്ള ബഷീറിന്റെ ശൈലിയുടെ സംവേദന ശക്തിയും ധ്വനനസമർഥതയും നിരുപമമാണ്.

**പി.കേശവദേവ്.**

മലയാളത്തിലെ നവോത്ഥാനനോവലെന്ന ശബ്ദമഹാമന്ദിരം സൃഷ്ടിച്ച പഞ്ചമഹാശിൽപികളാണ് ബഷീർ, ദേവ്, തകഴി, പൊറ്റെക്കാട്ട്, ഉറൂബ് (പി.സി. കുട്ടിക്കൃഷ്ണൻ) എന്നിവർ. 'ബാല്യകാലസഖി'യെപ്പോലെ 'ഓടയിൽ നിന്ന്' എന്ന നോവലും ഈ സാഹിത്യശാഖയിൽ പുതിയ ഒരു യുഗത്തെ ഉദ്ഘാടനം ചെയ്യുകയായിരുന്നു. ദേവിന്റെ ശൈലിക്ക് ശക്തിയും പൗരുഷവുമുണ്ട്.റൗഡി (1958), നടി (1951), ഉലക്ക (1958) എന്നിവ സാമൂഹ്യവിമർശമെന്ന നിലയിൽ ശക്തങ്ങളാണ്. ഭാവതീവ്രതയിലും ശൈലിയുടെ ശക്തിയിലും 'ഓടയിൽ നിന്ന്' 'ഭ്രാന്താലയം' (1949), 'അയൽക്കാർ' (1963) എന്നിവ മറ്റു കൃതികളെ ബഹുദൂരം പിന്നിലാക്കുന്നു. ഇന്ത്യാ വിഭജനത്തെത്തുടർന്നുണ്ടായ വർഗീയ ലഹളയാണ് 'ഭ്രാന്താലയ'ത്തിലെ മുഖ്യ പ്രതിപാദ്യം. ആ ചരിത്രഘട്ടത്തിന്റെ ദുരന്തഭാവത്തെയും വൈരുധ്യത്തെയും ഈ നോവൽ ഏതാണ്ടു പൂർണമായും സംവഹിക്കുന്നു. ഒരു കേരളീയ ഗ്രാമത്തെയും അവിടെയുള്ള നായർ ഈഴവ ക്രൈസ്തവ സമൂഹങ്ങളുടെ വികാസപരിണാമങ്ങളെയും ചിത്രീകരിക്കുന്ന മഹാകാവ്യോപമമായ ഒരു സാമൂഹ്യനോവലാണ് 'അയൽക്കാർ'. ഈ നോവലിലെ കഥാപാത്രങ്ങൾക്ക് തെളിവും മിഴിവുമുണ്ട്.സാമൂഹ്യവിശകലനം സമഗ്രവും

സർവ്വതലസ്പർശിയുമാണ്. ദേവ് കേരളത്തിലെ താണ വർഗത്തോടു സഹതപിച്ചു. തന്റെ നോവലുകളെ അവരുടെ ആത്മരോദനങ്ങളെയും വിമോചനാഭിവാഞ്ഛയെയും പകർത്തുന്ന ശക്തമായ നോവലുകൾ കേരളത്തിലെ അധ്വാനിക്കുന്ന വർഗത്തിന്റെ ധാർമിക പൗരുഷത്തെ വളർത്തി, അവരിൽ ആത്മാഭിമാനവും ധീരതയും പകർന്നു.

**തകഴി**

തകഴി ശിവശങ്കരപിള്ളയെ പ്രേം ചന്ദ്, യശ്പാൽ, മുൽക്ക് രാജ് ആനന്ദ് തുടങ്ങിയവരുമായി താരതമ്യപ്പെടുത്തുന്നതിൽ അനൗചിത്യമില്ല. മുപ്പതുകളിൽ തന്നെ അദ്ദേഹം നോവൽ രചനയിലേൽപ്പെട്ടു. എങ്കിലും ആ പ്രാരംഭശ്രമങ്ങൾ വേണ്ടത്ര വിജയിച്ചില്ല. 1948-ൽ തകഴി പ്രസിദ്ധപ്പെടുത്തിയ 'രണ്ടിടങ്ങഴി' പെട്ടെന്ന് ജനശ്രദ്ധ പിടിച്ചെടുത്തു. വിഷയസ്വീകരണത്തിന്റെ പുതുമ കൊണ്ടും പ്രതിപാദനത്തിന്റെ ശക്തി കൊണ്ടും അതു 'ഓടയിൽ നിന്ന്', 'ബാല്യകാലസഖി' എന്നിവയ്ക്കു സമാനമായിരുന്നു; അവയോടൊപ്പം 'രണ്ടിടങ്ങഴി'യും മലയാളനോവലിനെ വിശിഷ്ടഭാരതീയ നോവലിന്റെ തലത്തിലേക്കുയർത്തുന്നതിൽ സഹായിച്ചു. 'രണ്ടിടങ്ങഴി'യിലെ കഥ ലളിതമാണ്. രണ്ടു സുഹൃത്തുക്കൾ. ചാത്തനും കോരനും. അവർ ചിരുതയെ പ്രേമിച്ചു. ചിരുത കോരനെ ഭർത്താവായി തിരഞ്ഞെടുത്തതിൽ ചാത്തൻ പരിഭവിച്ചില്ല. ഭാര്യയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ച ജന്മിയുടെ വിടനായ മകനെ കൊന്ന കുറ്റത്തിനു ജയിലിൽ പോയപ്പോൾ കോരൻ ഗർഭിണിയായ ചിരുതയെ ഏൽപ്പിച്ചത് ചാത്തനെയാണ്. ജയിൽ ശിക്ഷ കഴിഞ്ഞുവരുന്ന കോരനെ ചാത്തൻ സ്വീകരിച്ചു. ചിരുതയെയും മകനെയും അയാളെ ഏല്പിച്ചു. സഹൃദയരെ ആകർഷിക്കുന്ന സുന്ദരമായ ഒരു ജീവിതകഥ. ഇതിനെ അനന്യമാക്കുന്നത് കഥയെ പ്രതിഷ്ഠിച്ചിരിക്കുന്ന സാമൂഹ്യ സാംസ്കാരിക പശ്ചാത്തലത്തിന്റെ ചലനാത്മകതയും, വർഗസമരം അതിനു പകരുന്ന ആവേശവുമാണ്. കോരനും ചിരുതയും ചാത്തനും പുലയരാണ്, 'തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ'. ഇന്ത്യ സ്വതന്ത്രമായതോടെ അവർക്കും ആത്മബോധമുണ്ടായി. മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ കോരനെപ്പോലെയുള്ളവർ വിമോചനത്തിനുള്ള സമരമാരംഭിച്ചു. 'രണ്ടിടങ്ങഴി' മറ്റു ഭാരതീയ ഭാഷാസാഹിത്യകാരന്മാരുടെ ശ്രദ്ധ പിടിച്ചെടുത്തു.

തോട്ടിയുടെ മകൻ (1948) എന്നതിലെ തോട്ടികളായാലും, ചെമ്മീനി (1956) ലെ മുക്കുവരായാലും എവിടെയുമുള്ള മർദ്ദിത വർഗങ്ങൾ തകഴിയുടെ മനസ്സാക്ഷിയെ തട്ടിയുണർത്തുന്നു. അവർ സ്വതന്ത്രരാവണമെന്ന് അദ്ദേഹമാഗ്രഹിച്ചു.

സോഷ്യലിസ്റ്റു റിയലിസ്റ്റു മാർഗമാണ് തകഴിയുടേത്. ദേവിനെപ്പോലെ തകഴിയും സമൃദ്ധമായി എഴുതി. മുകളിൽ പരാമർശിച്ച കൃതികൾക്കു പുറമേ അദ്ദേഹം തലയോട് (1948), നുരയും പതയും (1970), ഏണിപ്പടികൾ (1964), കയർ (1978) മുതലായ കൃതികളും രചിച്ചു. സ്വാതന്ത്ര്യപൂർവ്വ തിരുവിതാംകൂറിന്റെ ഒരു ത്രിമാന രാഷ്ട്രീയ സാമൂഹ്യ ചിത്രമാണ് 'ഏണിപ്പടികൾ'. 'കയർ' മണ്ണിനോടുള്ള മനുഷ്യന്റെ ബന്ധത്തിനു പല തലമുറകൾകൊണ്ടു തിരുവിതാംകൂറിൽ വന്നു ചേർന്ന വികാസപരിണാമങ്ങൾ വരച്ചുകാണിക്കുന്നു. വിസ്തൃതമായ കാലഘട്ടത്തിൽ നിരവധി കഥാപാത്രങ്ങളെ സന്നിവേശിപ്പിക്കാനുള്ള തകഴിയുടെ കഴിവിനെ 'കയർ' വിളംബരം ചെയ്യുന്നു.

**എസ്.കെ.പൊറ്റെക്കാട്ട്**

പൊറ്റെക്കാട്ടു തന്റെ സാഹിത്യജീവിതത്തിന്റെ ആദ്യഘട്ടത്തിൽ പ്രേരണയുൾക്കൊണ്ടത് മാർക്സിസ്റ്റ് തത്ത്വശാസ്ത്രത്തിൽ നിന്നാണ്. എങ്കിലും സാമൂഹ്യ വ്യതിയാനത്തിന് മാർക്സിസ്റ്റു പരിഹാരങ്ങൾ സ്വന്തം കൃതികളിൽ ഒന്നിലും അദ്ദേഹം നിർദ്ദേശിക്കുന്നില്ല. മർദ്ദിതരോടും ദരിദ്രരോടും സഹതപിക്കുകയും അവരുടെ അഭ്യുത്ഥാനം ദേശപുരോഗതിക്കു അത്യനിവാര്യമാണെന്നു വ്യക്തമാക്കുകയും ചെയ്തുവെങ്കിലും സായുധവിപ്ലവത്തിൽ കൂടിയാണ് അതു സാക്ഷാൽക്കരിക്കേണ്ടതെന്ന് അദ്ദേഹത്തിന്നു അഭിപ്രായമുണ്ടായിരുന്നതായി തോന്നുന്നില്ല. ഇന്ത്യാവിഭജനഘട്ടത്തിൽ പൊട്ടിപ്പുറപ്പെട്ട ഹിന്ദു-മുസ്ലീം ലഹള പൊറ്റക്കാട്ടിലുയർത്തിയ വികാരങ്ങൾ 'മൂടുപടം' (1955) എന്ന നോവലായി രൂപം കൊണ്ടു. മനുഷ്യനെ ചങ്ങളക്കെട്ടിലാക്കിയ എല്ലാ സാമൂഹ്യ സാമ്പത്തിക മതഘടനകളെയും പൊറ്റെക്കാട്ട് എതിർത്തു. 1954-ൽ പ്രസിദ്ധപ്പെടുത്തിയ നാടൻ പ്രേമത്തിൽ നിർമലകളായ ഗ്രാമകന്യകകളെ മലിനപ്പെടുത്തിയ തന്ത്രശാലികളായ ധനിക നാഗരിക കുമാരന്മാരോടു പ്രതിഷേധിച്ചു.

മലബാറിലെ കാടുകളിലെ പുതുവൽഭൂമി സ്വന്തമാക്കാൻ പാവപ്പെട്ട തൊഴിലാളരുടെ വിയർപ്പും വേദനയും അധ്വാനവും ഉപയോഗപ്പെടുത്തുന്ന മുതലാളിമാരുടെ ദുഷ്ടതയെയും മണ്ണിന്റെ ഭീകരമായ മാരക സ്വഭാവത്തെയും 'വിഷകന്യക' യിൽ വെളിപ്പെടുത്തി. കാട്ടുമണ്ണെന്ന മരണവുമായി മല്ലിട്ടു കുഴഞ്ഞു വീഴുന്ന നിരവധി മനുഷ്യാത്മാക്കളെ ഈ കൃതിയിൽ കാണാൻ കഴിയുന്നു. നോവലിസ്റ്റെന്നതിനു പുറമേ, പൊറ്റെക്കാട്ടു സഞ്ചാരസാഹിത്യകാരനും ചെറുകഥാകൃത്തും കവിയും പ്രബന്ധകാരനും കൂടിയാണ്. ഈ സിദ്ധികളെല്ലാം തെരുവിന്റെ കഥ (1963), ഒരു ദേശത്തിന്റെ കഥ (1972) എന്നീ വലിയ നോവലുകളുടെ രചനയ്ക്കു അദ്ദേഹം പ്രയോജനപ്പെടുത്തി. സമ്പൂർണ്ണജീവിതങ്ങളുടെ സമ്പൂർണ്ണകഥകളെന്നതിനുപരി നിരവധി ജീവിതങ്ങളടങ്ങിയ തെരുവിന്റെയും ഗ്രാമത്തിന്റെയും സമ്പൂർണകഥകൾ കൂടിയാണിവ. പൊറ്റെക്കാട്ടിന്റെ പ്രകൃഷ്ടകൃതിയെന്നു വിശേഷിക്കപ്പെടുന്ന ഒരു ദേശത്തിന്റെ കഥ (ഇത് ജ്ഞാനപീഠം സമ്മാനം നേടി) ആത്മകഥാപരമാണ്. അതിരാണിപ്പാടമെന്ന കേരളീയ ഗ്രാമത്തിൽ ജനിച്ചുവളർന്ന ശ്രീധരൻ എന്ന നല്ല മനുഷ്യന്റെ കഥയാണിത്. ഇതിൽ നിരവധി കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഇവരെ ഓരോരുത്തരെയും അവരുടേതായ പ്രത്യേകതകൾകൊണ്ട് തരംതിരിച്ചറിയുകയും ഓർമ്മിക്കുകയും ചെയ്യുന്നു. ഹാസ്യ കരുണങ്ങൾ ഈ കൃതിയിൽ അകൃത്രിമമായി സമ്മിളിതമാണ്. അതിരാണിപ്പാടത്തിന്റെ പ്രകൃതിഭംഗി ഹൃദയഹാരിയാണ്; അവിടെ ഭിന്ന സമുദായങ്ങളിൽ പെട്ടവർ സന്തോഷത്തോടെ നിവസിക്കുന്നു. ഓരോ സമുദായത്തിനുമുണ്ട് അതിന്റെ പ്രത്യേകതകൾ. ജീവിതമെന്ന നാടകം; അതിനെ ലയവിന്യാസത്തോടെ, വർണശബളിമയോടെ ശക്തിയായി പകർത്തുകയാണ് പൊറ്റെക്കാട്ട്. ജീവിതത്തിലെ ധാർമികവും അധാർമികവുമായ ശക്തികളെക്കുറിച്ചും, വൈരുധ്യങ്ങളെക്കുറിച്ചും നിഗുഢതകളെക്കുറിച്ചുമെല്ലാം ബോധമുള്ള ഒരു എഴുത്തുകാരനെ നാം ഈ നോവലിൽ കാണുന്നു. ജീവിതത്തിൽ നന്മയാവും ആത്യന്തികമായും വിജയിക്കുന്നതെന്നും മനുഷ്യൻ അടിസ്ഥാനപരമായി നന്മ നിറഞ്ഞവ നാണെന്നും വിശ്വസിക്കുന്ന വലിയ ഒരു ഹ്യൂമനിസ്റ്റാണ് പൊറ്റെക്കാട്ട്. അദ്ദേഹത്തിന്റെ

ശൈലിക്ക് കാല്പനിക ഭാവകാവ്യങ്ങളുടെ വശ്യതയും സംവേദനശക്തിയും സിദ്ധിച്ചിട്ടുണ്ട്.

**ഉറൂബ്**

നവോത്ഥാന നോവലിസ്റ്റുകൾ, സമൂഹത്തിലെ മർദ്ദിത വിഭാഗത്തിന്റെ വിമോചനം തങ്ങളുടെ ജീവിതധർമങ്ങളിലൊന്നായി കണക്കാക്കിയിരുന്നു. സാമുഹ്യവിപ്ലവത്തിനു ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഫലപ്രദമായ ഉപകരണമാണ് സാഹിത്യമെന്നും അവർ വിശ്വസിച്ചിരുന്നു. സാമ്പത്തിക സ്വാതന്ത്ര്യത്തിനുവേണ്ടി സ്ത്രീപുരുഷന്മാർ നിരന്തരം യുദ്ധം നടത്തുന്ന രണവേദിയാവാം ജീവിതം. സാഹിത്യരൂപങ്ങളിൽ നോവലെന്നത് ജീവിതത്തിന്റെ ഗഹനതകളെക്കുറിച്ചോ മനുഷ്യമനസ്സിനെ മഥിക്കുന്ന ദാർശനിക പ്രശ്നങ്ങളെക്കുറിച്ചോ പ്രതിപാദിക്കുന്നില്ലെന്നു വാദിക്കുന്നവരുണ്ട്. ഈ വാദം സാധൂകരിക്കാവുന്നതല്ലെന്നു തെളിയിക്കുന്നു വിശ്വസാഹിത്യത്തിലെ വിശിഷ്ട നോവലുകൾ.കേശവദേവിന് മനുഷ്യസ്വാതന്ത്ര്യമായിരുന്നു ജീവൽപ്രാധാന്യമർഹിക്കുന്ന വിഷയം. മനുഷ്യജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിൽ പ്രകൃതിയിലെയും ചരിത്രത്തിലെയും ശക്തികൾക്കു വലിയ പങ്കുണ്ടെന്ന് തകഴി വിശ്വസിച്ചു. ജീവിതത്തെ ബഷീർ വലിയ ഒരു പ്രഹേളികയായി കണ്ടു. മരണത്തിന്റെ നിഴലിലുള്ള മനുഷ്യജീവിതത്തെ എങ്ങനെ സ്വാർത്ഥകമാക്കാമെന്ന് അദ്ദേഹം ആരാഞ്ഞു. പൊറ്റെക്കാട്ട് മനുഷ്യന്റെയും നന്മയുടെയും അത്യന്തിക വിജയത്തിൽ വിശ്വാസമർപ്പിച്ചു. പി.സി.കുട്ടിക്കൃഷ്ണൻ മനുഷ്യനെ നിരവധി മോഹങ്ങളും അനേകം പരാജയങ്ങളുമുള്ള സാമൂഹ്യ ജീവിയായും സൗന്ദര്യസമ്പന്നനായ ധാർമിക പുരുഷനായും കണ്ടു.

തുടക്കത്തിൽ ഉറൂബ് ഗ്രാമീണരുടെ നൈസർഗിക മാനുഷികതയെക്കുറിച്ചെഴുതി. തിന്മയുമായി ഏറ്റുമുട്ടുന്ന മനുഷ്യൻ അടിസ്ഥാനപരമായി നന്മയുള്ളവനാണ്. ശക്തമായ ഭാവനയുള്ളവർക്കേ മനുഷ്യഹൃദയത്തിലേക്കു തുളച്ചിറങ്ങി അതിന്റെ രഹസ്യാത്മകതയെ കണ്ടെത്താനാവൂ. ഉറൂബിന്റെ 'ഉമ്മാച്ചു' (1954) കുറ്റത്തിന്റെയും

ശിക്ഷയുടെയും സഹനത്തിന്റെയും സഹിഷ്ണുതയുടെയും പഠനം കൂടിയാണ്. 1958–ൽ എഴുതിയ 'മിണ്ടാപ്പെണ്ണി'ൽ ഉറൂബ് പരമ്പരാഗത മനോഭാവവും കച്ചവട മനോഭാവവും തമ്മിലും, ഗ്രാമീണ നാഗരിക വീക്ഷണങ്ങൾ തമ്മിലുമുള്ള സംഘട്ടനങ്ങളെ വ്യഞ്ജിപ്പിച്ചിരിക്കുന്നു. ഉറൂബിന്റെ നോവൽലോകത്തിലെ കേന്ദ്രകഥാപാത്രം സർവ്വംസഹയായ സ്ത്രീയാണ്. അങ്ങനെയുള്ള സ്ത്രീകളാണ് 'മിണ്ടാപ്പെണ്ണി'ലെ കുഞ്ഞുലക്ഷ്മിയും 'ഉമ്മാച്ചു' വിലെ ഉമ്മാച്ചുവും 'സുന്ദരികളും സുന്ദരന്മാരും' (1958) എന്ന നോവലിലെ രാധയും. 'അയൽക്കാരി'ലെ സ്വന്തം മകനുവേണ്ടി മരിക്കുന്ന ദേവകിയും 'ബാല്യകാലസഖി'യിലെ സുഹ്രയും ഏണിപ്പടികളിലെ കാർത്ത്യായനിയുമേ മലയാള സാഹിത്യത്തിൽ ഇവർക്കു സമാനരായുള്ളൂ. അമ്മിണി (1972) സ്വന്തം കാമുകന്റെ കൈകൊണ്ടു മരിക്കുന്ന ഒരു സങ്കീർണ കഥാപാത്രങ്ങളെക്കുറിച്ചുള്ള മനശ്ശാസ്ത്രപരമായ പഠനമാണ്. സഫലമാവാത്ത പ്രേമത്തെക്കുറിച്ചുള്ള ദൃഢനിബദ്ധമായ നോവലാണ് 'അണിയറ' (1967). ഉറൂബിന്റെ പ്രകൃഷ്ടകൃതി 'സുന്ദരികളും സുന്ദരന്മാരു'മാണ്. മനുഷ്യൻ തനിമയെ സാക്ഷാൽക്കരിക്കുവാൻ നടത്തുന്ന അന്വേഷണത്തിന്റെ കഥയാണിത്.

**മറ്റു നോവലിസ്റ്റുകൾ**

മലയാള നവോത്ഥാനനോവലുകളെ സമ്പന്നമാക്കിയ കൃതികളെന്ന നിലയിൽ പ്രസ്താവ്യങ്ങളാണ് കൈനിക്കര പദ്മനാഭപിള്ളയുടെ 'ഒഴുക്കുകൾ' (1953), ജോസഫ് മുണ്ടശ്ശേരിയുടെ 'കൊന്തയിൽ നിന്നു കുരിശിലേക്ക്' (1953), വെട്ടൂർ രാമൻ നായരുടെ 'ജീവിക്കാൻ മറന്നുപോയ സ്ത്രീ' (1952), നാഗവള്ളി ആർ.എസ്.കുറുപ്പിന്റെ 'തോട്ടി' (1947) എന്നിവ. സാമൂഹ്യ നോവലുകളോടൊപ്പം, മനശ്ശാസ്ത്രപരമായ നോവൽ, ബോധധാരാ നോവൽ തുടങ്ങിയവയും നവോത്ഥാനനോവലിനെ സമ്പന്നമാക്കി.

സഹജമായ നർമബോധത്തോടും സമൂഹഘടനയെക്കുറിച്ചുള്ള ഉൾക്കാഴ്ചയോടും കൂടി ഇ.എം. കോവൂർ രചിച്ച കാട് (1964), കൊടുമുടികൾ (1968), മലകൾ (1970) എന്നീ

നോവലുകളിൽ ക്രൈസ്തവ മധ്യവർഗത്തെ സമഗ്രമായും ശക്തിയായും ചിത്രീകരിച്ചിരിക്കുന്നു. ഗുഹാജീവികളിൽ (1975) ഭാരതത്തിന്റെ പുറത്തു വസിക്കുന്ന കേരളീയരുടെ അന്യതാബോധത്തെ അദ്ദേഹം പകർത്തുന്നു. ജി.വിവേകാനന്ദന്റെ 'കള്ളിച്ചെല്ലമ്മ' (1965) സ്വന്തം സമൂഹത്തിൽ പെട്ടവരുടെ ക്രൂരമായ പീഡനത്തിനു വിധേയയാകുന്ന താഴേക്കിടയിൽ പെട്ട ഒരു യുവതിയുടെ ദുഃഖകഥ പറയുന്നു. മാർക്സിസ്റ്റായ ചെറുകാട് രചിച്ച 'മുത്തശ്ശി' (1959),'ശനിദശ' (1959), മണ്ണിന്റെ മാറിൽ (1954) തുടങ്ങിയവ സോഷ്യലിസ്റ്റു റിയലിസ്റ്റു രീതിയിൽ ഉൾപ്പെടുന്നു. ജന്മിവ്യവസ്ഥ തീർത്ത ചങ്ങലക്കെട്ടുകളിൽ പെട്ട മനുഷ്യന്റെ കഥയാണ് 'മണ്ണിന്റെ മാറിൽ'. വിവിധ വകുപ്പുകളിൽ പെട്ട നോവലുകൾ രചിച്ചിട്ടുണ്ട് മലയാറ്റൂർ രാമകൃഷ്ണൻ. 'യക്ഷി' (1967) മനശ്ശാസ്ത്രപരമായ നോവലാണ്. ഗൃഹാതുരത്വമാണ് വേരുകളിലെ (1966) അന്തർഭാവം. ഉറൂബും തകഴിയും സൃഷ്ടിച്ച മഹാകാവ്യോപമ നോവൽ ശാഖയിൽ പെടുന്ന യന്ത്രം (1967) സർക്കാർ ഭരണയന്ത്രത്തിന്റെ പ്രവർത്തനത്തെ വിശദമാക്കുന്നു. കോവിലൻ, പാറപ്പുറത്ത്, ഏകലവ്യൻ, വിനയൻ, നന്തനാർ എന്നിവർ പട്ടാളക്കഥയെഴുതുന്നവരാണ്. പക്ഷേ കോവിലനും പാറപ്പുറത്തും പട്ടാളക്കഥകൾക്ക് അപ്പുറമായി വളർന്നവരാണ്.

ബോധധാരാസങ്കേതമുപയോഗിച്ച് ആദ്യ നോവൽ രചിച്ചുവെന്ന ബഹുമതി അർഹിക്കുന്നു പോഞ്ഞിക്കര റാഫി . ഒരു ബാലന്റെ ഓർമകളിൽ ഒരു ജനസമൂഹത്തിന്റെ പാരമ്പര്യത്തെ തെരയുന്ന സ്വർഗദൂതൻ (1958) പ്രതീകങ്ങളെയും വാക്കുകളുടെ സംഗീതത്തെയും സർത്ഥമായി പ്രയോജനപ്പെടുത്തിക്കൊണ്ട് നൂതനമായ നോവൽ രചനാസമ്പ്രദായത്തിന് മാതൃക തീർത്തു.കെ.സുരേന്ദ്രന്റെ നോവലുകളുടെ മാർഗം സോഷ്യലിസ്റ്റ് റിയലിസത്തിന്റേതെന്നതിനുപരി മനശ്ശാസ്ത്രപരമായ റിയലിസത്തിന്റേതായിരുന്നു. സുരേന്ദ്രൻ മനുഷ്യരെ വികാരങ്ങളുടെ അടിമകളായി ചിത്രീകരിച്ചു. അദ്ദേഹത്തിന്റെ താളം (1960), മായ (1961), കാട്ടുകുരങ്ങ് (1952), ശക്തി(1970), മരണം ദുർബലം (1972) എന്നിവ കാണിക്കുന്നതു ജീവിതമെന്നത് ഈഗോയും സൂപ്പർ ഈഗോയും തമ്മിലും, സുബോധവും വികാരവും തമ്മിലുള്ള മൽസരമെന്നാണ്. മനുഷ്യമനസ്സിനോടുള്ള സുരേന്ദ്രന്റെ സമീപനം സത്യസന്ധമാണ്.

**കോവിലനും പാറപ്പുറത്തും**

സമൂഹത്തിലും അനുസ്യൂതമായി സംസ്കാര രംഗത്തും വന്നുചേർന്നു കൊണ്ടിരിക്കുന്ന പരിവർത്തനങ്ങളെ സ്പർശിനികൾ കൊണ്ടെന്നപോലെ മുൻകൂട്ടി അറി യുവാൻ കഴിഞ്ഞു കോവിലനും പാറപ്പുറത്തിനും. മനുഷ്യസമൂഹം നിലനിൽക്കണമെങ്കിൽ, പാരമ്പര്യാധിഷ്ഠിതങ്ങളായ മൂല്യങ്ങൾ ശക്തിപ്പെട്ടേ മതിയാവൂ; എന്നാൽ പരിണാമവിധേയമായിക്കൊണ്ടിരിക്കുന്ന സാംസ്കാരിക പരിതോവസ്ഥയിൽ, ചിരകാലമായി ഗ്രാമീണസമൂഹങ്ങൾ പാലിച്ചു പോന്നിട്ടുള്ള ജീവിതമൂല്യങ്ങൾ ധിക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്നുവെന്ന സത്യത്തെ നിരാകരിക്കാനും നിവൃത്തി യു ണ്ടായിരുന്നില്ല. ഘടന യിലും മൂല്യപരിപ്രേക്ഷ്യത്തിലും നാഗരിക ഗ്രാമീണ സമൂഹങ്ങളിൽ നിന്നും വ്യതിരിക്ത മായിരുന്ന സൈനികസമൂഹത്തിൽ നിന്നും സിദ്ധിച്ച നൂതനാനുഭവങ്ങൾ ജീവിതത്തെ നവമായ വീക്ഷണത്തിൽ ദർശിക്കുവാനും കോവിലനെയും പാറപ്പുറത്തിനെയും സഹാ യിച്ചു. ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കു പറിച്ചുമാറ്റപ്പെടുന്നവർക്ക് സ്വന്തം വേരുകൾ നഷ്ടപ്പെടുന്നു. പുതിയ വേരുകൾ പായിക്കാനുള്ള മണ്ണ് അവർ കണ്ടെ ത്തുന്നുമില്ല. വിമാനവീകൃതരാകുന്ന ഈ മനുഷ്യജീവികൾ നഷ്ടപ്പെട്ട പാരമ്പര്യമൂല്യങ്ങൾ ലഭിക്കുവാൻ കഴിയാതെ ഗൃഹാതുരത്വത്തോടെ നെടുവീർപ്പെടുന്നു. 'നിണമണിഞ്ഞ കാൽപ്പാടുകൾ' (1955), 'അന്വേഷിച്ചു കണ്ടെത്തിയില്ല' (1958) എന്നീ നോവലുകളിൽ പാറപ്പുറത്തു നഷ്ടപ്പെട്ട സ്വർഗത്തെ ഓർത്തു ദുഃഖിക്കുന്നു. അദ്ദേഹത്തിന്റെ 'പണി തീരാത്ത വീട്' മനുഷ്യപ്രയത്നത്തിന്റെ അപൂർണതയെയും ആശിക്കുന്ന നന്മ ചെയ്യാൻ കഴിയാത്തതിൽ ഉള്ളു നീറുന്ന മനുഷ്യാത്മാവിന്റെ വേദനയെയും ധ്വനിപ്പിക്കുന്നു. ശാശ്വതമെന്ന് വിചാരിച്ചു പോരുന്ന ക്രൈസ്തവസംസ്കാരം തലമുറകളായി പാലിച്ചുപോന്ന മൂല്യങ്ങളുടെ തകർച്ചയിൽ വേദന പൂണ്ട് ജീവിതത്തിന്റെ നിരർത്ഥകതയെ മുന്നിൽ കണ്ടറിഞ്ഞ് തളർന്നുവീണു മരിക്കുന്ന ഒരു വയോവൃദ്ധന്റെ ഹൃദയഹാരിയായ കഥ, ബോധധാര സങ്കേതത്തിൽ കൂടി അവതരിപ്പിക്കുന്നു 'അരനാഴികനേരം' (1967). 1980-ൽ പാറപ്പുറത്തു രചിച്ച 'ആകാശത്തിലെ പറവകൾ' രണ്ടു

കരുത്തുറ്റ കഥാപാത്രങ്ങളിൽ കൂടി രണ്ടു തലമുറകളിൽ ക്രിസ്ത്യാനികളും നായന്മാരും ഈഴവരും മറ്റു ജാതിക്കാരും തിങ്ങിത്താമസിക്കുന്ന ഒരു ഗ്രാമത്തിന് വന്നുചേർന്ന വളർച്ചയെ വരച്ചുകാണിക്കുന്നു. അരനാഴികനേരത്തിലെന്നതുപോലെ ആകാശത്തിലെ പറവകളിലും ജീവിതത്തിന്റെ നിരർത്ഥകതയെ പാറപ്പുറത്ത് പ്രകാശിപ്പിക്കുന്നു. എ മൈനസ് ബി (1958), താഴ്‌വര (1969), ഏഴാമെടങ്ങൾ (1965) എന്നീ നോവലുകളിൽ കോവിലൻ പട്ടാളജീവിതം മനുഷ്യനെ, എങ്ങനെ ധൂളിയാക്കുന്നുവെന്ന് വ്യക്തമാക്കുന്നു.

കാലത്തിനോ സമൂഹത്തിനോ വന്നു ചേരുന്ന മാറ്റങ്ങളെക്കുറിച്ചു ബഹുജനങ്ങൾക്കോ അവർക്കു പ്രിയങ്കരരായ നോവലിസ്റ്റുകൾക്കോ ബോധ്യമുണ്ടാവണമെന്നില്ല. സാമാന്യ ജനതയുടെ നോവലിസ്റ്റുകൾ നാട്ടിൽ നടക്കുന്നതെന്തെന്നറിയാതെ അനുവാചകഹൃദയ ങ്ങളിൽ വികാരങ്ങളുണർത്തി അവരെ രസിപ്പിച്ചുകൊണ്ടിരുന്നു. മുട്ടത്തു വർക്കി, കാനം ഈ.ജെ., മൊയ്തു പടിയത്ത് തുടങ്ങിയവരുടെ ഭാഷ സരളമാണ്; ഇതിവൃത്തങ്ങൾ അനുവാചക ജിജ്ഞാസയെ ഉണർത്തുകയും സംതൃപ്തിപ്പെടുത്തുകയും ചെയ്യുന്നു. എസ്.കെ.മാരാർ, പെരുമ്പടവം ശ്രീധരൻ, ജി.എൻ.പണിക്കർ, പുത്തൂർ ഉണ്ണിക്കൃഷ്ണൻ, ജോർജ് ഓണക്കൂർ, സാറാ തോമസ്, ജോസഫ് വൈറ്റില, ജോസഫ് കുന്നശ്ശേരി, പമ്മൻ, ജോസഫ് മറ്റം, വി.ടി.നന്ദകുമാർ, അയ്യനേത്ത്, കെ.എം.ജോസഫ്, ടി.കെ.സി വടുതല, മാധവ്, ടി.വി.വർക്കി തുടങ്ങിയവരുടെ നോവലുകൾ രസപ്രദങ്ങളെന്നപോലെ വിമർശാത്മ ങ്ങളുമാണ്. എൻ.ജി.ഒ. മാരുടെ വേദനയും നിസ്സഹായതയും വെളിപ്പെടുത്തുന്ന കൃതികളെന്ന നിലയിൽ ഇ.വാസുവിന്റെ നോവലുകൾ ശ്രദ്ധേയങ്ങളാണ്.

**നോവൽ പഠനങ്ങൾ**

**ഇന്ദുലേഖ**

മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവലും ആദ്യത്തെ സാമൂഹിക നോവലുമാണ് ഇന്ദുലേഖ. സാഹിത്യസൃഷ്ടി എന്ന നിലയിൽ അതു നിലനിർത്തുന്ന മികവും, കേരളത്തിന്റെ സാഹിത്യചരിത്രത്തിനും മലയാളത്തിന്റെ സാഹിത്യചരിത്ര ത്തിനും വെളിച്ചം പകർന്നുകൊണ്ടും, കാലത്തിന് ഏറെ മുൻപേ നടന്നു എന്ന പ്രത്യേക

തയും അതിന്റെ സമകലാകിപ്രസ്തിക്കു കാരണമായി നിലകൊള്ളുന്നു. സാഹിത്യം ഒരു സാമൂഹികോത്പന്നം എന്ന നിലയിൽ വിലയിരുത്തപ്പെടേണ്ടതാണെന്ന ചിന്ത കേരളത്തിലേയ്ക്കു കടന്നുവന്നതിനു മുമ്പുതന്നെ ആ സത്യം സ്വയം വിളംബരം ചെയ്തു എന്നത് ഇന്ദുലേഖയുടെ ഏറ്റവും വലിയ പ്രത്യേകതയാണ്. 1889 ആഗസ്റ്റിലാണ് ഈ നോവൽ എഴുതി പൂർത്തിയാക്കുന്നത്.

നോവലിന്റെ രചനാപശ്ചാത്തലത്തെക്കുറിച്ച് ഒന്നാം പതിപ്പിന്റെ മുഖവുരയിൽ സാമാന്യം ദീർഘമായിത്തന്നെ വിവരിച്ചിട്ടുണ്ട്. നോവലുകൾ വായിച്ചു കേൾക്കാൻ താത്പര്യമുള്ള പ്രിയജനത്തിന്റെ സമ്മർദ്ദം 'ഇന്ദുലേഖ'യുടെ രചയ്ക്ക് പ്രേരണയായിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ഈ നോവലിന്റെ ഇതിവൃത്തം വളരെ സരളമാണ്; ആഖ്യാനമാകട്ടെ ഋജുവും. 'വീട്ടിൽ സംസാരിക്കുന്ന ഭാഷ'യിൽ ഈ കഥ പറയണം എന്ന ഗ്രന്ഥകാരന് നിർബന്ധം ഉണ്ടായിരുന്നു. സമകാലിക സമൂഹത്തിൽ നിന്നുതന്നെ ചന്തുമേനോൻ നോവലിന്റെ കഥാബീജം കണ്ടെത്തി.

ജീർണ്ണമായ ജന്മിത്വവ്യവസ്ഥതിതിയുടെ പ്രാതിനിധ്യം വഹിക്കുന്ന തറവാട്ടുകാരണവരാണ് പഞ്ചുമേനോൻ. അംഗസഖ്യയും ധനപുഷ്ടിയും ഒരേമട്ടിൽ അനുഗ്രഹിച്ച കുടുംബമാണ് പൂവള്ളി. കാരണവരായ പഞ്ചുമേനോൻ അഭിമാനിയാണ്. ആശ്രിതവത്സലനും ശുദ്ധനും ദയാനിധിയുമാണ്. പക്ഷേ കാലഹരണപ്പെട്ട മാടമ്പിത്തവും പ്രായാധിക്യവും ചേർന്ന് ഇദ്ദേഹത്തെ ക്രോധശീലനാക്കിയിരിക്കുന്നു. തന്റെ മനോഭാവത്തിനു വിരുദ്ധമായി ആരെങ്കിലും ചിന്തിക്കുന്നതുപെലും ആ വൃദ്ധൻ സഹിക്കുകയില്ല. അദ്ദേഹത്തിന്റെ ദൗഹിത്രി ഇന്ദുലേഖയും അനന്തരവൻ മാധവനും ആണ് ഈ നോവലിലെ പ്രധാന കഥാപാത്രങ്ങൾ. അക്കാലത്തെ മലയാളിപ്പെൺകുട്ടികൾക്ക് സ്വപ്നം കാണുക പോലും പറ്റാത്ത വിദ്യാഭ്യാസമാണ് ഇന്ദുലേഖയ്ക്ക് അവളുടെ വത്സലമാതുലൻ നൽകിയത്. തനിക്ക് ലഭിച്ച ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ നന്മ അവൾക്ക് ആവശ്യമായ തന്റേടവും വിവേകവും നൽകി. നിയമബിരുദം നേടിയ മാധവനെ അവൾ മനസ്സുകൊണ്ട് വരിക്കുകയും ചെയ്തിരുന്നു. കാരണവർക്കും ആ ബന്ധം സമ്മതം തന്നെ ആയിരുന്നു.

എന്നാൽ അപ്രതീക്ഷിതമായിട്ടാണ് പരിഭവത്തിന്റെ ആദ്യത്തെ നിഴൽ പരക്കാൻ തുടങ്ങിയത്. തറവാട്ടിലെ ഒരംഗമായ ശിന്നനെ ഇംഗ്ലീഷ് പഠിപ്പിക്കണം എന്ന് മാധവന് നിർബന്ധബുദ്ധി ഉദിച്ചു. എല്ലാ അനുസരണക്കേടിന്റെയും കാരണം ഇംഗ്ലീഷാണ് എന്നു ശഠിച്ച പഞ്ചുമേനോനാകട്ടെ ഇതിനെതിരായി നിന്നു. പക്ഷേ മാധവൻ, ശിന്നനെ മദിരാ

ശിക്ക് കൂട്ടിക്കൊണ്ടുപോയി. ഉറഞ്ഞുതുള്ളിയ കാരണവർ, ഇന്ദുലേഖയെ മാധവനു വിവാഹം കഴിച്ചുകൊടുക്കില്ല എന്നു ശഠിച്ചു.

പഞ്ചുമേനോന്റെ മകളാണ് ലക്ഷ്മിക്കുട്ടി. ഇന്ദുലേഖയുടെ അമ്മ. അവരുടെ രണ്ടാം ഭർത്താവ് ശുദ്ധഗതിക്കാരനായ ഒരു നമ്പൂതിരിയാണ്-കറുത്തേടം. അദ്ദേഹം കാരണവരോട് സംസാരിച്ചതിനിടയിൽ ഇന്ദുലേഖയുടെ വിവാഹവും ചർച്ചാവിഷയമായി. കണ്ണേഴി മൂർക്കില്ലത്ത് സൂരിനമ്പൂതിരിപ്പാട് എന്ന മദ്ധ്യവയസ്കൻ മഹാജന്മിയെ ഇന്ദുലേഖയുടെ വരനായി അവർ തീരുമാനിച്ചു. അഴകിയ രാവണനെപ്പോലെ, ഇന്ദുലേഖയെ ഭ്രമിച്ചുവന്ന ആ നമ്പൂതിരി, സ്വന്തം വിഡ്ഢിവേഷം കെട്ടിക്കാണിച്ചതിലപ്പുറം ഒന്നും നടന്നില്ല. സ്ത്രീലമ്പടനായ ആ മനുഷ്യനെ ഇന്ദുലേഖ നിരസിച്ചു. ഒടുവിൽ സൂരിനമ്പൂതിരി, കല്യാണിയെ ബാന്ധവിച്ചു സ്ഥലം വിട്ടു. പക്ഷേ ഇന്ദുലേഖയെ ആണ് കൊണ്ടുപോകുന്നത് എന്ന് അദ്ദേഹം എമ്പാടും വിവരം പരത്തി.

മദിരാശിയിൽ ഉദ്യോഗത്തിൽ പ്രവേശിച്ച മാധവൻ ഏതാനും ദിവസത്തെ ഒഴിവു കിട്ടിയപ്പോൾ നാട്ടിലേയ്ക്കു മടങ്ങി. ഇന്ദുലേഖയെ സൂരിനമ്പൂതിരിപ്പാട് വിവാഹം കഴിച്ചു എന്ന വാർത്തയാണ്, തീവണ്ടി ഇറങ്ങിയ മാധവന് കേൾക്കാൻ ഇടവന്നത്. സ്ത്രീസ്വാഭാവത്തിന്റെ ചപലതയെക്കുറിച്ച് ഒരു നിമിഷം ചിന്തിച്ചുപോയി മാധവൻ. മനസ്സിന്റെ സ്വസ്ഥത നഷ്ടപ്പെട്ട് അയാൾ തിരിച്ചുപോയി. മദിരാശിയിൽ എത്തി. വീണ്ടും അവധിയെടുത്ത് ദേശാടനത്തിനു പുറപ്പെട്ടു.

വിവിധതരക്കാരായ ആളുകളെയും ജീവിതരീതിയും കണ്ട് മാധവൻ അലഞ്ഞു. ബോംബെയിൽവച്ച് ഒരാൾ മാധവനെ പറ്റിച്ച് ധനമെല്ലാം അപഹരിച്ചു എങ്കിലും ചിലരുടെ സഹായം ലഭിച്ചു. മാധവൻ, ദേശാന്തരം പോയ വിവരം കത്തുമൂലം അറിഞ്ഞ കുടുംബാംഗങ്ങളും ഇന്ദുലേഖയും ഏറെ വ്യസനിച്ചു. അയാളുടെ അച്ഛനും ഒരു ബന്ധുവും മാധവനെ അന്വേഷിച്ച് യാത്രയായി. കൽക്കട്ടയിൽവെച്ചാണ് അവർ മാധവനെ കണ്ടെത്തിയത്. വിവരങ്ങൾ അറിഞ്ഞ മാധവൻ പശ്ചാത്തപിച്ചു. ബന്ധുക്കളോടൊപ്പം അയാൾ നാട്ടിലേയ്ക്കു തിരിച്ചു. താമസിയാതെ ഇന്ദുലേഖയെ വിവാഹം കഴിച്ച് മദിരാശിയിലേയ്ക്ക് ഉദ്യോഗം സ്വീകരിച്ചു പോവുകയും ചെയ്തു.

**രാമരാജബഹദൂർ**

കൊല്ലവർഷം 933 മുതൽ 973 വരെയുള്ള നാല്പതുവർഷക്കാലം തിരുവിതാംകൂർ ഭരിച്ച കാർത്തിക തിരുനാൾ രാമവർമ്മയുടെ അവസാനത്തെ ഒരു പതിറ്റാണ്ടുകാലത്തെ

നിർണ്ണായകസംഭവങ്ങളിലേയ്ക്കാണ് 'രാമരാജാബഹദൂർ' വെളിച്ചം വീശുന്നത്. ഇരുപ തുവർഷത്തോളം കൊട്ടാരം സസ്രതി സ്ഥാനത്തു വർത്തിച്ച രാജാകേശവദാൻ 963 ൽ വലിയ സർവ്വാധികാര്യക്കാരായും 964 ൽ ദളവയായും സ്ഥാനാരോഹണം നേടുന്ന കാലംകൂടിയാണിത്. ഡച്ച്, ഇംഗ്ലീഷ് തുടങ്ങിയ വിദേശശക്തികളുടെ സാന്നിദ്ധ്യവും സ്വാധീനതയുംകൊണ്ട് മുഖച്ഛായ മാറുന്ന കേരളത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ മൈസൂർ സുൽത്താന്മാരുടെ കടന്നുവരവ് ഭീഷണമായ സാംസ്കാരിക കാലാവ സ്ഥയ്ക്കു തുടക്കം കുറിച്ചത് ഇക്കാലയളവിന്റെ പ്രത്യേകതയാണ്.

മൈസൂർ സുൽത്താന്മാരായ ഹൈദരലിയുടെയും ടിപ്പുവിൻരെയും പടയോട്ടത്തെ ചെറുക്കുന്നതിന് തിരുവിതാംകൂർ യുദ്ധസന്നദ്ധമായി. ഹൈദരുടെ ജൈത്രയാത്രയ്ക്ക് തിരുവിതാംകൂർ പ്രവേശം അപ്രാപ്യമായി. രാജാകേശവദാസന്റെ തന്ത്രവൈദഗ്ദ്ധ്യം പടുത്തുയർത്തിയ നെടുങ്കോട്ട ഹൈദരുടെ സൈന്യത്തിനു വഴിമുടക്കി. ഹൈദരുടെ മര ണശേഷം ടിപ്പു സുൽത്താന്റെ നേതൃത്വത്തിൽ പിന്നെയുമൊരു കടന്നാക്രമണത്തിനു ശ്രമം നടന്നു. ആലുവാ മണൽപ്പുറത്തു സങ്കേതമുറപ്പിച്ച ടിപ്പുവിന്റെ സൈന്യം അപ്രതീ ക്ഷിതമായുണ്ടായ വെള്ളപ്പൊക്കം മൂലം പിന്തിരിയുകയും തിരുവിതാംകൂർ വിജയം കൊണ്ടാടുകയും ചെയ്തു. രാമരാജാബഹദൂറിന്റെ ചരിത്രപശ്ചാത്തലം ഇതാണ്.

സി.വി.യുടെ 'ധർമ്മരാജാ'യിൽ പ്രത്യക്ഷപ്പെടുന്ന മുഖ്യകഥാപാത്രങ്ങൾ മിക്ക വാറും തന്നെ 'രാമരാജാബഹദൂറി'ലും ചൈതന്യപൂർവ്വം പുനരവതരിക്കുന്നു. പക്ഷേ എല്ലാവർക്കും കാതലായ പരിവർത്തനങ്ങൾ സംഭവിച്ചിട്ടുണ്ട്. നീട്ടെഴുത്തു കേശ വൻപിള്ള തൽസ്ഥാനത്തുനിന്നുയർന്ന് ദിവാൻജിയായിത്തീർന്നിരിക്കുന്നു. 'ധർമ്മ രാജാ'യിൽ ശുദ്ധഗതിക്കാരനായി ചിത്രീകരിക്കപ്പെട്ട കേശവനുണ്ണിത്താൻ സംശയഗ്ര സ്തനും ദിവാന്റെ പ്രധാന പ്രതികൂലിയുമായി രൂപാന്തരപ്പെട്ടു കഴിഞ്ഞു. അദ്ദേഹ ത്തിന്റെ പ്രിയ കാമിനി മീനാക്ഷി ഇപ്പോൾ ഒരു ദുരന്തകഥയിലെ നായിക ധർമ്മരാജാ യിൽ നിധികാംക്ഷിയായി അവതരിച്ച്, ഒടുവിൽ ഹതാശനായി ഇരുളിൽ മറഞ്ഞ കാളി ഉടയാൻ ചന്ദ്രക്കാരൻ ഒരു പരീക്ഷണത്തിനുകൂടി സന്നദ്ധനായി രംഗപ്രവേശം ചെയ്യു ന്നു. മാണിക്യഗൗണ്ഡനെന്ന പുത്തൻവേഷത്തിൽ.

ടിപ്പു സുൽത്താന്റെ ആക്രമണത്തോടു ബന്ധപ്പെടുത്തിയാണ് 'രാമകാജാ ബഹ ദൂറി'ലെ ഇതിവൃത്തം സംവിധാനം ചെയ്തിരിക്കുന്നത്. സ്വാർത്ഥ സംരക്ഷണത്തിൽ ശ്രദ്ധാലുവായി മാണിക്യഗൗണ്ഡനെന്ന മറുപേരിൽ പ്രത്യക്ഷപ്പെടുന്ന ചന്ദ്രക്കാറൻ ഒടു വിൽ അപകടങ്ങളിൽ ചെന്നുവീണ് ആത്മത്യാഗം ചെയ്യേണ്ടി വരുന്നു. ചഞ്ചല ഹൃദയ

നായ കേശവനുണ്ണിത്താൻ ഭാര്യ മീനാക്ഷിയിൽ സംശയാലുവാണ്. ദിവാൻജിയുമായി അവൾക്ക് രഹസ്യവീഴ്ചയുണ്ടെന്നാണ് ഉണ്ണിത്താന്റെ സന്ദേഹം. മകൾ സാവിത്രിക്ക് ദിവാൻജിയുടെ അംഗരക്ഷകനായ ത്രിവിക്രമകുമാരനിലുണ്ടായ അനുരാഗം അയാൾ അംഗീകരിക്കുന്നില്ല. വ്യാജം ഗ്രഹിക്കാതെ ടിപ്പുവിന്റെ ചാരനായ അജിതസിംഹന് സാവിത്രിയെ നൽകാനാണ് ഉണ്ണിത്താന് വ്യഗ്രതയ കൂർമ്മബുദ്ധിയായ കേശവപിള്ള ദിവാൻജി അതു തടയുന്നു.

പക്ഷേ, ഗൂഢസംഘത്തിന്റെ തലനായ പെരിഞ്ചക്കോടൻ സാവിത്രിയെ അപഹരിച്ച് ടിപ്പുവിന്റെ പാളയത്തിലാക്കി. ചന്ദ്രക്കാറനും അവിടെ ബന്ധനത്തിൽ കഴിയുകയാണ്. കുഞ്ചെക്കുട്ടിപ്പിള്ളയുടെ സാഹസികത്വം സൃഷ്ടിച്ച ജലപ്രളയത്തിൽ പെരിയാർ കരകവിഞ്ഞു. ടിപ്പുവും സൈന്യവും ജീവനുംകൊണ്ടു പലായനം ചെയ്തു. ചന്ദ്രക്കാറൻ സാവിത്രിയെ രക്ഷപെടുത്തി. സ്വയം രക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിലും ത്രിവിക്രമകുമാരൻ പെരിഞ്ചക്കോടനെ നിഗ്രഹിച്ചു. സാവിത്രിയെ പരിഗ്രഹിച്ചു. രാമരാജ്യം കേശവ ദിവാൻജിയുടെ മേൽനോട്ടത്തിൽ ഐശ്വര്യപ്രവൃദ്ധമായി.

''ഒരു നോവലെഴുത്തുകാരന്റെ പ്രതിഭയുടെ വൈഭവം യഥാർത്ഥത്തിൽ പരീക്ഷിക്കപ്പെടുന്നത് പാത്രസൃഷ്ടിയിലാണ്; അതിൽക്കൂടി അയാൾ രൂപം കൊടുക്കുന്ന മാനുഷിക പ്രപഞ്ചത്തിൽ. അതിൽ സി.വി. യെ അതിശയിക്കാൻ അദ്ദേഹത്തോട് കിട നിൽക്കാൻപോലും വളരെപ്പേർ കാണുകയില്ല''. - കൈനിക്കര എം. കുമാരപിള്ള.

**ഉമ്മാച്ചു**

സ്ത്രീപുരുഷബന്ധത്തിന്റെ അഗാധതലങ്ങൾ പരിശോധിക്കുക മാത്രമല്ല, ഒരു കാലഘട്ടത്തിന്റെ ചിത്രം നൽകുകകൂടി ചെയ്യുന്ന നോവലാണ് ഉറൂബിന്റെ 'ഉമ്മാച്ചു'. കാമിനി മൂലമുണ്ടായ കലഹങ്ങളുട കഥയാണ് ഈ നോവൽ. മധ്യമലബാറിലെ മുസ്ലീം സാമൂഹിക ജീവിതത്തിന്റെ വികാരമപരമായ വശങ്ങളെ ഇതിൽ സമർത്ഥമായി വ്യാഖ്യാനിച്ചിരിക്കുന്നു.

കൗമാരപ്രായക്കാരായ ബീരാനും മായനും ഉമ്മാച്ചുവും ചെറുപ്പം മുതലേ വലിയ സുഹൃത്തുക്കളാണ്. അവർ ഒരുമിച്ചാണ് ഒത്തുപള്ളിയിലേയ്ക്കു വരുന്നതും മടങ്ങുന്നതും. കാലക്രമേണ ഉമ്മാച്ചു സുന്ദരിയായ ഒരു യുവതിയായി മാറി. ബീരാന് അവളെ വിവാഹം കഴിക്കാൻ മോഹമുദിച്ചു. മായനും അവരെ മോഹിച്ചു. ഉമ്മാച്ചുവിന് ഏറെ താല്പര്യം കരുത്തനായ മായനോടു തന്നെയായിരുന്നു. പക്ഷെ അവളെ വിവാഹം

ചെയ്തത് സമ്പന്നനായ ബീരാൻ ആയിരുന്നു. പ്രതിഷേധം ഉണ്ടായിരുന്നുവെങ്കിലും ഉമ്മാച്ചു നിശബ്ദം അതിനു വഴങ്ങി. തങ്ങളുടെ വിവാഹം നടത്താൻ ഇടനില നിന്ന അഹമ്മദുണ്ണി എന്ന വൃദ്ധനെപ്പോലും ഉമ്മാച്ചു വെറുത്തു. ഉമ്മാച്ചുവിനെ തനിക്ക് നഷ്ട പ്പെടാൻ ഇടയാക്കിയ അഹമ്മദുണ്ണിയെ മായൻ അടിച്ചു വീഴ്ത്തി. അയാൾ മരിച്ചുപോ യെന്നു ധരിച്ച് മായൻ നാടുവിട്ടു.

നാടുവിട്ട മായൻ വയനാട്ടിലാണ് എത്തിച്ചേർന്നത്. അവിടെ ഒരു ഹാജിയാരുടെ കാര്യസ്ഥനായി പണിയെടുത്തു. അഹമ്മദുണ്ണിയുടെ മരണശേഷം അയാളുടെ മകനായ ഹസൻ വയനാട്ടിലെത്തി. അവിടെവച്ച് മായനും ഹസനും സുഹൃത്തുക്കളായി. അഹ മ്മദുണ്ണിയുടെ മരണത്തിൽ തനിക്കു പങ്കില്ലെന്നു തിരിച്ചറിഞ്ഞ മായൻ വയനാട്ടിലെ അജ്ഞാതവാസം ഉപേക്ഷിച്ച് നാട്ടിൽ മടങ്ങിയെത്തി. അയാളും ഉമ്മാച്ചുവുമായി കൂടി ക്കണ്ടു. സംസാരിച്ചു. ആ രാത്രിയിൽ ഉമ്മാച്ചുവിന്റെ കിടപ്പറയിൽ ആരോ കടന്നുവന്ന് അവളുടെ ഭർത്താവിനെ കുത്തിക്കൊന്നു. കൊലയാളിയുടെ മുഖം ഉമ്മാച്ചു അവ്യക്തമാ യിട്ടെങ്കിലും കണ്ടു. ഒപ്പം മകൻ അബ്ദുവും. പക്ഷേ നിരപരാധിയായ ചോഴി ശിക്ഷിക്ക പ്പെട്ടു. ഉമ്മാച്ചുവും താൻ കണ്ട സത്യം തുറന്നുപറയാൻ തയ്യാറായില്ല.

നാട്ടിൽ തിരിച്ചെത്തിയ മായൻ വീടുപണിതു. ഇടനിലക്കാർ മുഖേന വിധവയായ ഉമ്മാച്ചുവിന് വിവാഹാലോചനയും നടത്തി. അങ്ങനെ ആ വിവാഹം നടന്നു. അവർക്കു രണ്ടു കുട്ടികൾ ഉണ്ടായി. ഹൈദ്രോസും മരയ്ക്കാരും. ഒരുനാൾ തന്റെ ബാപ്പയുടെ കൊലയാളി മായനാണെന്ന സത്യം തനിക്കറിയാമെന്ന് അബ്ദു പറഞ്ഞതു കേട്ട് ഉമ്മാച്ചു മോഹാലസ്യപ്പെട്ടു. ഇതറിഞ്ഞ മായൻ വയനാട്ടിലേയ്ക്കു മടങ്ങി. തന്റെ ജോലികൾ ഓരോന്നായി അയാൾ പൂർത്തിയാക്കി. ഹസനെയും ആമിനയെയും ഒന്നിപ്പി ച്ചു. തന്റെ പേരിൽ ഉണ്ടായിരുന്ന വീടും പുരയിടവും അവരുടെ പേരിൽ എഴുതികൊടു ത്തു. പിന്നീടയാൾ ആത്മഹത്യ ചെയ്തു.

ബീരാന്റെ പുത്രനായ അബ്ദുവിനോട് മായന്റെ മക്കളായ ഹൈദ്രോസിനും മര യ്ക്കാർക്കും നീരസമായിരുന്നു. അതുകൊണ്ട് താൻ ജീവിച്ചിരിക്കെത്തന്നെ ഭാഗഉടമ്പടി നടത്താൻ ഉമ്മാച്ചു തീരുമാനിച്ചു. അവർ അബ്ദുവിനോടൊപ്പം കഴിയാൻ തീരുമാനിച്ചു. പഞ്ചായത്ത് ഇലക്ഷനിൽ അബ്ദുവും ഹൈദ്രോസും തമ്മിൽ മത്സരിക്കുന്നു. ഇതിൽ ഹൈദ്രോസ് വിജയിക്കുന്നു. കാര്യസ്ഥനായ ചാപ്പുണ്ണിനായരുടെ മകളായ ചിന്നമ്മുവിനെ പ്രണയിച്ചിരുന്ന അബ്ദു അവളെ വിവാഹം കഴിച്ചു. ഉമ്മാച്ചു ആദ്യം ഒന്നമ്പരന്നെങ്കിലും ഇതംഗീകരിച്ചു. എന്നാൽ ചാപ്പുണ്ണിനായർക്ക് മകളുടെ പ്രവൃത്തിയെ പെട്ടെന്ന് അംഗീക

രിക്കാൻ കഴിഞ്ഞില്ല. അബ്ദു – ചിന്നമ്മു ദമ്പതികൾക്ക് ഒരു കുട്ടി പിറക്കുകയും പരിഭവങ്ങൾക്കും വിദ്വേഷങ്ങൾക്കും അറുതി വരുകയും ചെയ്യുന്നതോടെ 'ഉമ്മാച്ചു' എന്ന നോവൽ അവസാനിക്കുന്നു.

മനുഷ്യജീവിതത്തിന്റെ ആത്മാവിൽ മുഴങ്ങുന്ന കാലത്തിന്റെ പരിണാമശബ്ദം ഏറ്റവും ശക്തമായി അനുഭവപ്പോടുന്ന നോവലാണ് ഉറൂബിന്റെ 'ഉമ്മാച്ചു'. ഇതിൽ സമൂഹത്തിന്റെ ബാഹ്യമായ ചട്ടക്കൂടില്ല. മലയാള നോവൽ സാഹിത്യത്തിന് അന്നുവരെ അപരിചിതമായിരുന്ന അന്തരീക്ഷമാണ് ഈ നോവലിൽ പ്രത്യക്ഷപ്പെടുന്നത്. കഥയുടെ വിശദാംശങ്ങളോ കഥാപാത്രങ്ങളുടെ വേഷമോ ഭാഷയോ ആചാരവിശേഷങ്ങളോ ഒന്നുമല്ല ഈ നോവലിൽ പ്രധാനം. വിവിധ ജീവിതവൃത്തികൾക്കു നിദാനമായ മാനസിക പ്രവണതകളുടെ ശക്തവും സൂക്ഷ്മവുമായ വ്യാഖ്യാനമാണ് 'ഉമ്മാച്ചു'.

**അഗ്നിസാക്ഷി**

നമ്പൂതിരി സമുദായത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങൾക്കു വഴിയൊരുക്കിയ ഒരു കാലഘട്ടത്തിന്റെ ഓർമ്മക്കുറിപ്പാണ് ലളിതാംബിക അന്തർജ്ജനത്തിന്റ 'അഗ്നിസാക്ഷി' എന്ന നോവൽ. സാമൂഹിക സ്വാതന്ത്ര്യത്തിനു വേണ്ടി ജീവിതം ബലിദാനമായി നൽകിയ, മാനമ്പള്ളിയില്ലത്ത് അഗ്നിസാക്ഷിയായി കൂടി കയറിയെത്തിയ നേതിക്കുട്ടിക്കാവിന്റെ കഥ. ജീർണ്ണിച്ച ആചാരവിശ്വാസങ്ങോടു കലഹിച്ച സ്ത്രീത്വത്തിന്റെ ആവിഷ്കരണം. സ്വാതന്ത്ര്യത്തിന്റെ തീക്കാറ്റായി മാറിയ ദേവീബഹന്റെ ആദർശശുദ്ധിയുടെ ചിത്രം.

ലക്ഷ്മി എന്നു പേരിട്ടു തങ്കം എന്നു വിളിച്ചിരുന്ന മിസിസ് കെ.എം.കെ. നായർ. ഗംഗാതീരത്തെ തീർത്ഥകേന്ദ്രങ്ങളിലൂടെ മകനോടും പേരക്കുട്ടികളോടുമൊത്തു സഞ്ചരിക്കുമ്പോൾ അവരുടെ മനസ്സിൽ ഒരു രോഗമുണ്ടായിരുന്നു. തന്റെ തേതിയേടത്തിയെന്ന ദേവകിയേടത്തിയെ – ദേവീബഹനെ – ഒന്നു കണ്ടെത്തുക, തീർത്ഥഘട്ടത്തിലെ വിസ്തൃതമായ പിടിയിൽ ധ്യാനത്തിലിരിക്കുന്ന യോഗിനിയോട് ദേവീബഹനെക്കുറിച്ചു തിരക്കി. യോഗിനിയുടെ മുഖഭാവത്തിൽനിന്ന് താൻ തിരക്കിയെത്തിയ ആൾ തന്നെയാണിതെന്ന് തങ്കം സംശയിക്കുന്നു. അവരുടെ ഓർമ്മകൾ പിന്നിലേയ്ക്കു പായുന്നു.

തന്റെ പ്രിയപ്പെട്ട ഉണ്ണിയേട്ടന്റെ പുതുമണവാട്ടിയായെക്കിയ മാനമ്പള്ളി മനയ്ക്കലെ പുതിയ കുഞ്ഞാത്തലമ്മയായ തേതിയേടത്തിയെക്കുറിച്ചുള്ള ഓർമ്മകൾ തങ്കത്തിന്റെ മനസ്സിലെത്തി. തങ്കവും തേതിയേടത്തിയുമായുള്ള സൗഹൃദം വളർന്നുവന്നു.

പത്താംതരത്തിനുശേഷം ഉന്നതവിദ്യാഭ്യാസത്തിനായി അന്യനാട്ടിൽ പോയ തങ്കം അവധികാലത്ത് നാട്ടിൽ തിരിച്ചെത്തി. അവിടെ തങ്കത്തിനെ കാത്തിരുന്നത് ദേവകിയേടത്തി തന്റെ ഇല്ലത്തേക്കു മടങ്ങിപ്പോയി എന്ന നടുക്കുന്ന വാർത്തയായിരുന്നു. ഭോഗത്തിനല്ല, ത്യാഗത്തിനാണ് ദാമ്പത്യമെന്ന് ഓതിക്കേട്ടു പഠിച്ച ഉണ്ണിനമ്പൂതിരിക്ക് ഭാര്യയെ മാനിക്കാൻ കഴിഞ്ഞില്ല. ഒന്നും വായിക്കാനില്ലാതെ, ഒരാളോടും മിണ്ടാനില്ലാതെ, മരിച്ചതുപോലെയുള്ള ജീവിതം. അങ്ങനെ മരിക്കാനുള്ള സ്ത്രീജന്മമെന്നു തിരിച്ചറിഞ്ഞ തേതിക്കുട്ടി 'ഘോഷ' ബഹിഷ്കരിച്ച് വെളിയിൽ വന്നു, ധീരതയായി സ്ത്രീ സ്വാതന്ത്ര്യത്തിനു വേണ്ടി പ്രസംഗിച്ചു. അങ്ങനെ തേതിക്കുട്ടി ദേവകി മാനമ്പള്ളിയായി.

ഇതിനിടയിൽ തങ്കത്തിന്റെ ജീവിതത്തിലും ഏറെ മാറ്റങ്ങൾ ഉണ്ടായി. വടക്കേ ഇന്ത്യയിൽ ജോലിയുള്ള ഒരു യുവാവുമായി അവൾക്ക് വിവാഹാലോചന വന്നു. അങ്ങനെ അവൾ മിസിസ് നായർ ആയി. അമ്മ മരിക്കുകയും നാടുമായുള്ള ബന്ധം അറ്റുപോവുകയും ജീവിതത്തിനു തിരക്കുപിടിക്കുകയും ചെയ്തതോടെ തങ്കത്തിന്റെ സ്മരണകളിലും പഴയ തേതിയേടത്തിക്കുള്ള സ്ഥാനം നഷ്ടമായി. സമുദായത്തിനു സ്വാതന്ത്ര്യം വേണമെങ്കിൽ രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടിയേ തീരു എന്ന് മനസ്സിലാക്കിയ ദേവകി മാനമ്പള്ളി മഹാത്മാഗാന്ധിയുടെ ശിഷ്യയായി. തുടർന്ന് സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ അന്തച്ഛിദ്രങ്ങളിലും അധികാര വടംവലിയിലും മനംനൊന്ത് ദേവീബഹൻ സന്യാസത്തിലേയ്ക്കു തിരിഞ്ഞതായി തങ്കം അറിഞ്ഞു.

വർഷങ്ങൾക്കുശേഷം തന്റെ പേരക്കുട്ടി ദേവുവുമൊത്ത് തങ്കം നാട്ടിലേയ്ക്കു പോയി. അമ്പലത്തിൽ ഭാഗവതം വായിക്കുന്ന വൃദ്ധബ്രാഹ്മണനായി പഴയ ഉണ്ണിയേട്ടനെ തങ്കം കണ്ടെത്തി. അയാളിൽനിന്നും ലഭിച്ച തേതിയേടത്തിയുടെ വിലാസവും അന്വേഷിച്ചാണ് തങ്കം ഉത്തരേന്ത്യയിലേയ്ക്കു മടങ്ങിയത്. തങ്കത്തിനുവേണ്ടി ഉണ്ണിയേട്ടൻ അഡ്രസ്സെഴുതി വച്ചിരുന്ന ഒരു പാഴ്സൽ അയാളുടെ മരണശേഷം തങ്കത്തിനു ലഭിക്കുന്നു. ആ പാഴ്സലിൽ തേതിയേടത്തി അഴിച്ചുവച്ച മംഗല്യസൂത്രവും ഉണ്ടായിരുന്നു. അതിനുള്ളിൽ ഒരെഴുത്തും ഉണ്ടായിരുന്നു. ഇതു രണ്ടും സമ്മാനിക്കുന്നതിനാണ് തങ്കം തേതിയേടത്തിലെ അന്വേഷിച്ച് ഗംഗാതീരത്തെത്തിയത്.

രണ്ടുദിവസങ്ങൾക്കുശേഷം സുമിത്രാനന്ദ യോഗിനിയെ തങ്കം വീണ്ടും കണ്ടുമുട്ടി. അവരോട് ഉണ്ണിനമ്പൂതിരിയുടെ വിയോഗവാർത്ത അറിയിച്ചശേഷം മംഗല്യസൂത്രം കൈമാറി. അവർ അത് മുന്നിലുള്ള അഗ്നികുണ്ഠത്തിൽ സമർപ്പിച്ചു. ഭൗതികതയുടെ

തുരുമ്പുപോലെ ചരടുവേഗം കത്തിപ്പോയി. ജ്വലിക്കുന്ന ലോഹം അവർ തങ്കത്തിന്റെ പേരക്കുട്ടി ദേവുവിനു കൈമാറി.

ലളിതാംബിക അന്തർജനം ജീവിതത്തിന്റെ സായംകാലത്ത് സമ്മാനിച്ച അനർഘ നിധിയായി 'അഗ്നിസാക്ഷി'. കേന്ദ്ര, കേരള സാഹിത്യ അക്കാദമി അവാർഡുകൾ ഈ നോവലിനെ തേടിയെത്തി.

**ഓടയിൽ നിന്ന്**

എതിർപ്പിന്റെ കലാകാരനായ കേശവദേവിന്റെ മനുഷ്യദർശനത്തെ സമ്പൂർണ്ണ മായി പ്രകാശിപ്പിക്കുന്ന കൃതിയാണ് 'ഓടയിൽ നിന്ന്' എന്ന നോവൽ. കേരളത്തിലെ സാധാരണക്കാരുടെ, പ്രത്യേകിച്ചും തൊഴിലാളിവർഗ്ഗത്തിന്റെ പൗരുഷത്തെ ഇത്രമേൽ ഉജ്ജ്വലമാക്കിയ മറ്റൊരു നോവൽ ഇല്ലെന്നുതന്നെ പറയാം. അദ്ധ്വാനിക്കുന്ന വർഗ്ഗി ത്തിന്റെ ആത്മാഭിമാനത്തിന്റെ പ്രതിബിംബമാണ് ഈ നോവലിലെ നായകകഥാപാത്ര മായ പപ്പു.

പപ്പുവിന്റെ മാതാപിതാക്കൾ ജന്മിയുടെ ആശ്രിതർ ആയിരുന്നു. അതിനാൽ അവർ അവനെ സ്കൂളിൽ ചേർത്തതുപോലും ജന്മിയോട് അനുവാദം ചോദിച്ചിട്ടാണ്. പഠിക്കുന്നതിനെക്കാളേറെ കളിക്കുന്നതിനുള്ള സൗകര്യമോർത്ത് സ്കൂളിൽ പോകുന്നത് പപ്പുവിനും ഇഷ്ടമായിരുന്നു. ഒരു ദിവസം അവനും കൂട്ടുകാരനും കൂടി ഒരു കുരു വിയെ പിടിച്ചു ക്ലാസിൽ കൊണ്ടുവന്നു. അതിന്റെ കാലിൽ ചരടുകെട്ടി പറപ്പിച്ചു. ക്ലാസ്സി ലാകെ ബഹളമായി. അപ്പോഴാണ് അദ്ധ്യാപകന്റെ വരവ്. പപ്പുവിനെ ക്ലാസിനു പുറത്ത് ഇറക്ക് നിർത്തി. ശബ്ദമുണ്ടാക്കിയ കുട്ടികൾക്കു ചൂരൽക്കഷായം. എന്നാൽ ജന്മി യുടെ പുത്രനെ അദ്ധ്യാപകർ ശിക്ഷിക്കാതെ ഉപദേശിച്ചുവിട്ടു. അദ്ധ്യാപകനെ ചോദ്യം ചെയ്തതിന് പപ്പുവിനെ സ്കൂളിൽനിന്ന് പുറത്താക്കി.

നാട്ടിൽ നിൽക്കാൻ കഴിയാതെ പപ്പു പട്ടണത്തിലെത്തി. ചുമട്ടുതൊഴിലാളി യായും സോഡാ ഫാക്ടറിയിലെ ജീവനക്കാരനുമൊക്കെയായി ജീവിതം നയിച്ചു. കമ്പ നിയിലെ മേസ്ത്രിയെ കൈയ്യേറ്റം ചെയ്ത കുറ്റത്തിന് തടവുശിക്ഷ അനുഭവിക്കേണ്ടി വന്നു. അതുകഴിഞ്ഞു പുറത്തുവന്ന പപ്പു റിക്ഷാതൊഴിലാളിയായി. പണമായപ്പോൾ അവൻ സ്വന്തമായി ഒരു റിക്ഷാ വാങ്ങി. ഒരു സന്ധ്യാ സമയത്ത് പപ്പു റിക്ഷയിൽ റെയിൽവേ സ്റ്റേഷനിലേയ്ക്ക് ഓടുകയായിരുന്നു. അപ്പോഴാണ് അബദ്ധത്തിൽ അവന്റെ റിക്ഷാ തട്ടി ഒരു കൊച്ചുപെൺകുട്ടി ഓടയിലേയ്ക്കു വീണത്. നിലവിളികേട്ട പപ്പു ഓടി ച്ചെന്ന് അവളെ ഓടയിൽനിന്ന് വാരിയെടുത്തു. കടയിൽ നിന്നു മടങ്ങുകയായിരുന്ന

അവളുടെ കൈവശമുണ്ടായിരുന്ന അരിയും പലവ്യഞ്ജനങ്ങളുമെല്ലാം നിലത്തുവീണു ചിതറിയിരുന്നു. ആ കുട്ടിയുടെ നിലവിളി പപ്പുവിന്റെ ഹൃദയത്തെ സ്പർശിച്ചു. അയാൾ അവളുടെ കണ്ണീരൊപ്പി. ദേഹത്തുപുരണ്ട അഴുക്കുകൾ തുടച്ചുകളഞ്ഞു. നഷ്ടപ്പെട്ടതിലേറെ അരിയും പലവ്യഞ്ജനങ്ങളും വാങ്ങിക്കൊടുക്കുകയും ചെയ്തു. ലക്ഷ്മിക്കു സന്തോഷമായി. നാളെ വീണ്ടും കാണാം എന്ന വാഗ്ദാനത്തോടെ അവൾ വീട്ടിലേയ്ക്കു പോയി.

അന്നാദ്യമായി പപ്പു ഒരു 'നാളെ'യെക്കുറിച്ചു ചിന്തിച്ചു. അതിനായി കാത്തിരുന്നു. പിന്നെ ഒരുനാൾ അയാൾ ലക്ഷ്മിയോടൊത്ത് അവളുടെ വീട്ടിൽപോയി. അവിടെ വിധവയായ അമ്മ കല്യാണി മാത്രമാണ് അവൾക്കു തുണ. അവരുടെ ദാരിദ്ര്യദുഃഖം അയാളുടെ ഹൃദയത്തെ സ്പർശിച്ചു. അയാൾ അവരെ സഹായിച്ചു. കല്യാണി അയാൾക്കു നിത്യവും ചോറുവച്ചു കൊടുത്തു. ആ ഗൃഹത്തിന്റെ നായകനായി അയാൾ മാറി. ലക്ഷ്മിയെ സ്കൂളിൽ അയച്ചു പഠിപ്പിച്ചു. ആ ചെറ്റപ്പുരയ്ക്കു പല പരിഷ്കാരങ്ങളും വരുത്തി. ജീവിതത്തിനു ലക്ഷ്യം വന്ന അയാൾക്കിപ്പോൾ ജോലിക്കു കൂടുതൽ ഊർജ്ജവവും ഉത്സാഹവും ഉണ്ട്.

നിശ്ചിതദിവസം തന്നെ ഫീസ് കൊടുക്കണമെന്നും മറ്റു കുട്ടികളോടൊപ്പം തന്നെ മോടിയായി അവൾ വസ്ത്രധാരണം നടത്തണമെന്നും പപ്പുവിനു നിർബന്ധമുണ്ട്. അതിരാവിലെ ജോലിക്കു പോകുന്ന അയാൾ അവൾ സ്കൂളിൽ പോകുന്നതിനു കാണാൻ റോഡിലെവിടെയെങ്കിലും കാത്തുനിൽക്കുകയും ചെയ്യും. എന്നാൽ തന്റെ രക്ഷകർത്താവ് ഒരു റിക്ഷാക്കാരനാണെന്നറിഞ്ഞാൽ കൂട്ടുകാരുടെ സ്നേഹവും വരുമാനവുമെല്ലാം നഷ്ടപ്പെടുമെന്ന് ലക്ഷ്മി ഭയന്നു. രാപകലില്ലാതെ കഠിനാദ്ധ്വാനം ചെയ്ത പപ്പു രോഗിയായി. എങ്കിലും ലക്ഷ്മിയെ പത്താം ക്ലാസുവരെ പഠിപ്പിക്കാനും നല്ല നിലയിൽ വിവാഹം ചെയ്തയ്ക്കാനും അയാൾക്കു സാധിച്ചു. ആരുടെയും സഹായം അയാൾ സ്വീകരിച്ചില്ല. ലക്ഷ്മിയോടൊത്തു സ്വസ്ഥജീവിതം നയിക്കാനുള്ള ക്ഷണം പോലും അയാൾ നിരസിച്ചു. ജീവിതലക്ഷ്യം സഫലമായിത്തീർന്നതിൽ ചാരിതാർത്ഥനായിത്തീർന്ന പപ്പു ഒറ്റയ്ക്ക് യാത്ര തുർന്നു, അനന്തതയിലേയ്ക്ക്.

അവഗണിക്കപ്പെടുന്ന സാധാരണ ജനസമൂഹത്തിന്റെ ദുഃഖങ്ങളും വിപരീതചാരുതയോടെ പൊരുതി അവർ കൈവരിക്കുന്ന ഉയർച്ചകളും കാല്പനിക ചാരുതയോടെ ചിത്രീകരിക്കുന്ന കൃതി എന്ന നിലയിൽ 'ഓടയിൽ നിന്നിന്' നോവൽ സാഹിത്യ ചരിത്രത്തിൽ പ്രത്യേകമായ സ്ഥാനമുണ്ട്. ആർജ്ജവമായ പ്രതിപാദനരീതിയും ഹൃദയദ്രവീകര

ണക്ഷമതയുള്ള കഥാസന്ദർഭങ്ങളും കൊണ്ട് ഒറ്റപ്പെട്ട വ്യക്തിത്വം പുലർത്തുന്ന ഈ കൃതി മലയാള നോവൽ സാഹിത്യത്തിൽ ഒരു പുതുയുഗപ്പിറവിക്ക് നാന്ദി കുറിച്ചു.

**രണ്ടിടങ്ങഴി (1949)**

കുട്ടനാടൻ കർഷകത്തൊഴിലാളികളുടെ വർഗസമരത്തിന്റെ സൂക്ഷ്മചിത്രം അവതരിപ്പിക്കുന്ന ഭാവോജ്ജ്വലമായ കൃതിയാണ് 'രണ്ടിടങ്ങഴി'. അടിച്ചമർത്തമപ്പെട്ട ദുഃഖാനുഭവങ്ങളിൽ നിന്നുണർന്ന് സ്വന്തം വിധി തിരിച്ചറിയാനുള്ള കരുത്താർജ്ജിച്ചിരിക്കുന്നു രണ്ടിടങ്ങഴിയിലെ കോരൻ. അവന് അദ്ധ്വാനത്തിന്റെ മഹിമ അറിയാം. ആ അദ്ധ്വാനം ജീവിതത്തിന്റെ രക്ഷയും അന്തസ്സും ഉറപ്പു നൽകുന്നില്ലെന്നറിയുമ്പോൾ ക്രൂരമായ ഒരു സത്യം അവന് ബോദ്ധ്യപ്പെടുന്നു.

'നമ്മളു ജീവം കളഞ്ഞു മേല ചെയ്താലും ഒരു ഭലോമില്ല. നമ്മളു മണ്ടന്മാരാ. ഏൻ അറയ്ക്കലടിയാനാ, ഏന് പുഷ്പവേലി ഓണപ്പണിക്കാരനാ, എൻ തമ്രാ സൊത്തുകാരനാ എന്നൊക്കെ പാവിച്ചും പറഞ്ഞും നടക്കാം. പലമെന്നാ, ഒന്നുമില്ല'.

കൊയ്ത്തുകാലത്ത് 'വെള്ളം കുടിക്കാൻ' ഒരു കറ്റ സ്വന്തമായെടുത്ത കോരനെ മുതലാളി കണക്കിനു ശകാരിച്ചു. അത് അവന്റെ ആത്മാഭിമനത്തെ വ്രണപ്പെടുത്തി. വർഗബോധത്തെ തട്ടിയുണർത്തി. അവൻ പുതിയ ഒരാളായി. മുതലാളി കൂലി കുറച്ചപ്പോൾ കോരൻ തൊഴിലാളികളെ സംഘടിപ്പിച്ചു മസരം നടത്തി. അവകാശം നിലനിർത്തി. അതോടെ കുട്ടനാടൻ കാർഷികമേഖല സംഘർഷഭരിതമായി. അവകാശനിഷേധവും അതിനെതിരായ പ്രക്ഷോഭങ്ങലും നിത്യസംഭവമായി. കർഷക പ്രമാണിമാരുടെ സ്വാധീനംകൊണ്ട് യൂണിയൻ പ്രവർത്തകരുടെമേൽ കള്ളക്കേസുകളുണ്ടായി. കോരനുൾപ്പെടെ പലരും ഒളിവിൽപോയി. ഒരു ദിവസം രാത്രി കുടിലിലെത്തിയ കോരൻ കണ്ടത് പുഷ്പവേലിൽ ചാക്കോ ചിരുതയെ ബലാത്സംഗം ചെയ്യാനൊരുങ്ങുന്നതാണ്. അവൻ അയാളെ തല്ലിക്കൊന്നു. കോരന് ലഭിച്ച ശിക്ഷ പതിനഞ്ചു വർഷത്തെ ജയിൽവാസമായിരുന്നു. പൂർണ്ണഗർഭിണിയായ ചിരുതയെ കൂട്ടുകാരനായ ചാത്തനെ ഏല്പിച്ചിട്ടാണ് അവൻ പോയത്. ചാത്തനും ചിരുതയും ആങ്ങളയും പെങ്ങളുമായി ജീവിച്ചു. തടവുശിക്ഷ കഴിഞ്ഞെത്തിയ കോരന്റെ കൈകളിൽ ചിരുതയെ ചാത്തൻ തിരിച്ചേല്പിക്കുന്നു. കോരന്റെ മകൻ വെളുത്ത തന്റെ കൊച്ചുകൈ ചുരുട്ടി ഉയർത്തിക്കൊണ്ട് വിളിക്കുന്നു. ''കൃഷിഭൂമി കർഷകർക്ക്''. കോരന്റെ തലമുറയുടെ സ്വപ്നം വെളുത്തയുടെ കാലഘട്ടത്തിൽ യാഥാർത്ഥ്യമാകുമെന്ന സൂചനയാണ് നോവൽ ശുഭപര്യവസായിയാകുമ്പോൾ ലഭിക്കുന്നത്.

**വിഷകന്യക**

മലബാറിലെ കന്നിമണ്ണിൽ ഭാഗ്യാന്വേഷികളായെത്തിയ തിരുവിതാംകൂറുകാരനായ ക്രിസ്ത്യാനികളുടെ അധ്വാനശീലത്തിന്റെയും സ്വപ്നങ്ങളുടെയും സ്വപ്നഭംഗങ്ങളുടെയും ദുരിതങ്ങളുടെയും കഥയാണ് 'വിഷകന്യക'. ഈ നോവലിന് രാഷ്ട്രീയവും സാമൂഹികവുമായ ഒരു പശ്ചാത്തലമുണ്ട്. തിരുവിതാംകൂറിലെ സി.പി.യുടെ സ്വേച്ഛാധിപത്യഭരണം. നിവർത്തനപ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ ക്രൈസ്തവസമൂഹം സി.പി. യുടെ ശത്രുത ഏറ്റുവാങ്ങുന്നു. ലോകമഹായുദ്ധത്തിന്റെ കെടുതികൾ വിതച്ച ദാരിദ്ര്യവും പട്ടിണിയും കൂടിയായപ്പോൾ നിവൃത്തിയില്ലാതായ ക്രിസ്ത്യാനികൾ അവരുടെ അല്പമാത്രമായ സമ്പത്തുമായി മലബാറിലെ ഒരിക്കലും കൃഷി ചെയ്യപ്പെട്ടിട്ടില്ലാത്ത മലയോരപ്രദേശങ്ങളിലേയ്ക്ക് കുടിയേറുന്നു. ഈ കുടിയേറ്റത്തിന്റെ വിശദമായ വിശദീകരണത്തോടെയാണ് നോവൽ ആരംഭിക്കുന്നത്.

കാത്തുകാത്തിരുന്ന് വളക്കൂറുള്ള മണ്ണ് കൈയിൽ കിട്ടുമ്പോൾ സർവ്വവും മറന്ന് മണ്ണ് പൊന്നാക്കാൻ വേണ്ടി വിയർപ്പൊഴുക്കുന്നവരേയും, വയനാടിന്റെ നീഗൂഢതയിൽ നോട്ടടിച്ച് എളുപ്പത്തിൽ സമ്പന്നരാവാൻ ശ്രമിക്കുന്ന കുബുദ്ധികളെയും കുടിയേറ്റക്കാരുടെ ഇടയിൽ കാണാം. മലബാറിലെ കന്നിമണ്ണ് പുതിയ കർഷകരെ പ്രലോഭിപ്പിച്ചു. അതവരുടെ അദ്ധ്വാനശേഷിയെ തൊട്ടുണർത്തി. ഇരുമ്പു മുനകൊമ്ട് മുറിവേല്പിച്ചിട്ടില്ലാത്ത ആ കരിമ്പറമ്പുകൾ അവർ ആവേശത്തോടെ കൊത്തിയിളക്കി. പൊരിവെയിലത്ത് മണ്ണിനോടു മല്ലിടുമ്പോഴും അവരുടെ മനസ്സ് ഉന്മേഷപൂർണ്ണമായിരുന്നു. ഒടുവിൽ ഉർവ്വരയായ കന്നിമണ്ണ് അന്തർവഹ്നിയായി.

പക്ഷേ മണ്ണിനോട് മല്ലിടുന്ന മനുഷ്യന്റെ ഉദ്ദാമമായ കരുത്തിന് സ്തുതിപാടിക്കൊണ്ടല്ല ഈ നോവൽ അവസാനിക്കുന്നത്. കാട്ടുപന്നിയോടും കൊടുംമഞ്ഞിനോടും പട്ടിണിയോടും മലമ്പനിയോടും മല്ലിട്ട് എല്ലാ സ്വപ്നങ്ങളും പ്രതീക്ഷകളും നഷ്ടപ്പെട്ട് നിസ്സഹായരായി കൈയിൽ കിട്ടിയതും കൊണ്ട് സ്വന്തം നാട്ടിലേയ്ക്ക് ഓടി രക്ഷപെടാൻ വെമ്പുന്ന വിളറി വെളുത്ത ചില പേക്കോലങ്ങളെയാണ് നോവലിന്റെ അവസാനഭാഗത്തു നാം കാണുന്നത്.

വിഷകന്യകയായ ഭൂമിയുടെ ചിത്രത്തിന് ഭാവാത്മകമായ പൂർണ്ണത ലഭിക്കുന്നത് മാധവിയിലൂടെയാണ്. പ്രലോഭനീയമായ കന്നിമണ്ണിന്റെ തന്നെ ബിംബമാണ് മാധവി. മഴ നനഞ്ഞൊലിച്ച് മാദകത്വം തുളുമ്പുന്ന മൃദുമേനി അനാവൃതമാക്കി അർദ്ധരാത്രിയുടെ ഏകാന്തതയിൽ അന്തോണിയുടെ കുടിലിലെത്തി അയാളെ കീഴക്കിക്കളയുന്ന

മാധവി കത്തിക്കാളുന്ന കാമതൃഷ്ണയാണ്. അവൾ അന്തോണിയുടെ വാക്കുകൾ വക വയ്ക്കാതെ, അയാളെ നിരന്തരം വേട്ടയാടുകയും, പ്രലോഭിപ്പിക്കുകയും ചെയ്യുന്നു.

ഒടുവിൽ മാധവിയുടെ മാദകത്വത്തിൽ ഭ്രമിച്ച് അവളെ തേടിയെടുത്തുന്ന വർക്കി, അന്തോണിക്കുവേണ്ടി മാധവി ഒരുക്കിവെച്ചിരുന്ന വശ്യമരുന്ന് കഴിച്ച് മരിച്ചുവീഴുന്നു. വിഷകന്യകയായ ഭൂമിയുടെ പ്രലോഭനത്തിൽപ്പെട്ട് മരിച്ചു വീഴുന്നവരെപ്പോലെ മാധവി യുടെ പ്രലോഭനത്തിൽപ്പെട്ട് മരിക്കുന്ന വർക്കിയുടെ ശവശരീരം ദിവസങ്ങൾക്കു ശേഷ മാണ് അന്തോണി കണ്ടെത്തുന്നത്. മാധവി കണി മണ്ണാണ്. കണിമണ്ണ് വിഷകന്യകയാ ണ്. മണ്ണിനോടുള്ള കർഷക മനസ്സിന്റെ തീവ്രമായ അഭിനിവേശം ആളിക്കത്തിച്ചു തന്നി ലേക്കാഗീരണം ചെയ്യുന്ന പ്രകൃതിയുടെ ഹിംസാത്മകപ്രഭാവം! അതാണ് 'വിഷകന്യക' ധ്വനിപ്പിക്കുന്നത്.

**ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു.**

അചുംബിതമായ ശൈലിയിലൂടെ മലയാളസാഹിത്യത്തിന്റെ ഈടുവയ്പ്പുകളായി ത്തീർന്നിട്ടുള്ള ഒട്ടേറെ സൃഷ്ടികൾ കാഴ്ചവച്ച വൈക്കം മുഹമ്മദ് ബഷീറിന്റെ ഏറ്റവും മികച്ച നോവലുകളിലൊന്നാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു'. ആർക്കും അനുകരിക്കാ നാവാത്ത ആഖ്യാനപാടവം തന്നെയാണ് ബഷീറിന്റെ ഈ നോവലിന്റെയും മുഖമുദ്ര. ബാല്യകാലസഖിയേക്കാൾ ഈ നോവലാണ് ബഷീറിന്റെ മാസ്റ്റർ പീസ് എന്നാണ് ആർ. ഇ. ആഷർ അഭിപ്രായപ്പെട്ടിരിക്കുന്നത്. രണ്ടും മുസ്ലീം കുടുംബങ്ങളെ ചുറ്റിപ്പറ്റി നിൽക്കു ന്നതാണ് ഈ നോവലിലെ കഥാവസ്തു. കുഞ്ഞുപാത്തുമ്മയുടെയും നിസാർ അഹമ്മദി ന്റെയും കുടുംബങ്ങളാണവ.

കുഞ്ഞുപാത്തുമ്മയ്ക്ക് ഏഴോ എട്ടോ വയസ്സുള്ളപ്പോൾ ഉമ്മ അവളോടു പറഞ്ഞു: " ''ഇസ്ലമീങ്ങളാണെങ്കിലും അയൽപക്കങ്ങളിലെ പിള്ളേരുമായി കൂട്ടുകൂടരുത്. നീ ആനമക്കാരിന്റെ പുന്നാരമോള്ട പുന്നാരമോളാ! നിന്റുപ്പുപ്പാക്കേ ഒരാനേണ്ടാർന്ന്! ബല്യ ഒരു കൊമ്പനാന.'' ഉമ്മായുടെ വാക്കുകൾ അവളിൽ അഭിമാനം വളർത്തി. സമ്പത്തി ന്റെയും പ്രതാപത്തിന്റെയും പൂമെത്തയിൽ ജീവിതം എന്തെന്നറിയാതെ കുഞ്ഞുപാ ത്തുമ്മ വളർന്നു. ചില പ്രത്യേകാവസരങ്ങളിൽ അവളെ അണിയിച്ചൊരുക്കി പുറ ത്തേക്കു കൊണ്ടുപോയപ്പോൾ ബാഹ്യലോകത്തെപ്പറ്റി ചിലതെല്ലാം അവൾ മനസ്സിലാ ക്കി. പക്ഷേ അവളുടെ ബാല്യകാലാഭിലാഷങ്ങൾപോലും മതത്തിന്റെ പേരൽ അടിച്ച മർത്തപ്പെട്ടു. വാസ്തവത്തിൽ അകത്തളത്തിൽ വീർപ്പുമുട്ടിയ അവൾ എന്തും സഹിക്കു കയും എല്ലാം അനുസരിക്കുകയുമാണ് ചെയ്തത്. കേസിൽ എല്ലാ സ്വത്തുക്കളും നഷ്ട

പ്പെട്ട് അവളുടെ കുടുംബം തെരുവിലിറങ്ങി. അപ്പോഴും ഉപ്പുപ്പായുടെ ആനയെക്കുറിച്ചുള്ള മധുരസ്മരണകളും പേറിയാണ് ഉമ്മാ തന്റെ മെതിയടിപ്പുറത്തു കയറി വട്ടനടിമയെയും കുഞ്ഞുപാത്തുമ്മയെയും അനുഗമിച്ചത്.

പുതിയവീട്ടിൽ എത്തിയതോടെ ഉമ്മായും ബാപ്പായും തമ്മിൽ ഓരോരോ കാരണം പറഞ്ഞ് വഴക്കുണ്ടാക്കുന്നത് പാത്തുമ്മാ കാണാറുണ്ട്. തങ്ങളുടെ ദുര്യോഗത്തിന് കാരണക്കാരൻ ഇബ്ലീസ് എന്ന പഹയനാണ് എന്ന് അവൾ കണ്ടെത്തി. ആയിടയ്ക്കാണ് നഗരത്തിൽനിന്നും വിദ്യാസമ്പന്നരായ ഒരു മുസ്ലീം കുടുബം പാത്തുമ്മയുടെ അയൽക്കാരായി ആ നാട്ടിൻപുറത്തു താമസമാക്കിയത്. വീടിനുസമീപം ഒരു കുരുവിയെ പിടിക്കാൻപോയ കുഞ്ഞുപാത്തുമ്മ അവിടെ വച്ച് നിസാർ അഹമ്മദ് എന്ന അയൽവാസിയെ പരിചയപ്പെട്ടു. അയാളുടെ സഹോദരിയായ ആയിഷയുമായി അവൾ ചങ്ങാത്തത്തിലായി. പതിയെ നിസാർ അഹമ്മദിനോടുള്ള ഇഷ്ടം കരളിലെ വേദനയായി പാത്തുമ്മയ്ക്ക് അനുഭവപ്പെട്ടു.

നിസാർ അഹമ്മദിന്റെ നിർദ്ദേശപ്രകാരം ആയിഷ കുഞ്ഞുപാത്തുമ്മയെ അക്ഷരങ്ങൾ പഠിപ്പിച്ചുതുടങ്ങി. നിസാറിന്റെ ഉമ്മയ്ക്കും അവളെ ഇഷ്ടമായി. എന്നാൽ വീട്ടുകാർ തനിക്ക് മറ്റൊരാലോചന ആരംഭിച്ചിരിക്കുന്നു എന്നറിഞ്ഞപ്പോൾ കുഞ്ഞുപാത്തുമ്മയ്ക്ക് ബോധക്ഷയം വന്നു. അതോടെ ബാപ്പായ്ക്കും ഉമ്മയ്ക്കും വെപ്രാളമായി. അവളുടെ അസ്വസ്ഥത മാറിയില്ല. അവളെ കാണാൻ അയലത്തുനിന്ന് ആയിഷ വന്നു. അവളുടെ ബാപ്പയും ഉമ്മയും വന്നു. അവർ കുഞ്ഞുപാത്തുമ്മയുടെ ബാപ്പയുമായി എന്തൊക്കെയോ ഗൗരവപൂർവ്വം സംസാരിച്ചു. വൈകാതെ നിസാർ അഹമ്മദ് കുഞ്ഞുപാത്തുമ്മയെ വിവാഹം കഴിച്ചു. അന്നുപകൽ ആയിഷ അവളെ അണിയിച്ചൊരുക്കിയതോടെ കുഞ്ഞുപാത്തുമ്മ അതിസുന്ദരിയും പരിഷ്കാരിയുമായ ഒരു യുവതിയായി മാറി.

സംസ്കാരത്തിന്റെയും സംസ്കാര രാഹിത്യത്തിന്റെയും രണ്ടു ധ്രുവങ്ങൾ തമ്മിലിടഞ്ഞപ്പോൾ പാരമ്പര്യവും അന്ധവിശ്വാസവും കുറെയധികം ചോർന്നുപോയി. കുഞ്ഞുതാച്ചുമ്മയുടെ ............. പാരമ്പര്യത്തിന്റെ പ്രതീകമായിരുന്ന കൊമ്പനാന 'കുയ്യാന' യായിരുന്നു എന്ന തിരിച്ചറിവോടെയാണ് നോവൽ അവസാനിക്കുന്നത്. കൊമ്പനാനയെന്നു നിനച്ചത് കുയ്യാന ആയിരുന്നെന്ന തിരിച്ചറിവാണ് ഈ നോവൽ നൽകുന്ന വെളിപാട്.

അന്ധവിശ്വാസങ്ങളിൽ കുടുങ്ങിയ കുഞ്ഞുപാത്തുമ്മയുടെ ജീവിതത്തെ ഇരുട്ടിൽനിന്ന് മോചിപ്പിച്ച് വെളിച്ചത്തിന്റെ സുരഭിലലോകത്തേയ്ക്ക് ആനയിക്കാൻ കടന്നുവരുന്നത് നിസാർ അഹമ്മദ് എന്ന പരിഷ്കാരിയായ യുവാവും അയാളുടെ സഹോദരി

ആയിഷയുമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ അവർ ആധുനികമായ ജീവിതവീക്ഷണം പുലർത്തുന്നവരാണ്. നർമമധുരമായ സന്ദർഭങ്ങളിലൂടെ കാതലായ സാമൂഹിക മാറ്റത്തിന്റെ സന്ദേശം പകരാനാണ് നോവലിസ്റ്റ് ശ്രമിക്കുന്നത്.

**അരനാഴിക നേരം**

സൈനികബാരക്കുകളിലെ അറിയപ്പെടാത്ത ജീവിതങ്ങളുടെ ഇരുളും വെളിച്ചവും ചിത്രീകരിക്കുന്ന ചെറുകഥകളുമായി സാഹിത്യരംഗത്തേയ്ക്കു കടന്നുവന്ന് ഹൃദയഹാരിയായ ജീവിതാവിഷ്കരണത്തിലൂടെ വളരെവേഘം മലയാള നോവലിസ്റ്റുകളുടെ മുൻനിരയിലെത്തിയ എഴുത്തുകാരനാണ് പാറപ്പുറത്ത്. താൻ ജനിച്ചുവളർന്ന ഗ്രാമത്തിന്റെയും അവിടുത്തെ സാധാരണക്കാരുടെയും ഹൃദയത്തുടിപ്പുകൾ സ്വന്തം കൃതികളിലൂടെ ലളിതമായ രീതിയിൽ അവതരിപ്പിക്കാൻ പാറപ്പുറത്തിനു കഴിഞ്ഞു. ക്രിസ്തീയ ജീവിതവീക്ഷണത്തിൽനിന്നും സമ്പന്നമായ ജീവിതാനുഭവങ്ങളിൽനിന്നും ഊറിക്കൂടിയ ദർശനമാണ് അദ്ദേഹത്തിന്റെ നോവലുകളിൽ കാണുന്നത്. ഈ നോവലുകളിൽ ഏറ്റവും പ്രശസ്സം 'അരനാഴികനേര'മാണ്.

''ആകാശത്തിനുകീഴിൽ സംഭവിക്കുന്നതൊക്കെയും ജ്ഞാനത്തോടെ ആരാഞ്ഞറിയേണ്ടതിനു ഞാൻ മനസ്സുവച്ചു. ഇതു ദൈവം മനുഷ്യർക്കു കഷ്ടപ്പെടുവാൻ കൊടുത്ത വല്ലാത്ത കഷ്ടപ്പാടു തന്നെ. സൂര്യനു കീഴെ നടക്കുന്ന സകലപ്രവർത്തികളും ഞാൻ കണ്ടിട്ടുണ്ട്. അവയൊക്കെയും മായയും വ്യഥാ പ്രയത്നവും അത്രേ.'' 'അരനാഴികനേര'ത്തിന്റെ മുഖക്കുറിപ്പായി നോവലിസ്റ്റ് ചേർത്തിരിക്കുന്നത് ഈ ബൈബിൾ വാക്യമാണ്. നോവലിന്റെ അന്തഃസത്ത് ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന മധ്യതിരുവിതാംകൂറിലെ ക്രൈസ്തവ ജീവിതമാണ് ഈ നോവലിന്റെ പശ്ചാത്തലം. തൊണ്ണൂറുവർഷം ജീവിച്ച് പലതും നേടുകയും നഷ്ടപ്പെടുകയും ചെയ്ത കുഞ്ഞേനാച്ചനാണ് ഈ നോവലിന്റെ കേന്ദ്രബിന്ദു.

ഭൂതകാലസംഭവങ്ങളുടെ തിരമാലകൾ കയറിയിറങ്ങുന്ന മനസ്സിന്റെ തീരഭൂമിയിലിരുന്നുകൊണ്ട് ''ഇനി അരനാഴികനേരം മാത്രം ബാക്കി''യെന്നു കരുതുകയും കൂടെക്കൂടെ കറുപ്പുതിന്നു മയങ്ങുകയും ചെയ്യുന്ന കുഞ്ഞേനാച്ചന്റെ ബോധാബോധമണ്ഡലങ്ങളിലൂടെ മൂന്നുതലമുറകളുടെ കഥ ചടുലമായും തീവ്രമായും പാറപ്പുറം ആവിഷ്കരിച്ചിരിക്കുന്നു. എക്കാലത്തും മനുഷ്യനെ നടുക്കിക്കൊണ്ടിരിക്കുന്ന ഭീകരവും അപരിഹാര്യവുമായ ജീവിതദുരന്തത്തെ ഉചിതമായ ബൈബിൾ വാക്യങ്ങൾ കൊമ്ട് പ്രഭാപൂർണ്ണമായി ഇതിൽ അവതരിപ്പിച്ചിരിക്കുന്നു.

വ്യത്യസ്ത സ്വഭാവക്കാരായ മക്കളിലൂടെയും മരുമക്കളിലൂടെയും കൊച്ചുമക്കളിലൂടെയും അവരെക്കുറിച്ചും തന്നെക്കുറിച്ചുമുള്ള ഗതകാലസ്മരണകളിലൂടെ കുഞ്ഞേനാച്ചന്റെ കഥ മുന്നോട്ടു നീങ്ങുന്നു. ഇളയമകൻ മാത്തുക്കുട്ടിയുടെയും മരുമകൾ ദീനാമ്മയുടെയും ഒപ്പം താമസിക്കുന്ന കുഞ്ഞേനാച്ചന് ഈ കഥകളൊക്കം പറഞ്ഞുകേൾപ്പിക്കാൻ ഒരു സുഹൃത്തുണ്ട്. മദ്ധ്യവയസ്കനായ ശിവരാമക്കുറുപ്പ്. കുഞ്ഞേനാച്ചന് സ്ഥിരം കറുപ്പുവാങ്ങിക്കൊടുക്കുന്നത് അയാളാണ്.

മക്കളുടെയും മരുമക്കളുടെയും കൊച്ചുമക്കളുടെയും ജീവിതത്തിലുണ്ടാകുന്ന ദുരന്തങ്ങൾ കുഞ്ഞേനാച്ചനെ തളർന്നുന്നു. ബൈബിളിലെ വാക്യങ്ങൾ അയാളുടെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നൽകുന്നു. മകനായ രാജന്റെ മരണത്തെതുടർന്ന് കുഞ്ഞേനാച്ചന്റെ മകനായ മാത്തുക്കുട്ടി ഒരു തൊഴിൽ കണ്ടെത്താൻ നിർബന്ധിതനായി. അങ്ങനെ അയാൾ ഒരു പലചരക്കുകട തുടങ്ങി.

കുഞ്ഞേനാച്ചനും മരുമകൾ ദീനാമ്മയും മാത്രം വീട്ടിലുള്ള ഒരു ദിവസം. കുടിക്കാൻ വെള്ളവും ചോദിച്ചുകൊണ്ട് മരുമകളെയും തിരക്കി അകത്തേയ്ക്കു കടന്നു ചെന്ന കുഞ്ഞേനാച്ചൻ കണ്ടത് ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു കാഴ്ചയാണ്. കെട്ടിപ്പുണർന്നു കിടക്കുന്ന ശിവരാമക്കുറുപ്പും ദീനാമ്മയും. ഇതുകണ്ട കുഞ്ഞേനാച്ചൻ വീണുപോയി. ഈ രഹസ്യം പുറത്തറിയാതിരിക്കാനായി കറുപ്പിൽ വിഷം ചേർത്ത് ശിവരാമക്കുറുപ്പ് മറ്റൊരാൾവശം കുഞ്ഞേനാച്ചനെ കഴിപ്പിച്ചു. അതോടെ ഒരു നീണ്ട ജീവിതയാത്രയ്ക്ക് അന്ത്യം കുറിക്കപ്പെടുകയായിരുന്നു.

പൂർണ്ണതയിലെത്തിയ സർഗപ്രതിഭയുടെയും ആഖ്യാനപാടവത്തിന്റെയും സൃഷ്ടിയാണ് 'അരനാഴികനേരം'. ഉന്നതമായ സാന്മാർഗ്ഗികബോധമുള്ള ഒരു കലാകാരൻ ജീവിതത്തെ വിഷാദാത്മകമായി വീക്ഷിച്ചപ്പോൾ സംജാതമായ ഉന്നതകലാസൃഷ്ടി. മലയാളത്തിലെ സാഹിത്യപ്രേമികളുടെ മനസ്സിൽ എന്നും ഇതിന് സ്ഥാനമുണ്ടായിരിക്കും.

**മണ്ണിന്റെ മാറിൽ**

ഭൂമിയുടെ യഥാർത്ഥ അവകാശിയാരാണ്? നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ചോദ്യത്തിന് ചെറുകാട് ഗോവിന്ദപിഷാരടി കണ്ടെത്തിയ ഉത്തരമാണ് 1954 ൽ പുറത്തിറങ്ങിയ 'മണ്ണിന്റെ മാറിൽ' എന്ന നോവൽ. ജന്മാവകാശം സ്ഥാപിച്ചെടുക്കാൻ വെമ്പുന്ന ജന്മിയല്ല, അദ്ധ്വാനത്തിന്റെ മഹിമകൊണ്ട് മണ്ണിൽ പൊന്നുവിളയിക്കുന്ന കർഷകനാണ് അതിന്

അർഹത. ആകാശത്തെപ്പോലും മണ്ണാക്കിമാറ്റിക്കൊണ്ട് 'മണ്ണിന്റെ മാറിൽ' മനുഷ്യജീവിതത്തെ കൂടുതൽ മണ്ണിനോടു ചേർക്കാൻ ആഹ്വാനം ചെയ്യുന്നു.

മേലേനായർ വീട്ടുകാർ. തരിശിട്ടിരുന്ന അത്തിക്കോടൻ മലയിൽ കൊമ്പൻ കൊണ്ടേരൻ കാടുവെട്ടി കൃഷിയിറക്കി. അയാളുടെ സഹോദരനും മകനും നിരന്തരം വേർപ്പൊഴുക്കി ഭൂമിയുടെ ഉർവരത വീണ്ടെടുത്തു. ജന്മിക്ക് പാട്ടം കൊടുക്കാൻ അവർ ഒരുക്കമായിരുന്നു. പക്ഷേ ഭൂമി കൈവശപ്പെടുത്താനുള്ള ശ്രമം അവർ തടയുകതന്നെ ചെയ്തു. മണ്ണിൽ മനുഷ്യന്റെ ചോരയൊഴുകി. രക്തം പുരണ്ട മണ്ണിന് നൽകാൻ ഒരു സന്ദേശമേയുള്ളു, സംഘടിച്ച് ശക്തരായി അവകാശങ്ങൽ നേടിയെടുക്കുക, അധികാര ശക്തികൾക്കു മുന്നിൽ മുട്ടുമടക്കാതിരിക്കുക.

കേരളീയ സമൂഹത്തിന്റെ ചരിത്രത്തെ നിർണ്ണയിക്കുന്നതിൽ നേതൃത്വപരമായ പങ്ക് വഹിച്ച കർഷക സമരത്തിന്റെയും നവോത്ഥാന സംരംഭത്തിന്റെയും സംഘർഷഭരിതമായ ചരിത്ര പശ്ചാത്തലത്തിലാണ് ചെറുകാട് 'മണ്ണിന്റെ മാറിൽ' രചിച്ചത്. ജന്മിത്തത്തിന്റെ പതനം ആസന്നമായിരിക്കുന്നു എന്നറിയിക്കുന്ന വിളംബരത്തിന്റെ ആഹ്വാനമെന്ന നിലയിലല്ല, അധിനിവേശമൂല്യങ്ങൾക്കെതിരെ വ്യത്യസ്തവഴികളിലൂടെ ആഞ്ഞടിച്ച പ്രതികരണങ്ങളുടെയും പ്രതിരോധങ്ങളുടെയും പരിച്ഛേദം എന്ന നിലയിലാണ് ഇന്ന് 'മണ്ണിന്റെ മാറിൽ' എന്ന ചെറുകാടിന്റെ കൃതി വായനാസൂഹത്തെ സംബോധന ചെയ്യുന്നത്.

# മൊഡ്യൂൾ രണ്ട്

### പുതിയ മേഖലകൾ

ഫ്രാൻസ് കാഫ്കായുടെ ഠവല ഇമെഹേല, ഠവല ഠൃശമഹ, കാമുവിന്റെ ഠവല ഛൗശേെറലൃ, ജഹമൗഴല, എമഹഹ തുടങ്ങിയ കൃതികൾ പുതിയ നോവലിസ്റ്റുകളുടെ മേൽ ശക്തിയായ സ്വാധീനം ചെലുത്തി. പുതിയ അവബോധത്തിന്റെ നോവലിനെ മലയാളത്തിൽ അവതരിപ്പിച്ചത് കാക്കനാടനാണ് ഇങ്ങനെയുള്ള കൃതികൾ റഷ്യൻ വിമർശകനായ യൂറി ബോന്ദറേവിന്റെ വിഭജനക്രമത്തിൽ സന്ദിഗ്ധതയുടെയോ നിരാസത്തിന്റെയോ നോവലുകളാണ്.എപ്സ്റ്റൈൻ എന്ന അമേരിക്കൻ നിരൂപകൻ ഇത്തരം നോവലിനെ നൂതന സംവേദനത്തിന്റെ നോവലെന്ന് വിശേഷിപ്പിച്ചു. ഹെർമൻ ഹെസ്സെ, സാർത്ര്, ബെക്കറ്റ് എന്നിവരുടെ നോവലുകൾ ഈ വകുപ്പിൽ ഉൾപ്പെടുന്നു. ഇന്ത്യൻ സാഹിത്യകാരന്മാരെ ഇവർ സ്വാധീനിച്ചതിൽ അത്ഭുതത്തിനവകാശമില്ല. അറുപതുകളിലെ ഇന്ത്യയിലെ സാമൂഹിക സാംസ്കാരിക പരിതോവസ്ഥ ഇവിടുത്തെ പരമ്പരാഗതമായ ചിന്താരീതിയെയും രചനാരീതിയെയും പൊളിച്ചുമാറ്റുവാൻ ആവശ്യപ്പെടുന്നതായി പലർക്കും തോന്നി.

### ആധുനിക കാലഘട്ടം

കാക്കനാടന്റെ കൃതികളാണ് മലയാള നോവലിൽ പുതിയ ഘട്ടത്തിനു തുടക്കം കുറിക്കുന്നത്. എന്നാൽ എൻ.പി.മുഹമ്മദ്, വി.കെ. എൻ. എന്നിവരുടെ ആക്ഷേപഹാസ്യ കൃതികളെയും, എം.ടി.വാസുദേവൻ നായരുടെ നവീന റൊമാമാന്റിക് കൃതികളെയും പരാമർശിക്കാതെ തകഴി, ഉറൂബ് എന്നിവരുടെ കൃതികളിൽ നിന്നും കാക്കനാടന്റെ കൃതിക ളിലേക്കു നേരിട്ടു എടുത്തുചാട്ടം നടത്താൻ സാധ്യമല്ല. 'ഹിരണ്യകശിപു'വിൽ (1968) ജനാധിപത്യ സമ്പ്രദായമുൾപ്പെടെയുള്ള സർവ മാർഗങ്ങളുമുപയോഗിച്ച് കരുത്തുറ്റ നായകന് എങ്ങനെ ഏകഛത്രാധിപതിയായി വളരാൻ കഴിയുമെന്ന് ബിംബകൽപ്പനയുടെ സമർഥമായ പ്രയോഗത്തിൽ കൂടി എൻ.പി. വ്യക്തമാക്കുന്നു. വിഹിതങ്ങളും അവിഹിതങ്ങളുമായ സർവ്വ തന്ത്രങ്ങളും പ്രയോഗിച്ചു

അധികാരത്തിലെത്തുന്ന രാഷ്ട്രീയ നേതാക്കന്മാരെ ഉപഹസിക്കുന്ന കൃതികളാണ് വി.കെ.എൻ. രചിച്ച ആരോഹണവും (1969) സിൻഡിക്കേറ്റും (1970). അദ്ദേഹത്തിന്റെ കൃതികളിൽ ഏറ്റവും കൂടുതൽ സഹൃദയപ്രീതി നേടിയെടുത്തത് 'പിതാമഹ'നാണ് (1976). പിതാമഹന്റെ പശ്ചാത്തലം സ്വാതന്ത്ര്യപൂർവ്വ കൊച്ചി രാജ്യമാണ്. എങ്കിലും സർ ചാത്തുവിന്റെ അധികാരവേദിയിലേക്കുള്ള കയറ്റം ഇന്നത്തെ സർവ്വ രാഷ്ട്രീയ നേതാക്കന്മാരുടെയും അധികാര സമ്പാദന രീതി നിശിതമായി ആക്ഷേപ ഹാസ്യരൂപത്തിൽ അവതരിപ്പിക്കുന്നു.

തന്റെ സാഹിത്യ ജീവിതത്തിന്റെ പ്രാരംഭ കാലത്ത് എം.ടി.വാസുദേവൻ നായർ പ്രചോദനം സ്വീകരിച്ചത് ഉറൂബിന്റെ കൃതികളിൽ നിന്നാവണം. ഇതിവൃത്ത നിബന്ധനത്തിലും വലിയ ക്യാൻവാസിലുള്ള പശ്ചാത്തല ചിത്രണത്തിലും ത്രിമാന കഥാപാത്രങ്ങളുടെ സൃഷ്ടിയിലും'നാലുകെട്ട്' ഉറൂബിന്റെ നോവലുകളെ അനുസ്മരിപ്പി ക്കുന്നു. ഉറൂബും വാസുദേവൻ നായരും തമ്മിലുള്ള വ്യത്യാസത്തെ നാം കാണുന്നത് അവരുടെ മുഖ്യകഥാപാത്രങ്ങളുടെ മനോഭാവങ്ങൾ തമ്മിലുള്ള അന്തരത്തിലാണ്. നിസ്സംഗനായ കർമ്മയോഗിയുടെ മനോഭാവത്തോടെയാണ് വിശ്വം സ്വന്തം ലോകം സൃഷ്ടിക്കുന്നത്. 'നാലുകെട്ടി' ലെ അപ്പുവാകട്ടെ സ്വന്തം 'നാലുകെട്ടു' പുതുക്കിപ്പണി യാനൊരുങ്ങുന്നത് തന്നെ ദ്രോഹിച്ചിട്ടുള്ളവരോടുള്ള ഒടുങ്ങാത്ത അമർഷത്തോടു കൂടിയാണ്. ജനിച്ച സമൂഹവും വരിച്ച സമൂഹവും ഒരുപോലെ പുറന്തള്ളിയ 'അസുരവിത്തി' ലെ (1962) ഗോവിന്ദൻകുട്ടി മടങ്ങിവരുന്നത് നടപ്പു ദീനം ഗ്രസിച്ച സ്വന്തം ഗ്രാമത്തിൽ ചത്തു വീഴുന്ന മനുഷ്യരെ കുഴിച്ചു മൂടാനാണ്. തകരുന്ന പാരമ്പര്യമൂല്യങ്ങളുടെ വിഭൂതി ചാലിച്ചു പുതിയ മനുഷ്യത്വത്തിന്റെ പുതിയ വിഗ്രഹം തീർക്കാൻ അയാൾ മോഹിക്കുന്നു. വാസുദേവൻ നായരുടെ 'കാല' ത്തിലെ സേതു പാരമ്പര്യാ ധിഷ്ഠിതമൂല്യങ്ങളെ തള്ളി ക്കളയുകയും അതിന്റെ നൊമ്പരത്തോടുകൂടിത്തന്നെ മുതലാളിത്തം സൃഷ്ടിക്കുന്ന അധികാരവലയത്തിന്റെ മൂല്യങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നു. സേതു വില കൽപ്പിക്കുന്നത് സുഖത്തിനും പണത്തിനും അധികാരത്തിനുമാണ്. 'വിലാപയാത്ര' യിൽ (1978) കാമുവിന്റെ 'ഔട്ട്

സൈഡർ' -വീക്ഷണത്തെ ഏതാണ്ടതേപടി വാസുദേവൻ നായർ സ്വീകരിക്കുന്നു. സ്വർഗത്തിൽ നിന്നും വാർന്നൊഴുകേണ്ട കാരുണ്യത്തെ കാത്തു കഴിയുന്ന ആത്മാവിന്റെ വേദനകൾ മുഴങ്ങുന്നു 'മഞ്ഞ്' എന്ന നോവലിൽ.

**രാജലക്ഷ്മി**

മലയാളനോവലിൽ ആധുനികതയുടെ മാനം പുലർത്തിയ ശ്രദ്ധേയമായ നോവലിസ്റ്റാണ് രാജലക്ഷ്മി. സങ്കീർണമായ സ്ത്രീ ഹൃദയത്തിന്റെ ഭാവവിശേഷങ്ങൾ അവർ ശക്തമായി ആവിഷ്ക്കരിക്കുന്നു. 'ഒരു വഴിയും കുറെ നിഴലകളും' (1959), 'ഞാനെന്നഭാവം', 'ഉച്ചവെയിലും ഇളം നിലാവും' എന്നിവയാണ് രാജലക്ഷ്മിയുടെ കൃതികൾ.

മുപ്പത്തിനാലാമത്തെ വയസ്സിൽ ആത്മഹത്യ ചെയ്ത രാജലക്ഷ്മി നൈരാശ്യവും ഏകാകിത്വവും ധ്വനിപ്പിക്കുന്ന ആർദ്ര സുന്ദര നോവലുകൾ രചിച്ചു. മാനുഷിക മൂല്യങ്ങളെ അവർ നിഷേധിച്ചില്ല. അതേ സമയം ക്രമേണ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന വിഷാദാത്മകത്വത്തിന്റെ നിഴലുകൾ അവരുടെ കൃതികൾക്ക് ഉഷഃസന്ധ്യയുടേതു പോലുള്ള പ്രകാശം നൽകി.

സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവ, സാമൂഹ്യവിപ്ലവത്തിനു പ്രേരണ നൽകുന്നവ, ബോധധാരാ പരിനിഷ്ഠിതം, പാരമ്പര്യ മൂല്യങ്ങളെ ഉറപ്പിക്കുന്നത്, അവയെ ഇളക്കുന്നത് എന്നിങ്ങനെ പല വിധത്തിൽ വിശേഷിപ്പിക്കാവുന്ന പലതരം നോവലുകൾ ആധുനിക ഘട്ടത്തിലുമുണ്ടായിക്കൊണ്ടിരിക്കുന്നു.

കോവിലന്റെ തോറ്റങ്ങൾ (1970), വത്സലയുടെ നെല്ല് (1972), ആഗ്നേയം (1974), നിലാവുറങ്ങുന്ന വഴി (1975); വിലാസിനിയുടെ നിറമുള്ള നിഴലുകൾ; എ.പി. കളയ്ക്കാടിന്റെ സംക്രാന്തി (1975), ഇടുക്കി (1979) തുടങ്ങിയവ നോവലുകൾ സാമൂഹ്യനോവലുകൾ കാലഹരണപ്പെട്ടില്ലെന്നു തെളിയിച്ചു. താൻ അടുത്ത കാലം വരെ സ്വീകരിച്ചിരുന്ന മാർക്സിസ്റ്റു പാർട്ടിയുടെ ന്യൂനതകളുടെ മേൽ നടത്തിയിരിക്കുന്ന കഠിനമായ വിധിയാണ് എം.സുകുമാരന്റെ 'ശേഷക്രിയ'. വിലാസിനിയുടെ 'ഇണങ്ങാത്ത

കണ്ണികൾ' സ്വകാര്യജീവിതത്തിൽ ഇന്നും ഭഗവദ്ഗീതയിലെ നിസ്സംഗതയ്ക്കുള്ള പ്രാമാണ്യത്തെ എടുത്തു കാണിക്കുന്നു. ഇവയെപ്പോലെ ജീവിതമൂല്യങ്ങളെ വിലയിരുത്തുന്നുണ്ട്. മഹാഭാരതത്തിലെ കർണനെ കേന്ദ്രമാക്കി പി.കെ.ബാലകൃഷ്ണൻ രചിച്ച 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന നോവൽ. വിലാസിനിയും ബാലകൃഷ്ണും കഥകൾ പറയുന്നതോടൊപ്പം കഥാപാത്രങ്ങളുടെ ബോധമണ്ഡലത്തിലേക്കും ശ്രദ്ധ തിരിക്കുന്നു. ഇവരുടെ കൃതികൾ ബോധമണ്ഡലങ്ങളുടെ പ്രതിഫലനങ്ങളാണ്, പൊതുവേ പറഞ്ഞാൽ; പുതിയ പല കൃതികളും ചെയ്യുന്ന വിധം പാരമ്പര്യമൂല്യങ്ങളെ അവ നിരസിക്കുന്നില്ലെന്നതു ശ്രദ്ധേയമാണ്. ഇന്നത്തെ സമൂഹത്തിനു പല തലങ്ങളും മുഖങ്ങളുമുണ്ട്, ഇന്നത്തെ അധികമെഴുത്തുകാരും പഴയ ചാലിൽ കൂടി ഒഴുകിക്കൊണ്ടിരിക്കുന്നു. അതേ സമയം ആത്മബോധം വികസിപ്പിക്കുന്ന ചിലരെങ്കിലും നോവലിനെ ശക്തങ്ങളായ ബോധ സഞ്ചലനങ്ങളുടെ പ്രതിഫലനങ്ങളായി കാണുന്നുണ്ട്. ആധുനിക നോവലിസ്റ്റുകൾ ശ്രദ്ധ അർപ്പിക്കുന്നത് പ്ലോട്ടിന്റെയോ കഥാപാത്രത്തിന്റെയോ സൃഷ്ടിയിലല്ല; വൈയക്തികമോ മനശ്ശാസ്ത്രപരമോ സാമൂഹ്യമോ ആയ എന്തെങ്കിലും അനന്യ മനോഭാവത്തെയോ ശക്തമായ ഏതെങ്കിലും ദർശനത്തെയോ ബിംബാത്മകമായി പകർത്തുന്നതിലാണ്.

**നന്തനാർ**

പട്ടാളജീവിതത്തിന്റെ കഥാകാരനായ പി.സി.ഗോപാലൻ എന്ന നന്തനാർ രചിച്ച നോവലുകൾ അത്ര തന്നെ പ്രാധാന്യം നോടിയിട്ടില്ല. അറിയപ്പെടാത്ത മനുഷ്യജീവികൾ , ആത്മാവിന്റെ നോവലുകൾ, അനുഭൂതികളുടെ ലോകം, ഉണ്ണിക്കുട്ടന്റെ ഒരു ദിവസം, മഞ്ഞക്കെട്ടിടം, അനുഭവങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ.

**എൻ.പി.മുഹമ്മദ്**

ആക്ഷേപഹാസ്യത്തിന്റെ വഴിയിലൂടെ സഞ്ചരിച്ച നോവലിസ്റ്റാണ് എൻ.പി. മുഹമ്മദ്.മരം,എണ്ണപ്പാടം, ദൈവത്തിന്റെ  കണ്ണ് തുടങ്ങിയ നോവലുകളുടെ കർത്താവായ

എൻ.പി.മുഹമ്മദ് എം.ടി വാസുദേവൻനായരുമായി ചേർന്ന് രചിച്ച നോവലാണ് 'അറബിപ്പൊന്ന്'. എന്നാൽ 'ഹിരണ്യകശിപു' എന്ന നോവലാണ് ഏറെ പ്രശസ്തം.

**സി.രാധാകൃഷ്ണൻ**

എം.ടി. തുറന്നിട്ട മാർഗ്ഗത്തിലൂടെ കടന്നുവന്ന് മലയാളനോവൽ ചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ച എഴുത്തുകാരനാണ് സി.രാധാകൃഷ്ണൻ. നിഴൽപ്പാടുകൾ, ഉൾപ്പിരിവുകൾ, പുഴ മുതൽ പുഴ വരെ, എല്ലാം മായ്ക്കുന്ന കടൽ, പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും, മുൻപേ പറക്കുന്ന പക്ഷികൾ, സ്പന്ദമാപിനികളെ നന്ദി തുടങ്ങിയവയാണ് ഇദ്ദേഹത്തിന്റെ പ്രശസ്ത നോവലുകൾ.

**കെ.സുരേന്ദ്രൻ**

ആത്മബലമുള്ള നോവലുകളുടെ സൃഷ്ടാവാണ് കെ.സുരേന്ദ്രൻ. താളം (1960), മായ (1961), കാട്ടുകുരങ്ങ് (1962), ജ്വാല (1965), ശക്തി (1970), മരണം ദുർബലം (1972), ഗുരു (1972) തുടങ്ങി ശ്രദ്ധേയമായ നോവലുകൾ സുരേന്ദ്രൻ രചിച്ചിട്ടുണ്ട്.

**വിലാസിനി**

മലയാളസാഹിത്യത്തിന് അന്നോളം പരിചിതമല്ലാത്ത അന്തരീക്ഷമാണ്.വിലാസിനി സൃഷ്ടിച്ചത്.കഥാഖ്യാനത്തിൽ ബോധധാരാ സമ്പ്രദായം വിജയകരമായി പരീക്ഷിക്കുകയും ചെയ്തു. നിറമുള്ള നിഴലുകൾ (1965), ഇണങ്ങാത്ത കണ്ണികൾ (1968), ഊഞ്ഞാൽ (1969), അവകാശികൾ (1980) തുടങ്ങിയ നോവലുകൾ അദ്ദേഹം രചിച്ചു.

**ആധുനികതയുടെ ആവിർഭാവം**

ആധുനികതയുടെ ആവിർഭാവം ബോദ്ധ്യപ്പെടുത്തിയ അപകടം മൂല്യബോധത്തിന്റെ തകർച്ചയാണ്. സ്വപ്നങ്ങൾ സൂക്ഷിക്കാൻ കഴിയാതെ മനസ്സ് ശൂന്യമായിത്തീർന്നിരിക്കുന്നു. ഈ ശൂന്യതയ്ക്കിടയിൽ ഏക ചിന്താവിഷയം സ്വന്തം അസ്തിത്വം മാത്രമാണ്. ജീവിതത്തിൽ യഥാർത്ഥമായി ഒന്നു മാത്രമേയുള്ളൂ; മരണം ആസന്നമായ മരണത്തിനു മുന്നിൽ മനുഷ്യന്റെ സഹജഭാഴം വെളിപ്പെട്ടുപോകുന്നു.

അവശേഷിക്കുന്ന സമയം അർത്ഥപൂർണ്ണമാക്കുക, നൈസർഗ്ഗികവാസനകൾക്കു സാഫല്യമേകുക അതാണ് യത്നം.

സ്വന്തം കഥാപാത്രങ്ങൾ എന്തായിരിക്കണം, എങ്ങനെ പെരുമാറണം എന്നൊക്കെ നിർണ്ണയിക്കാൻ കഴിയാത്ത പ്രതിസന്ധിയിലാണ് തങ്ങൾ എന്നാണ് ആധുനികരുടെ ഭാവം. ആശയസാഹിതകളുടെയോ മനഃശാസ്ത്രവിധികളുടെയോ,എന്തിന് റിയലിസത്തിന്റെ തന്നെയോ സഹായം കൂടാതെ അയാൾ തന്റെ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നു. നമ്മുടെ കാലഘട്ടത്തിന്റെ മുഖമുദ്രകളിൽ ഒന്നായ ആശയക്കുഴപ്പത്തിന്റെയും ഉദ്ദേശ്യരാഹിത്യത്തിന്റെയും കഥ തന്നെയാണ് ആ കഥാപാത്രങ്ങൾ പറയുന്നത്.

**കാക്കനാടൻ**

മലയാളനോവലിൽ ആദ്യമായി ആധുനികതയുടെ കലാപം സൃഷ്ടിച്ചത് കാക്കനാടനാണ്. സാക്ഷി, വസൂരി, ഏഴാംമുദ്ര, ഉഷ്ണമേഖല, അജ്ഞതയുടെ താഴ്വര, ഒറോത തുടങ്ങിയവ കാക്കനാടന്റെ നോവലുകളാണ്.സമൂഹത്തിന്റെ സാമാന്യഗതിയുമായി പൊരുത്തപ്പെടാൻ കഴിയാതെ സ്വയം അന്യനായി മാറുന്ന മനുഷ്യന്റെ മുഖമാണ് കാക്കനാടൻ അവതരിപ്പിക്കുന്നത്.

**എം.മുകുന്ദൻ**

ദൽഹി,ആവിലായിലെ സൂര്യോദയം, ആകാശത്തിന്റെ ചുവട്ടിൽ, മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ദൈവത്തിന്റെ വികൃതികൾ എന്നീ നോവലുകൾ ശില്പപരമായ ഔന്നത്യംകൊണ്ട് ശ്രദ്ധേയമാണ്.

**ഒ.വി.വിജയൻ**

ഖസാക്കിന്റെ ഇതിഹാസം, ധർമപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ എന്നീ നോവലുകൾ ഒ.വി.വിജയന്റെ ശ്രദ്ധേയ

രചനകളാണ്. ആധുനികതയുടെ ആരവങ്ങളിൽ വേറിട്ടൊരു ശബ്ദമായി ഒ.വി.വിജയൻ നിലകൊള്ളുന്നു.

**ആനന്ദ്**

ആൾക്കൂട്ടം,മരുഭൂമികൾ ഉണ്ടാകുന്നത്, മരണസർട്ടിഫിക്കറ്റ്, ഉത്തരായനം, അഭയാർത്ഥികൾ, ഗോവർദ്ധന്റെ യാത്രകൾ, വ്യാസനും വിഘ്നേശ്വരനും എന്നീ നോവലുകൾ രചിച്ച ആനന്ദ് ആധുനികതയുടെ പുതിയ ശബ്ദമായി മാറി.

'ഉഷ്ണമേഖലയിലെ (1969) കഥാനായകനായ ശിവൻ മാർക്സിസ്റ്റു പാർട്ടിയുടെ പ്രവർത്തന ശൈലിയോട് പ്രതിഷേധിക്കുകയും പാരമ്പര്യമൂല്യങ്ങളിൽ വിശ്വാസം നഷ്ടപ്പെട്ട് സ്വയം രാജ്യഭ്രഷ്ടനാവുകയും ചെയ്യുന്നു. ഉൽക്കടമായ ഏകാകിത്വവും വ്യാകുലതയും അയാളനുഭവിക്കുന്നു. തന്റെ ദുഃഖത്തിൽ നിന്നും അയാൾക്കു മോചനം സിദ്ധിക്കയില്ല. 'അജ്ഞതയുടെ താഴ്‌വര' യിൽ (1972) പ്രതിനിമിഷം സ്വന്തം ശവക്കുഴി തോണ്ടിക്കൊണ്ട് അറിവില്ലായ്മയുടെയും അറിയാനാവായ്കയുടെയും ഭീകരമായ താഴ്‌വാരത്തിൽ ജീവിക്കാൻ വിധിക്കപ്പെട്ട മനുഷ്യന്റെ ദാർശനിക ദുഃഖം പകർത്തുന്നു, കാക്കനാടൻ. 'ഏഴാംമുദ്ര'യിൽ ക്രിസ്ത്യൻ പെന്തിക്കോസ്തലിസത്തിന്റെ പൊള്ളത്തരത്തെ അദ്ദേഹം എടുത്തു കാട്ടുന്നു. 'വസൂരി'ക്ക് (1968) കാമുവിന്റെ പ്ലേഗുമായി പുലബന്ധമുണ്ട്; 'കോഴി'ക്ക് കാഫ്കായുടെ ങലമോീ്യുവീശെ നോടും. ആധുനിക മലയാള നോവലിന്റെ ജനയിതാവെന്ന പദവിക്ക് കാക്കനാടനോടൊപ്പം സമർഹമാണ് എം.മുകുന്ദനും (ജ. 1943). ജീവിതത്തെ അംഗീകരിക്കുന്ന ദർശനങ്ങളിൽ വിശ്വാസം നശിച്ചതിനാൽ സ്വാന്തപ്രവാസിയായിത്തീർന്ന മനുഷ്യന്റെ ദുഃഖത്തിന്റെ നാദമാണ് 'ഹരിദ്വാരിൽ മണി മുഴങ്ങുന്നു' എന്ന നോവൽ (1974). ജീവിതത്തിന്മേലുള്ള പിടി നഷ്ടപ്പെട്ട മനുഷ്യന്റെ കഥയാണ് 'ഈ ലോകം', അതിലൊരു മനുഷ്യൻ'' (1970). സ്ത്രീയുമായുള്ള സമ്പർക്കം മുഖേന അസ്തിത്വത്തിന്റെ ആഴം കണ്ടെത്താനുള്ള കഥാനായകന്റെ ശ്രമങ്ങളത്രയും പരാജയപ്പെടുന്നു. മുകുന്ദന്റെ 'ദൽഹി' (1969), മയ്യഴിപ്പുഴയുടെ തീരങ്ങൾ (1975) എന്നിവ ഭൗതികവും ദാർശനികവുമായ ജീവിതത്തിന്റെ

നിരർഥകതയ്ക്ക് കലാരൂപം നൽകുന്നു. 'ദൽഹി'യിലെ അരവിന്ദനോ ' മയ്യഴിപ്പുഴയുടെ തീര'ങ്ങളിലെ ദാസിനോ ജീവിതത്തിനു ഉദ്ദേശവും അർത്ഥവും കണ്ടെത്താൻ സാധിക്കുന്നില്ല. ജീവിതത്തിന്റെ അർത്ഥരാഹിത്യത്തിന് ശബ്ദബിംബങ്ങൾ തെരയുന്ന അനേകം നോവലിസ്റ്റുകളെ അറുപതുകളിൽ കാണാൻ കഴിയുന്നു. മരീചികയിൽ ജീവിതം മരീചികയാണത്രേ സി.രാധാകൃഷ്ണൻ വെളിപ്പെടുത്തിയത്. '' ഇദ്ദേഹത്തിന്റെ എല്ലാം മായ്ക്കുന്ന കടൽ, പുഴ മുതൽ  പുഴ വരെ എന്നീ കൃതികളും നൂതനഭാവങ്ങളെ പ്രകടമാക്കുന്നുണ്ട്.

**ആധുനിക നോവലുകൾ**

'അശ്വത്ഥാമാ'വിൽ (1971) മാടമ്പു കുഞ്ഞുകുട്ടൻ നിർദ്ദേശിക്കുന്നത് ആധുനിക സംവേദനത്തിന്റെ പ്രധാന വക്താവ് അശ്വത്ഥാമാവാണ്, അർജുനനോ കൃഷ്ണനോ അല്ല എന്നാണ്. മനസ്സു നിറച്ച് വിദ്വേഷവും ദേഹം നിറയെ പുണ്ണുമായി നടക്കുന്ന നിത്യപഥികനാണദ്ദേഹം. അശ്വത്ഥാമാവിലെ കഥാനായകൻ ജീവിത്തിൽ ഒന്നും നേടുന്നില്ല. കുഞ്ഞുകുട്ടന്റെ ഭ്രഷ്ടും (1973) നിഷാദവും (1977) പുതിയ അവബോധത്തിന്റെ ദർപ്പണങ്ങൾ തന്നെ. പദ്മരാജന്റെ  വീക്ഷണത്തിൽ മനുഷ്യനിലെ മൗലികവികാരങ്ങൾ കാമവും ക്രോധവുമാണ്. അദ്ദേഹത്തിന്റെ 'നക്ഷത്രങ്ങളേ കാവൽ' (1971) കേവലമൊരു സാമൂഹ്യനോവലാണ്; അതേസമയം 'വാടകയ്ക്കൊരു ഹൃദയം' (1975), ' ഇതാ ഇവിടെ വരെ' (1972) എന്നിവ കാണിക്കുന്നത് നമ്മുടെ സമൂഹം അടുത്ത കാലത്തു വളരെയേറെ അക്രമാസക്തമായിട്ടുണ്ടെന്നാണ്. സേതുവിന്റെ നോട്ടത്തിൽ മനുഷ്യന്റെ മുഖ്യവികാരം ധനമോഹമാണ്. അവന് പണമാണ് പ്രാണൻ, യാഥാർത്ഥ്യത്തിന്റെ സ്ഥാനം കയ്യടക്കി ആധിപത്യം ചെലുത്തുന്ന ഒരു വ്യമോഹത്തിന് ചുറ്റുമാണ് അദ്ദേഹത്തിന്റെ 'പാണ്ഡവപുരം' (1979) കെട്ടിപ്പടുത്തിരിക്കുന്നത്. ഭർതൃപരിത്യക്തയായ ഒരു സ്ത്രീയാണ് നായിക; ജാരന്മാരുടെ നഗരമായ പാണ്ഡവപുരം അവൾ സ്വപ്നം കാണുന്നു; അവിടെയുള്ള ഒരു ജാരൻ തന്റെ അടുത്തു വന്നതായും താൻ അയാളെ കീഴ്പ്പെടുത്തിയതായും അവൾ സങ്കൽപ്പിക്കുന്നു. ആനന്ദിന്റെ 'ആൾക്കൂട്ട'വും (1970) 'മരണസർട്ടിഫിക്കറ്റും' മികച്ച

കലാസൃഷ്ടികളാണെന്ന് വാദിക്കുന്നവരുണ്ട്. നഗരാധിഷ്ഠിതമായ വലിയ ഒരു നോവലാണ് 'ആൾക്കൂട്ടം'. ഇന്ത്യയുടെ ഭാവിയിൽ അത് ശങ്ക പ്രദർശിപ്പിക്കുന്നു. നഗരങ്ങളിൽ ചിതറിക്കിടക്കുന്ന മനുഷ്യജീവിതങ്ങളുടെ അർത്ഥവും അർത്ഥരാഹിത്യവും അന്വേഷിക്കുന്ന ഈ നോവൽ ചില ഘട്ടങ്ങളിലെങ്കിലും ദാർശനിക ഗാംഭീര്യം നേടാനുദ്യമിക്കുന്നു. രൂപസൗന്ദര്യം അനുഗ്രഹിച്ചിട്ടില്ലെന്നതാണ് ഇതിന്റെ ഏറ്റവും വലിയ ന്യൂനത. ജീവിതത്തിന്റെ ആവർത്തന വിരസതയെയും മുഷിപ്പിനെയും പകർത്തുന്ന 'മരണസർട്ടിഫിക്കറ്റ്' സേതുവിന്റെ 'താളിയോല' (1977), കരൂർ ശശിയുടെ 'തികച്ചും വ്യക്തിപരം' എന്നിവയെപ്പോലെ ജീവിതത്തിന്റെ നിരർത്ഥകതയെ ഫലശൂന്യമായ മനുഷ്യന്റെ നട്ടംതിരിച്ചിലുകളിൽ കൂടി വെളിപ്പെടുത്തുന്നു. രൂപപരമായും ഭാവപരമായും ദാർശനികമായും ഒ.വി.വിജയന്റെ ഖസാക്കിന്റെ ഇതിഹാസം' (1969) ഒട്ടേറെ വിവാദവിഷയമായ ഒരു നോവലാണ്.

മൂന്നാം ഘട്ടത്തിൽ മുമ്പു സൂചിപ്പിച്ചതുപോലെ നൂതനമായ അവബോധത്തിന്റെ കൃതികൾ മാത്രല്ല ഉണ്ടായിട്ടുള്ളത്. സന്ദേഹത്തിന്റെയും നിരാസത്തിന്റെയും നോവലുകളെ അധികമധികം നിഷ്പ്രഭമാക്കുന്ന അംഗീകാര നോവലുകളും ഇക്കാലത്തു പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പാരമ്പര്യനിഷ്ഠമൂല്യങ്ങളെ പിന്തള്ളാനോ അസ്തശക്തമാക്കാനോ നൂതനാവബോധത്തിന്റെ മൂല്യങ്ങൾക്കു സാധിച്ചിട്ടില്ല. ഇന്നത്തെ പരിശ്രമം നൂതന മൂല്യാവബോധത്തെ പരമ്പരാഗതമൂല്യത്തിൽ സംക്രമിപ്പിച്ച് സമന്വയം സാധിക്കാനാണ്. ഇതിനുള്ള സദുദ്യമത്തെ തന്റെ 'സ്മാരകശില'കളിൽ കൂടി സാക്ഷാൽക്കരിക്കുവാൻ കഴിഞ്ഞു പുനത്തിൽ കുഞ്ഞബ്ദുള്ളയ്ക്ക്. ജന്മിത്വം പോഷിപ്പിക്കുന്ന കാമം, ഹിംസ, ഔദാര്യം എന്നിവയുടെ മൂർത്തിയായ പുക്കോയത്തങ്ങളാണ് സ്മാരക ശിലകളിലെ നായകൻ. മുസ്ലിം സമൂഹത്തിന്റെ ജീവിത കേന്ദ്രമാണ് തങ്ങൾ. സ്ഥലത്തെ പള്ളിയുടെ സെമിത്തേരിയാണ് ആ ഗ്രാമത്തിൽപ്പെട്ടവരുടെ ഭൂതകാലത്തിന്റെ ശക്തി ദൗർബല്യങ്ങളുടെ ഉറവിടം. എത്രയെത്ര മനുഷ്യർ ആ സെമിത്തേരിയിൽ നിദ്ര കൊള്ളുന്നു! എത്രയെത്ര മനുഷ്യർ തങ്ങളെ ആശ്രയിച്ചു ജീവിക്കുന്നു! തങ്ങൾ കൊല്ലപ്പെടുന്നതോടെ സമൂഹത്തിൽ നിലനിർത്തിയ ജന്മിത്വവ്യവസ്ഥയ്ക്കും ഇളക്കം

തട്ടുന്നു. ഇതു ജനതയെ നയിക്കുന്നത് വിപ്ലവത്തിലേക്കാവാം. തങ്ങളുടെ ജീവിത ചിത്രീകരണം പാരമ്പര്യ നോവൽ സങ്കൽപ്പത്തിനു തികച്ചും അനുരോധമാണ്. അതേ സമയം ആ സെമിത്തേരിയുടെ ഭീകരതയും മൗനവും കൂഞ്ഞാലിയുടെ സംത്രാസവുമെല്ലാം നൂതന ഭാവങ്ങളെ ഉണർത്തുന്നു. ജീർണതകൾ അഴുകി ഇല്ലാതെയാവും. നൂതനക്രമം സംസ്ഥാപിതമാവുകയും ചെയ്യും. ഈ വിധത്തിലുള്ള പുരോഗതി സുസാധ്യവാവണമെങ്കിൽ സാഹിത്യരംഗത്ത് പാരമ്പര്യസങ്കൽപ്പങ്ങളും നൂതനസങ്കൽപ്പങ്ങളും തമ്മിൽ സമന്വയം നടക്കാതെ നിവൃത്തിയില്ല.

മലയാള നോവൽ ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു. നൂതന വിഷയങ്ങളും നൂതന രചനാസങ്കേതങ്ങളും ഇന്നതിനു സമൃദ്ധമായുണ്ട്. ആധുനിക മനശ്ശാസ്ത്രം അവർക്ക് പുതിയ ചക്രവാളങ്ങൾ കാണിച്ചുകൊടുക്കുമെന്നതിന് യാതൊരു സംശയവുമില്ല. നാലു വൻവാല്യങ്ങളിൽ പരന്നുകിടക്കുന്ന വിലാസിനിയുടെ 'അവകാശികൾ' (1980) ബോധധാരാ സങ്കേതത്തെ പ്രയോജനപ്പെടുത്തുന്നു. ഭിന്നകഥാപാത്രങ്ങളിൽക്കൂടിയാണ് വിലാസിനി അവകാശികളുടെ കഥ പറഞ്ഞിരിക്കുന്നത്. നിരവധി ഭാവവിചാരവികാരങ്ങളെ ഉൾപ്പെടുത്തി, സുദീർഘമായി അനുഭൂതിയെ നിലനിർത്താനുള്ള അപൂർവ്വ ശ്രമമെന്ന നിലയിൽ 'അവകാശി'കളെ അംഗീകരിച്ചേ മതിയാവൂ.

നഗരവൽക്കരണവും വ്യവസായവൽക്കരണവും മലയാള നോവലിസ്റ്റിന്റെ ഭാവനയുടെ മേൽ വലിയ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. നൂതന ശാസ്ത്ര സാങ്കേതിക ദർശനങ്ങൾ അമേരിക്കൻ നോവലിസ്റ്റുകളെയെന്നപോലെ ഭാരതീയ നോവലിസ്റ്റുകളെ ഇനിയും സ്വാധീനിച്ചിട്ടില്ല. ഇന്നും ഏതാനും ചെറുപ്പക്കാരെയെങ്കിലും എക്സിസ്റ്റൻഷ്യലിസവും മോഡേണിസവും ആകർഷിക്കുന്നുണ്ട്. മറ്റു ഭാരതീയ സാഹിത്യങ്ങളെന്ന പോലെ മലയാള സാഹിത്യവും ഇപ്പോഴും മാറിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വേരുകൾ പുരാതന ഗ്രാമീണ ഭാരതീയ സംസ്കാരത്തിൽ തന്നെയാണ്. അത് നൂതന പ്രവണതകളെയും ആശയങ്ങളെയും സംവേദനങ്ങളെയും അനുസ്യൂതം സ്വീകരിക്കുന്നു. ഒരു കൊടുങ്കാറ്റത്തും അതിന്റെ

വേരുകൾക്ക് ഇളക്കം തട്ടുന്നില്ല. അടിസ്ഥാനപരമായും അത് മനുഷ്യത്വത്തി ലധിഷ്ഠിതമാണ്. ഒരു സാഹിത്യരൂപത്തിനും, നോവലിനു വിശേഷിച്ചും 'മനുഷ്യനെ' ഒഴിച്ചുനിർത്താനാവില്ല; ഭൂത-വർത്തമാനകാല ങ്ങളിലെ സാരവത്തായ സർവ്വവും സ്വാശീംകരിച്ചുകൊണ്ടും മനുഷ്യത്വത്തെ വളർത്തി ക്കൊണ്ടും മലയാള നോവൽ ഭാവിയിലെ ദീപ്തമേഖലകളിലേക്ക് തീർത്ഥാടകനെപ്പോലെ തികഞ്ഞ ശുഭപ്രതീക്ഷയോടെ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

## നോവൽ പഠനങ്ങൾ

**മഞ്ഞ്**

1964-ലാണ് മഞ്ഞ് എന്ന നോവൽ എം.പി. വാസുദേവൻനായർ പ്രസിദ്ധീകരിക്കു ന്നത്. എം.ടി.യുടെ നോവലുകളിൽ ഏറ്റവും മനോജ്ഞമായ ഭാവശില്പം എന്ന് വിശേ ഷിപ്പിക്കപ്പെടുന്ന കൃതിയാണ് ബോധദാരാ സമ്പ്രദായത്തിൽ രചിക്കപ്പെട്ട ഈ നോവൽ.

മഞ്ഞിന്റെ മൗലികഭംഗിക്ക് നിദാനം അതിന്റെ അപൂർവ്വമനോഹരമായ ഭാഷാശൈ ലിയും അന്തരീക്ഷവുമാണ്. ഭൂമിയുടെ മേൽക്കൂരയിൽ (നൈനിറ്റാളിൽ)എങ്ങനെയോ ഒറ്റപ്പെട്ടുപോയ തടാകതീരത്ത് ഏകാകിനിയായി, നഷ്ടസ്വപ്നങ്ങളെ താലോലിച്ചു കൊണ്ട് വിമല എന്ന ടീച്ചർജി. അവധിക്കാലം ആഘോഷിക്കാൻ രശ്മി വാജ്പേയി എന്ന പതിനാറുകാരി അവളോടു യാത്ര പറഞ്ഞു പുറപ്പെടുന്നത് ഏതോ ചെറുപ്പാക്കര നൊപ്പം. ഹൽദ്വാനിയിൽ വരാനിരിക്കുന്ന രാത്രിയുടെ ചൂടും തണുപ്പും വിമല ഓർമ്മി ച്ചു പോകുന്നു.

അടഞ്ഞുകിടന്ന ജാലകം തുറക്കപ്പെടുകയാണ്. കാലത്തിന്റെ നടപ്പാതയിൽ പണ്ടേ സ്ഥാനം പിടിച്ച ഒരു നിമിഷം. അത് സമ്മാനിച്ച സുധീർകുമാർ മിശ്ര. സ്വപ്ന ങ്ങൾ ഉണരുകയും പെട്ടെന്ന് മുറിയുകയും ചെയ്യുന്നു. വരും, വീണ്ടും വരാതിരിക്കില്ല. കാത്തിരിക്കുകയാണ് എല്ലാവരും. മേഫ്ളറിന്റെ തോണിക്കാരൻ, വെള്ളാരങ്കണ്ണുള്ള സുദ്ദുവും തടാകത്തിനു ചുറ്റുമുള്ള ഭൂമിയും മഞ്ഞിറങ്ങുന്ന കുമയൂൺ കുന്നുമെല്ലാം കാത്തുകിടപ്പാണ്.

വരും വരാതിരിക്കില്ല. ഈ വർഷമല്ലെങ്കിൽ അടുത്തവർഷം. ആ കാത്തിരിപ്പിന്റെ വ്യർത്ഥതയിലും കൈമോശം വരാത്ത സ്വപ്നത്തിന്റെ ചാരുത മുഴുവൻ ആവാഹിക്കു ന്നുണ്ട് ഈ നോവൽ. അപഗ്രഥനാതീതമായ കാവ്യാനുഭവം പ്രദാനം ചെയ്യുന്ന അസാ

ധാരണ നോവലാണിത്. കഥാപാത്രങ്ങളുടെ മനോവൃത്തികൾക്കനുരൂപമായി സൃഷ്ടിക്കപ്പെട്ട അന്തരീക്ഷത്തിന്റെ സൗന്ദര്യമാണ് മഞ്ഞിന്റെ മനം മയക്കുന്ന സവിശേഷത.

**ഖസാക്കിന്റെ ഇതിഹാസം**

1969-ൽ ആദ്യപതിപ്പ് പുറത്തുവന്ന 'ഖസാക്കിന്റെ ഇതിഹാസം' മലയാളത്തിനു ഒരു ഇതിഹാസമായി മാറി. അതിന്റെ രചയിതാവ് എന്ന നിലയിൽ ഒ.വി. വിജയൻ ചരിത്രപുരുഷനുമായി. ഏറെക്കുറെ സാങ്കല്പികമായ ഖസാക്ക് എന്ന ഗ്രാമപ്രദേശത്തിന്റെ നാട്ടുവഴികളിലൂടെ രവിയെന്ന കഥാപാത്രത്തിന്റെ അലക്ഷ്യമായ യാത്രയും അയാളുടെ ചിതറിയ ഓർമ്മകളുമാണീ നോവൽ ചിത്രീകരിക്കുന്നത്.

പാലക്കാടൻ കുന്നുകൾക്കിടയിൽ ഒറ്റപ്പെട്ടുപോയ ഖസാക്ക് എന്ന ഗ്രാമത്തിൽ ഏകാദ്ധ്യാപക വിദ്യാലയം തുടങ്ങാൻ എത്തിച്ചേർന്നതാണ് രവി. അപരിചിതമായ അന്തരീക്ഷം; മനുഷ്യർ. അവർക്കിടയിൽ നിസ്സംഗതനായി കഴിയാൻ രവി ശ്രദ്ധിക്കുന്നു. തേവാരത്തു ശിവരാമൻ നായരുടെ ഞാറ്റുപുരയിലാണ് ഏകാദ്ധ്യാപക വിദ്യാലയം. രവി അവിടെത്തന്നെ താമസവുമാക്കി. ഓത്തുപള്ളി നടത്തുന്ന അള്ളാപ്പിച്ച മൊല്ലാക്കയാണ് പുതിയ വിദ്യാലയത്തിന് ഏറ്റവുമധികം എതിരു നിന്നത്. പക്ഷേ സ്കൂളിൽ അടിച്ചുതളി ജോലി ഒഴിവു വന്നപ്പോൾ രവി നിയമനം നടത്തിയത് മൊല്ലാക്കയ്ക്കാണ്. ഞാറ്റുപുരയും താണ്ടികിടക്കുന്ന നീണ്ട ചവിട്ടടിപ്പാതയിലൂടെ നടക്കുമ്പോൾ രവിയെക്കുറിച്ചു മൊല്ലാത്ത ഓർക്കുന്നു: ''ഞാറ്റുപുരയിലെ അജ്ഞാതനോട് അയാൾക്ക് സഹതാപവും സ്നേഹം പോലും തോന്നി. നിർദ്ദോഷിയായ പഥികൻ: മൊല്ലാക്ക ഓർത്തു. കർമ്മബന്ധത്തിന്റെ ഏതു ചരടാണ് നിങ്ങളെ ഈ വഴി കൊണ്ടുവന്നത്?

സ്ഥായിയായ പകലോ വെറുപ്പോ ഖസാക്കിന്റെ അന്തരീക്ഷത്തിൽ കാളിമ കലർത്തുന്നില്ല. വിധിയുടെ അജ്ഞാത കരങ്ങൾ പ്രകൃതിയെ ചലിപ്പിക്കുന്നു. താളം നിലനിർത്തുന്നു. അതേ വിധിയുടെ കരങ്ങളത്രേ രവിയെ ഓരോരോ താവളങ്ങളിൽ കൊണ്ടുചെന്നെത്തിച്ചത്. ദാരുശില്പങ്ങൾ നിറഞ്ഞ വീട്ടിൽ മഞ്ഞപ്പുൽത്തട്ടുകളിലേക്കു നോക്കിയ കിടക്കറയിൽവെച്ച് അയാൾ സ്വന്തം ചിറ്റമ്മയുടെ മേനിച്ചൂടനുഭവിച്ചു. ആ പാപബോധത്തിന്റെ ചുരിൽനിന്നും രക്ഷനേടാൻ രവിക്കു കഴിയുന്നില്ല. കൂട്ടുകാരിയായ പത്മ പോലും ആ ജീവിതത്തിന് പുതിയൊരു അർത്ഥം നൽകാൻ ശക്തയായില്ല. ഓണേഴ്സ് പരീക്ഷയുടെ തലേന്ന് ഹോസ്റ്റലിൽ നിന്ന് അയാൾ ഇറങ്ങിത്തിരിച്ചു. അത

യാളെ ഒടുവിൽ ഈ വഴിയമ്പലത്തിൽ എത്തിച്ചു.

ഖസാക്ക് അവിടെ എത്രയെത്ര കഥകളും കഥാപാത്രങ്ങളും അവയൊക്കെ രവിയുടെ ജീവിതത്തെ ഓരോ തരത്തിൽ തൊട്ടും തലോടിയും കടന്നുപോയി. ചില സന്ധ്യാവേളകളിൽ തോടും താമരക്കുളവുമൊക്കെ കടന്ന് രവിയും മാധവൻനായരും കൂടി നടക്കാനിറങ്ങും. ചെതലിയുടെ അടിവാരത്തിൽ ഒരു കാവും നാലഞ്ചു കുട്ടികളും ഉണ്ടായിരുന്നു. കോടച്ചി എന്ന മദ്ധ്യവയസ്ക അവർക്കു ചാരായം നൽകി സൽക്കരിച്ചു. അവളുടെ കിടപ്പറയിലെ തഴപ്പായയിൽ ജമന്തിപ്പൂക്കളുടെ ഗന്ധം അവർ അറിഞ്ഞു. ആ ഗ്രാമത്തിലെങ്ങും വസൂരി പടന്നുപിടിച്ചു. രവിയും രോഗബാധിതനായി. കുട്ടികളായും സ്ത്രീകളായും മുതിർന്നവരായും പലരും മരിച്ചു. രവിയുടെ അസുഖം ഭേദമായി അയാൾ വീണ്ടും വാറ്റുചാരായത്തിന്റെ ലഹരി തേടിപ്പോയി.

വേനൽക്കാലം കഴിഞ്ഞു സ്കൂൾ വീണ്ടും തുറന്നു. രവി ഹാജരുപുസ്തകത്തിലെ പേരുകൾ പലതും വെട്ടിമാറ്റി. വസൂരിയുടെ അനന്തരഫലം. അപ്പോഴും മാധവൻനായരെ കൂട്ടുപിടിച്ച് ലഹരിതേടി അയാൾ കറങ്ങി നടന്നു. ഏഴു വർഷത്തിനു ശേഷം തന്നെത്തേടി നാട്ടിൽ നിന്നെത്തിയ പത്മത്തിന്റെ നിർബന്ധത്തെ തുടർന്ന് ഖസാക്കിൽ നിന്നു മടങ്ങാമെന്ന് രവി സമ്മതിച്ചു.

രവി അതികാലത്തുണർന്നു. രാജിക്കത്തിന്റെ പകർപ്പ് ലക്കോട്ടിലാക്കി രജിസ്റ്ററിനകത്തു വച്ചു. ഉമ്മറവാതിലടച്ച് തഴുതിട്ടു പൂട്ടി. കനക്കുന്ന മഴയിലൂടെ രവി നടന്നു. അയാൾ കൂമൻകാവിലെത്തി. ബസുകാർ ഉപയോഗിച്ചിരുന്ന ഒരു മൺപുര ഇടിഞ്ഞു വീണിരുന്നു. മൺചുമരിന്റെ വലിയ കട്ടകൾ കുമിഞ്ഞുകിടന്നു. ബസു കാത്തു നിൽക്കേ രവി കട്ടകളെ പതുക്കെ കാലുകൊണ്ടിളക്കി. ഒരു പാമ്പിന്റെ പത്തി വിടരുന്നതു രവി കൗതുകത്തോടെ നോക്കി. അയാളുടെ പാദത്തിൽ അതിന്റെ പല്ലുകൾ അമർന്നു. കാല്പടത്തിൽ വീണ്ടും വീണ്ടും അതു പതിഞ്ഞു. പിന്നെ അത് മൺകട്ടകൾക്കിടയിലേയ്ക്കു നുഴഞ്ഞുപോയി. ബസു വരാനായി രവി കാത്തുകിടന്നു.

പാശ്ചാത്യസാഹിത്യത്തിന്റെ പ്രതിഫലനമായ മൂല്യനിഷേധത്തിനപ്പുറം ഭാരതീയ ദർശനത്തിന്റെ സത്താവിശേഷമായ ജീവിത നൈരന്തര്യത്തെക്കുറിച്ചുള്ള അവബോധമാണ് രവിയുടെ സൃഷ്ടിയിൽ ദൃശ്യമാകുന്നത്. ആധുനികതയുടെ ആകാശത്തിൽ ഒറ്റ

പ്പെട്ട ധ്രുവ നക്ഷത്രമായി 'ഖസാക്കിന്റെ ഇതിഹാസം' പ്രഭ ചൊരിയുന്നതും ഇതു കൊണ്ടുതന്നെ.

**ഒരു വഴിയും കുറേ നിഴലുകളും**

അകാലത്തിൽ അന്തരിച്ച രാജലക്ഷ്മിയുടെ ഏറെ സവിശേഷമായ ഒരു നോവലാണ് 'ഒരു വഴിയും കുറെ നിഴലുകളും'. ഏകാന്തതയുടെ ബലിയർപ്പണമെന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ഈ കൃതി 1960-ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടി. ഈ നോവൽ രമണി എന്ന മണിക്കുട്ടിയുടെ മനസ്സിൽ വന്നുവീഴുന്ന നിഴലുകളുടെയും അതിനുള്ളിൽ തെളിയുന്ന വഴിയുടെയും ചിത്രീകരണമാണ്.

മനോഹരമായ കുന്നിൻപ്രദേശവും താഴ്വരയും കാവും അമ്പലവും ശ്രീകോവിലും ആൽമരവുമൊക്കെയുള്ള ഒരു ഗ്രാമപ്രദേശത്താണ് മണിക്കുട്ടിയുടെ വീട്. ആ നാട്ടിൻപുറത്തെ ജീവിതം അവൾക്ക് ചെറുപ്പത്തിൽതന്നെ ഒരു കവിഹൃദയും ഉണ്ടാക്കിക്കൊടുത്തു. ഒരുനാൾ നവാതിഥികളെപ്പോലെ ഒരു കുടുംബം ആ ഗ്രാമത്തിലേയ്ക്കു കടന്നുവന്നു. അവർ തന്റെ അച്ഛന്റെ സഹോദരിയും ഭർത്താവും മകൻ അപ്പുവുമാണ് എന്നതു മണിക്കുട്ടിയെ അത്ഭുതപ്പെടുത്തി. തന്റെ വീട്ടുകാർ അവരുമായി പിണക്കത്തിലാണെങ്കിലും അത് കാര്യമാക്കാതെ മണിക്കുട്ടി അപ്പുവുമായി അടുത്തു. അപ്പു വളരുകയും ദൂരെയുള്ള കോളേജിലേയ്ക്കു പഠിക്കാൻ പോവുകയും ചെയ്തപ്പോഴും കത്തുകളിലൂടെയും മറ്റും ആ ബന്ധം തുടർന്നുകൊണ്ടിരുന്നു.

തന്റെ അച്ഛന്റെ ആകസ്മികമായ മരണത്തെതുടർന്ന് അപ്പുവിന്റെ പഠനം ഉഴപ്പി. നീണ്ട കാത്തിരിപ്പിനൊടുവിൽ ഒരു കമ്പനിയിൽ അപ്രധാനമായ ജോലി ലഭിച്ചു. എന്നാൽ കവിതകൾ എഴുതി പ്രസിദ്ധീകരിച്ചു തുടങ്ങിയതോടെ മണിക്കുട്ടി കോളേജിലെ താരമായി മാറി. അവൾക്ക് ഒട്ടേറെ ആരാധകരും ഉണ്ടായി. കോളേജുപഠനകാലത്ത് ചഞ്ചലകലുഷമായിരുന്നു അവളുടെ അന്തരംഗം. അടുക്കാൻ ശ്രമിച്ച പുരുഷന്മാർക്കായി അവൾ പ്രേമം കരുതിവച്ചു. അന്തർമുഖിയായിരുന്ന അവൾ തേടിവന്ന ആലോചനകളെല്ലാം തിരസ്കരിച്ചു. ആരെയും പ്രണയിക്കാൻ അവൾ താത്പര്യം കാണിച്ചില്ല. എന്നിട്ടും അപവാദകഥകൾ പ്രചരിപ്പിക്കപ്പെട്ടു. പരീക്ഷയ്ക്ക് എന്തൊക്കെയോ എഴുതി ഒപ്പിച്ചിട്ട് അവൾ നാട്ടിലേയ്ക്കു മടങ്ങി.

ഇതിനിടെ അപ്പു രാജിവച്ച് നാട്ടിൽ എത്തിയിരുന്നു. അവനെ എന്തോ കാര്യമായ അസുഖം ബാധിച്ചിരിക്കുന്നു. വിദഗ്ദ്ധ ചികിത്സ നടത്തിയിട്ടും മാറ്റമുണ്ടായില്ല. പരീക്ഷ

യിൽ കഷ്ടിച്ചു വിജയിച്ചുവെങ്കിലും മുന്നോട്ട് പഠിക്കുവാൻ മണിക്കുട്ടി തയ്യാറായില്ല. അപ്പുവിന്റെ ആരോഗ്യത്തിൽ വന്ന മാറ്റം അവളെ ഏറെ നൊമ്പരപ്പെടുത്തി. ചികിത്സ യ്ക്കുവേണ്ടി കിടപ്പാടത്തിന്റെ ഒരു ഭാഗം തന്നെ വിറ്റെങ്കിലും മാറ്റം ഉണ്ടായില്ല.

ഒരു നാൾ കാവിൽ പോയിട്ടു തിരിച്ചുവരുന്ന ചെറിയമ്മയെക്കണ്ട് വിവരങ്ങൾ അന്വേഷിക്കാൻ മണിക്കുട്ടി കാത്തുനിന്നു. അപ്പുവിന്റെ രോഗത്തിനു കുറവില്ലെന്നും ഇപ്പോൾ ആഹാരമോ മരുന്നോ പോലും കഴിക്കുന്നില്ലെന്നുമാണ് ചെറിയമ്മ പറഞ്ഞത്. ഇനി കൂടുതൽ ചികിത്സാ സൗകര്യം തേടി മറ്റെവിടെയെങ്കിലും കൊണ്ടുപോകണം. ചെറിയമ്മയോടൊപ്പം മണിക്കുട്ടി മുന്നോട്ടു നടന്നു. നേരം ഇരുട്ടിയെന്നും തിരിച്ചു പൊയ്ക്കൊള്ളാനും ചെറിയമ്മ അവളോടു പറഞ്ഞു. പക്ഷേ അവൾ പിന്തിരിഞ്ഞില്ല. ചെറിയമ്മയെപ്പോലെ താനും തനിക്കിഷ്ടപ്പെട്ട പുരുഷനെ സ്വീകരിക്കുകയാണെനനും അപ്പുവേട്ടനെ ഏതെങ്കിലും നല്ല ഹോസ്പിറ്റലിൽ കൊണ്ടുപോയി ചികിത്സിക്കാമെന്നും അവൾ പറഞ്ഞു. അങ്ങനെ അവളുടെ ജീവിതത്തിൽ എല്ലാ നിഴലുകളും അകന്ന് ഒരു വഴി വ്യക്തമായി. മുറച്ചെറുക്കനെങ്കിലും ക്ഷയരോഗിയായിത്തീർന്ന അപ്പുവിന്റെ ഭാര്യാ പദവി അവൾ സ്വീകരിക്കുന്നതോടെ നോവൽ അവസാനിക്കുന്നു.

ആഗ്രഹിച്ചതൊന്നും സ്വന്തമാക്കാൻ കഴിയാതെ ഒറ്റപ്പെട്ടവളായി, പുറംതള്ളപ്പെട്ടവ ളായി ഒതുങ്ങിക്കൂടാൻ വിധിക്കപ്പെട്ട സ്ത്രീ. എക്കാലത്തും അവളുടെ വിധി ഒന്നുതന്നെ യാണ്. നിലവിളികൾ നിഷ്പ്രയോജനമാണ്. നിലവിളി ആത്മാവിൽ അമർന്നു കിടക്കു ന്നു. കനം തൂങ്ങുന്ന മനസ് സത്യം വെളിപ്പെടുത്തുന്നു. ജീവിതത്തിൽ ഒരു വഴിയേയു ള്ളൂ. എല്ലാ മോഹങ്ങളും വ്യർത്ഥമാണ്. ജീവിതം എന്നും തടവറ തന്നെയാണ്. അവിടെ ദുഃഖങ്ങൾ ഒളിപ്പിച്ചുവെച്ച് അനുഭവങ്ങളുമായി പൊരുത്തപ്പെട്ട് യന്ത്രത്തെ പ്പോലെ ചലിക്കാം. അതിനപ്പുറമൊന്നും ആശിക്കാനില്ല. നോവലിസ്റ്റ് വെളിപ്പെടുത്തു ന്നു.

**പാണ്ഡവപുരം**

1982 ലെ കേരള സാഹിത്യ അക്കാദമി അവാർഡു നേടിയ സേതുവിന്റെ നോവ ലാണ് 'പാണ്ഡവപുരം'. വിഭ്രമാത്മകമായ അനുഭവങ്ങളിലൂടെ, അപരിചിതമായ സങ്കല്പ ങ്ങളിലൂടെ, വായനക്കാരനെ പിന്തുടരുന്ന ഈ നോവൽ നവീനഭാവുകത്വത്തിനു കൈവന്ന അപൂർവ്വലബ്ധിയാണ്. തന്നെ ഉപേക്ഷിച്ചുപോയ കാമുകനെയോ ഭർത്താവി നെയോ കാത്തിരിക്കുന്ന സ്ത്രീയുടെ അതിസാധാരണമായ സാമാന്യബോധത്തിനുപ്പുറ ത്തുനിന്ന് 'ജാരൻ' എന്ന നീചപുരുഷൻ അധമമായ കാമവുമായി കടന്നുവന്ന് രാക്ഷസീ

യമായ ക്ഷോഭം സൃഷ്ടിക്കുന്ന അസാധാരണമായ കഥയാണത്. ദേവിയെന്ന സ്കൂൾടീച്ചർ ദുർഗ്ഗാദേവിയോളം വളരുന്ന ഉന്മത്തനിമിഷങ്ങളിലേയ്ക്ക് പാണ്ഡവപുരം വായനക്കാരെ കൊണ്ടുപോകുന്നു. പാണ്ഡവപുരത്തിന്റെ ഏറ്റവും വലിയ ആകർഷണം അതിലെ ജാരബിംബവും അത് കേന്ദ്രമായ ജാരപുരാവൃത്തവുമാണ്. ജാരന്റെ പ്രേതരൂപം ദേവിയെ എന്നപോലെ വായനക്കാരെയും വശീകരിക്കുന്നു. പകൽവെളിച്ചത്തിൽ മറ്റാരെയുംപോലെ നടക്കുന്ന ജാരൻ, താൻ മങ്ങിയ വെളിച്ചത്തിൽ നിഴലുപോലെ സഞ്ചരിക്കുകയാണെന്ന മിഥ്യാപ്രതീതിയുളവാക്കുന്നു.

അപൂർവ്വമായ ഓർമ്മകളോടെയാണ് പാണ്ഡവപുരം എന്ന ദേശം ദേവിയുടെ മനസ്സിലേക്കു കടന്നുവന്നത്. കൊച്ചു കൊച്ചു വീടുകളും നീണ്ട പുകക്കുഴലുകളോടുകൂടിയ മഞ്ഞനിറമുള്ള കെട്ടിടങ്ങളും വിഷവാതകം ശ്വസിക്കുന്ന മനുഷ്യരുമൊക്കെയുള്ള ഒരു കോളനി. വർഷങ്ങൾക്കു മുമ്പ്, ഒരാഴ്ചത്തെ മാത്രം പരിചയമുള്ള ഒരു മനുഷ്യന്റെ ഭാര്യയായ അമ്പരപ്പോടെയാണ് ദേവി അവിടേയ്ക്കു കടന്നുവന്നത്. പാണ്ഡവപുരത്തെ തെരുവുകളിലൂടെ ജാരന്മാർ പുളച്ചുനടന്നു അനാഥരായ പെൺകുട്ടികളുടെ ജീവിതം പന്താടാനായി. വർഷങ്ങൾക്കുശേഷം ആയിരം നാഴിക അകലെ ആളൊഴിഞ്ഞ പ്ലാറ്റ്ഫോമിൽ അപരിചിതനായ വിരുന്നുകാരനെയും പേറി വരുന്ന വണ്ടിക്കുവേണ്ടി കാത്തിരിക്കുമ്പോൾ പാണ്ഡവപുരം എത്രയോ അകലെയാണെന്നു ദേവിക്കു തോന്നി. അവൾ ആരെയോ കാത്തിരിക്കുകയാണ്.

അങ്ങനെ ഒരുനാൾ അവളുടെ മനസ്സ് വിഭ്രാന്തിയിലേയ്ക്കുയർന്ന ഏതോ നിമിഷത്തിൽ പാണ്ഡവപുരത്തുനിന്നു കുഞ്ഞിക്കുട്ടന്റെ വീടും തേടി അയാൾ വന്നു – ജാരൻ. ദേവി അയാളെ എതിരേറ്റു. അയാൾക്കായി അവൾ മുറിയൊരുക്കി. ദേവിയുടെ ഭർത്തൃസഹോദരിയായ ശ്യാമള പാണ്ഡവപുരം എന്നൊരു സ്ഥലം വാസ്തവത്തിൽ ഉണ്ടോ എന്ന് അതിഥിയോട് ചോദിച്ചു. അതിന് അയാളുടെ മറുപടി ഇങ്ങനെയായിരുന്നു – പാണ്ഡവപുരം എന്നൊരു സ്ഥലം തീർച്ചയായും ഉണ്ടായിരുന്നിരിക്കണം. അല്ലെങ്കിൽ ഉണ്ട്. എവിടെയോ എങ്ങോ. നമ്മുടെ കിനാവുകളിൽ നമ്മൾ കൊതിക്കുന്ന, ഇഷ്ടപ്പെടുന്ന, വെറുക്കുന്ന പാണ്ഡവപുരം. പണ്ട് പാണ്ഡവർ അജ്ഞാതവാസം നടത്തിയ അവിടെ ഇന്ന് പട്ടണവും ഫാക്ടറികളും വന്നു.

മടങ്ങിപ്പോകാൻ തയ്യാറായ അതിഥിയോട് ദേവി പറഞ്ഞു – നിങ്ങൾ ഇവിടെ നിന്നു പോകുന്നില്ല. വർഷങ്ങളായി നെയ്തെടുത്ത വലയിലേയ്ക്ക് ഞാൻ നിങ്ങളെ ആവാഹിച്ചു വരുത്തുകയായിരുന്നു. അത്രവേഗം കെട്ടുപൊട്ടിച്ചെറിഞ്ഞ് ഓടി രക്ഷപെ

ടാൻ നിങ്ങൾക്കു കഴിയില്ല. അവളുടെ ആ വാക്കുകളുടെ ആജ്ഞാശക്തിക്കു മുന്നിൽ അയാളുടെ യാത്ര മുടങ്ങി. അയാളുമായുള്ള സംയോഗത്തിലൂടെ തന്റെ പ്രതികാരം പൂർത്തിയായതായി ദേവിക്കു തോന്നി. തന്നെ ഉപേക്ഷിച്ചുപോയ ഭർത്താവായ കുഞ്ഞിക്കുട്ടനോടുള്ള പ്രതികാരമായിരുന്നു അത്. ദേവിക്ക് അത് വിജയത്തിന്റെ, പ്രതികാരത്തിന്റെ ദിനമായിരുന്നു. പക്ഷേ അത് മോഹഭംഗം നിറഞ്ഞ ഒരു മനസ്സിന്റെ സ്വപ്നവുമായിരുന്നു.

പാണ്ഡവപുരത്തെ തീവണ്ടിയാപ്പീസിൽ അപരിചിതനായ വിരുന്നകാരനെയും കാത്ത് നിസ്സഹായനായി കഴിയുന്ന ദേവിയുടെ കഥയാണ് സേതു അവതരിപ്പിക്കുന്നത്. കുന്നിൻമുകളിലെ കരിങ്കൽച്ചുവരുകൾക്കു നടുവിലുള്ള ശ്രീകോവിലിൽ ചുവന്ന ഉടയാടകൾ ധരിച്ച്, നെറുകയിൽ സിന്ദൂരക്കുറി ചാർത്തി, ഭഗവതി ചമ്രം പടിഞ്ഞിരിക്കുന്നു. ധ്യാനത്തിന്റെ അഗ്നിയിൽ തേജോമയമാകുന്ന അവളുടെ മുഖം. ആ ചുവപ്പിൽ പാണ്ഡവപുരത്തെ ജാരന്മാർ ഈയലുകൾപോലെ കരിഞ്ഞുവീഴുന്നു. അസാധാരണമായ ഒരന്തരീക്ഷത്തിന്റെ സൃഷ്ടിയിലൂടെ, അപരിചിതത്വത്തിന്റെ, അന്യതാബോധത്തിന്റെ നവ്യമായ ഒരു കലാനുഭവം സൃഷ്ടിക്കുകയാണ് സേതു. പുതുമയാർന്ന ഈ രചനാതന്ത്രം ശ്രദ്ധാർഹമാണ്.

**ഉഷ്ണമേഖല**

ആദർശങ്ങൾ അർത്ഥശൂന്യമായിത്തീർന്ന കാലഘട്ടത്തിലെ ഏകാകിയായ മനുഷ്യന്റെ ദുരന്തമാണ് 'ഉഷ്ണമേഖല'യിലെ പ്രമേയം. ആദർശം ജീവിതത്തിന് ആവേശം പകർന്ന യൗവനത്തിൽ ശിവൻ വിപ്ലവപ്രസ്ഥാനവുമായി ബന്ധപ്പെട്ടു. കമ്മ്യൂണിസ്റ്റായി. വീടു മറന്ന് അയാൾ നാടു നന്നാക്കാൻ നടന്നു. പക്ഷേ അപ്രതീക്ഷിതമായി സംഭവിച്ച അച്ഛന്റെ മരണം ശിവന്റെ മുന്നിൽ വലിയ ഒരു ചോദ്യചിഹ്നമായി. ''നീ ഒന്നും കാണുന്നില്ല. പ്രസ്ഥാനത്തോട് നിനക്കുള്ള സ്നേഹം നല്ലതു തന്നെ. പക്ഷേ ഞങ്ങളോട് നിനക്ക് ഒരു കടപ്പാടുമില്ലേ മോനേ? എന്ന അമ്മയുടെ ചോദ്യം ശിവന്റെ മനസ്സിൽ കിടന്നു മുഴങ്ങി.

ഒടുവിൽ പാർട്ടിയുടെ അനുവാദത്തോടെ അയാൾ നഗരത്തിലേയ്ക്കു യാത്രയായി. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിൽ നിന്നകന്ന്, താൻ സ്നേഹിച്ച സത്യത്തിൽ നിന്നു വേർപെട്ട് അയാർത്ഥമായ മറ്റൊരു ലോകത്ത് അകപ്പെടുകയാണ് നഗരത്തിലെത്തുന്ന ശിവൻ. അയാൾക്ക് ശാന്തി ലഭിക്കുന്നില്ല. സമൂഹത്തിൽനിന്ന് ഒറ്റതിരിക്കപ്പെടുന്നു. പൊരുത്തപ്പെടാൻ സാധ്യമല്ല.

'നഗരത്തെ കണ്ടു. നഗരത്തിൽ നടക്കുന്നതൊക്കെ കണ്ടു. പക്ഷെ അവയുടെ ഭാഗമാകാൻ കഴിഞ്ഞിട്ടില്ല. അതു കഴിയുമെന്നും തോന്നുന്നില്ല. താൻ അപരിചിതനാണ്.' – ഇതാണ് ശിവൻ നേരിടുന്ന പ്രതിസന്ധി. സമൂഹത്തോടുള്ള സംഘർഷമാണ് ഇവിടെ പ്രതിസന്ധി സൃഷ്ടിക്കുന്നത്. അയാർത്ഥമായ സമൂഹം അന്യതാബോധം സൃഷ്ടിക്കുന്നു. അപരിചിതത്വം വളർത്തുന്നു. 'ഉഷ്ണമേഖല' എന്ന നോവലിലൂടെ സമൂഹത്തിന്റെ സാമാന്യഗതിയുമായി പൊരുത്തപ്പെടാൻ കഴിയാതെ സ്വയം അന്യനായി മാറുന്ന സമൂഹത്തിന്റെ മുഖമാണ് കാക്കനാടൻ അവതരിപ്പിക്കുന്നത്.

**മരുഭൂമികൾ ഉണ്ടാകുന്നത്**

മരുഭൂമിയിൽ സ്ഥിതിചെയ്യുന്ന രംഭാഗഢ് പട്ടണത്തിലെ കോട്ടയ്ക്കുള്ളിൽ സർക്കാർ സ്ഥാപിക്കുന്ന സ്ട്രാറ്റജിക് ഇൻസ്റ്റലേഷൻസിൽ ഓഫീസറാണ് കുന്ദൻ. അയാളുടെ അസ്വാസ്ഥ്യജനകമായ അനുഭവങ്ങൾ, അവയെ മുൻനിർത്തി നടക്കുന്ന സവിസ്തരമായ ചർച്ചകൾ, ഇവയിലൂടെയാണ് നോവലിസ്റ്റായ ആനന്ദ് തന്റെ ദർശനം അനാവരണം ചെയ്യുന്നത്.

പണി ചെയ്യിക്കുന്നതിനായി കൊണ്ടുവരുന്ന തടവുപുള്ളികളെ പരിശോധിച്ചു സാക്ഷ്യപ്പെടുത്തുകയാണ് കുന്ദൻ. അതിൽ പശുപതിസിംഗ് എന്ന തടവുകാരന്റെ അടയാളങ്ങൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ലെന്ന് കുന്ദൻ മനസ്സിലാക്കുന്നു. ഇത് മറ്റാരോ ആണ്. എന്നിട്ടും ഒഴിവാക്കാൻ കഴിയാതെ താത്ക്കാലിക വ്യവസ്ഥയിൽ സൂക്ഷിക്കാൻ അയാൾ നിർബന്ധിതനാകുന്നു.

പിന്നീട് കുന്ദൻ അറിഞ്ഞത് ഞെട്ടലുണ്ടാക്കുന്ന സത്യമാണ്. തന്റെ മുന്നിൽ ഹാജരാക്കപ്പെട്ട തടവുപുള്ളിയായ പശുപതിസിംഗ് യഥാർത്ഥത്തിൽ സുലൈമാൻ എന്ന മറ്റൊരാളാണ്. തന്റെ കുടുംബത്തിന് മാസം 500 രൂപ കൊടുക്കാമെന്ന ധാരണയിൽ പശുപതി സംഗിനു പകരമായി ജയിലിൽ പോകാൻ തയ്യാറായ ദരിദ്രൻ. മാസം 500 രൂപയുടെ പോലും വിലയില്ലാതായ സ്വാതന്ത്ര്യം.

പല പുതിയ അറിവുകളുടെയും പീഡനമേല്ക്കേണ്ടിവരുന്ന കുന്ദന്റെ അനുഭവങ്ങളിലൂടെ മനുഷ്യസമൂഹത്തെ മുഴുവൻ അധികാരത്തിന്റെ കീഴിൽ ഒതുക്കുന്ന ആധുനിക ഭരണയന്ത്രത്തിന്റെ ക്രൂരത വെളിവാക്കപ്പെടുന്നു. മരണത്തിന് വിധിക്കപ്പെട്ട തടവുപുള്ളികളാണ് അവരുടെ ശിക്ഷാവിധി നടപ്പാക്കുംമുമ്പ് രഹസ്യസുരക്ഷാ പദ്ധതിക്കുവേണ്ടി പണിയെടുക്കുന്നത്. മരണം മാത്രമാണ് അവരെ കാത്തിരിക്കുന്ന വിധി. രഹസ്യപദ്ധതി

യുടെ വിവരങ്ങൾ ചോർന്നുപോകാതെ സൂക്ഷിക്കാൻ കണ്ടെത്തിയ തന്ത്രം. മനുഷ്യനും മനുഷ്യനും തമ്മിൽ ബന്ധമില്ലയ മനസ്സിന്റെ ഈർപ്പം നഷ്ടമാകുന്നു. അധികാരം മനുഷ്യനെ അകറ്റുന്നു. മണ്ണ് മരുഭൂമിയായിത്തീരുന്നു.

മനുഷ്യന്റെ നിസ്സഹായത, താൻ കേവലം ഉപകരണം മാത്രമാണെന്നും സ്വന്തം സ്വാതന്ത്ര്യം തന്റെ പക്കലില്ലെന്നുമുള്ള തിരിച്ചറിവ്, മനുഷ്യസമൂഹത്തെ മണൽക്കാറ്റു പോലെ നായാടുന്ന ദുർഭഗാവസ്ഥയാണ് ആനന്ദ് ചിത്രീകരിക്കുന്നത്.

**സ്മാരകശിലകൾ**

1977–ലാണ് പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'സ്മാരകശിലകൾ' പുറത്തുവന്നത്. പള്ളിക്കു ചുറ്റുമുള്ള പറമ്പുനിറയെ ഖബറിടങ്ങൾ. അതിനുള്ളിൽ ഓരോരോ കഥകളുടെ പരിസമാപ്തി കൂടികൊള്ളുന്നു. ജീവിതകാലത്ത് ആടിത്തീർത്ത വേഷങ്ങൾ അഴിച്ചുവച്ച് നിത്യവിശ്രമത്തിനു പോയ കഥാപാത്രങ്ങൾ. അവരുടെ സ്മാരകശിലകളിൽ നിന്ന് ഒരു പുരാവൃത്തം വായിച്ചെടുക്കാൻ ശ്രമിക്കുകയാണ് പുനത്തിൽ കുഞ്ഞബ്ദുള്ള, 'സ്മാരകശിലകൾ' എന്ന പ്രശസ്ത നോവലിൽ.

ഞാറയ്ക്കൽ തറവാട്ടിൽ പിറന്ന അരുമയായ പെൺകുട്ടിക്ക് പേരു വിളിച്ചത് പൂക്കുഞ്ഞിബീ എന്നാണ്. അവൾ പിറന്ന നാളിൽ തൊടിയിൽ നീലി പ്രസവിച്ചിട്ട കുഞ്ഞിനെയും തങ്ങൾ തന്റെ ബീടരുടെ അരുകിൽ ചേർത്തുകിടത്തി. കുട്ടിക്ക് കുഞ്ഞാലി എന്ന പേരും കൊടുത്തു.

തങ്ങൾ പറഞ്ഞുകൊടുത്ത കഥ കേട്ട് പൂക്കുഞ്ഞിബീ വളർന്നു. അവളുടെ മനസ്സിൽ സ്വപ്നങ്ങളുടെ പൂമൊട്ടു വിരിഞ്ഞു. അതിന്റെ സുഗന്ധമായി കുഞ്ഞാലിയെ അവൾ തിരിച്ചറിഞ്ഞു. പക്ഷേ, പ്രേമനിർഭരമായ ശബ്ദം കുഞ്ഞാലിയെ ഉണർത്തിയില്ല. ഒരു ക്ഷയരോഗിയുടെ കിടപ്പറയിൽ ശ്വാസം കിട്ടാതെ വലയുമ്പോൾ പൂക്കുഞ്ഞിബീ വീടുവിട്ടിറങ്ങി. കുഞ്ഞാലി അവളെ തേടിച്ചെന്നു.

'ഗോസായിക്കുന്നിന്റെ താഴ്വരയിൽ കടപ്പുറത്തെ വിജനതയിൽ ഒരു സ്വർണ്ണ മത്സ്യം പോലെ പൂക്കുഞ്ഞിബീ അടിഞ്ഞു കിടന്നു. നനഞ്ഞ പൂഴിയിൽ നുരയ്ക്കുന്ന തിരമാലകൾ തണുത്ത ശരീരത്തെ ഇടയ്ക്കിടെ നനച്ചുകൊണ്ടിരുന്നു. പിന്നെ കുഞ്ഞാലിക്ക് അവിടെ നിൽക്കാനാവുന്നില്ല. ഒഞ്ചിയത്തെ മലയിടുക്കുകൾ ലക്ഷ്യം വെച്ച് കടപ്പുറം താണ്ടി കരയിലൂടെ അവൻ നടന്നകന്നു.

സ്വപ്നസദൃശ്യമായ ഒരു കഥാപ്രപഞ്ചത്തിന്റെ മനോഹാരിതയിൽ സഹൃദയരെ കൊണ്ടെത്തിക്കുന്ന നോവലാണ് 'സ്മാരകശിലകൾ'. വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ കാലത്തിന്റെയും സമൂഹത്തിന്റെയും ചിത്രം രചിക്കുന്നു. കാല്പനികമെന്ന് വിളിക്കാവുന്ന ശില്പഭംഗികൊണ്ട് അനുഗൃഹീതമാണ് ഈ നോവൽ.

# മൊഡ്യൂൾ മൂന്ന്

തൊണ്ണൂറുകളോടെ മലയാള നോവലിൽ ഭാവനാപരിവർത്തനത്തിന്റെ സ്വഭാവം പൂർണ്ണമായി. ഉത്തരാധുനികതയുടെ സന്ദർഭമായിരുന്നു അത്. ആധുനികതയുടെ എഴുത്തുരീതിയിലും ലോകവീക്ഷണമാതൃകയിലും കർത്തൃത്വസങ്കല്പത്തിലും നിന്നു വേറിട്ട് അവയെ പൊളിച്ചെഴുതുന്ന നോവലുകൾ ഉത്തരാധുനികഭാവുകത്വം പ്രഖ്യാപിച്ചു. എം. മുകുന്ദന്റെ 'ആദിത്യനും രാധയും മറ്റു ചിലരും', 'ഒരു ദളിത് യുവതിയുടെ കദന കഥ', 'കേശവന്റെ വിലാപങ്ങൾ', 'നൃത്തം', കെ.ജെ. ബേബിയുടെ 'മാവേലി മൻറം', സി.വി. ബാലകൃഷ്ണന്റെ 'ആത്മാവിനു ശരിയെന്നു തോന്നുന്ന കാര്യങ്ങൾ', 'ദിശ', കെ.രഘുനാഥന്റെ 'ഭൂമിയുടെ പൊക്കിൾ', 'ശബ്ദായമൗനം', 'സമാധാനത്തിനു വേണ്ടിയുള്ള യുദ്ധങ്ങൾ', കെ.പി. രാമനുണ്ണിയുടെ 'സൂഫി പറഞ്ഞ കഥ' ടി.വി. കൊച്ചുബാവയുടെ 'വൃദ്ധസദനം', ആനന്ദിന്റെ 'ഗോവർധന്റെ യാത്രകൾ', 'വ്യാസനും വിഘ്നേശ്വര'നും, 'അപഹരിക്കപ്പെട്ട ദൈവങ്ങൾ', എൻ. പ്രഭാകരന്റെ 'ബാഹുവചനം', 'തീയൂർ രേഖകൾ', സാറാ ജോസഫിന്റെ 'ആലാഹയുടെ പെൺമക്കൾ' തുടങ്ങിയ നിരവധി കൃതികൾ നോവലിന്റെ മാറിയ മുഖം വെളിപ്പെടുത്തി നിൽക്കുന്നു. മലയാള നോവലിന്റെ പ്രയാണമാർഗ്ഗം ഈ രചനകളിലാണ് കണ്ടുമുട്ടാനാവുക. മാറുന്ന ലോകത്തോട് അവ പുലർത്തുന്ന സമശീർഷതയാണ് ഇതിനു കാരണം. ഇത്തരാധുനികമായ ഒരു ഭാവുകത്വ പരിസരത്തിലാണ് അവയുടെ നില.

പുതിയ അനുഭവമണ്ഡലങ്ങളാണ് ഉത്തരാധുനിക നോവൽ ആവിഷ്കരിക്കുന്നത്. ചരിത്രത്തോടും രാഷ്ട്രീയത്തോടുമുള്ള വിമർശനാത്മകമായ സമീപനവും പുതിയ സാങ്കേതിര സംസ്കാരത്തോടുള്ള അഭിമുഖീകരണവും നിലവിലുള്ള ആഖ്യാന മാതൃകകളുടെ അപര്യാപ്തതയെക്കുറിച്ചുള്ള ബോധവും, ഭാഷ, വായന, എഴുത്ത് തുടങ്ങിയ പ്രക്രിയകളെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകളും ഉത്തരാധുനികമായ രചനാപ്രക്രിയയ്ക്ക് വേഗം കൂട്ടി. പ്രമേയത്തിലും രുപശില്പത്തിലും ഈ ഘടകങ്ങൾ നോവലിന്റെ നിർമ്മാണകലയെ സ്വാധീനിച്ചു. രാഷ്ട്രീയവുമായി ബന്ധപ്പെട്ട സന്ദേഹങ്ങളും ആശങ്കകളും ഉത്തരാധുനിക നോവലിന്റെ പ്രമേയങ്ങളിൽ കടന്നുവന്നു. പുരോഗതിയെന്ന മഹാവ്യാഖ്യാനത്തെ കേന്ദ്രമാക്കിയുള്ള ചരിത്രസങ്കല്പത്തിന്റെ തിരസ്കാരത്തിലേയ്ക്കും ആ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ട വ്യക്തികളെ കേന്ദ്രീകരിക്കുന്ന ചരിത്രത്തിനുപകരം അലിഖിതവും കീഴളവുമായ ചരിത്രങ്ങളിലേയ്ക്കു നോവൽ നീങ്ങി. അധികാരത്തിന്റെയും നീതിയുടെയും പശ്ചാത്തലത്തിൽ ചരിത്ര

ത്തെയും വ്യത്യസ്ത സാമൂഹികഗണങ്ങളുടെ ജീവിതങ്ങളെയും പുതിയ പരിപ്രേക്ഷ്യ ത്തിൽ അവതരിപ്പിക്കുന്ന നോവലുകൾ ഉണ്ടായത് അങ്ങനെയാണ്. 'ഉത്തരാധുനിക ചരിത്ര നോവലുകൾ' എന്നാണ് അവയെ വിളിക്കേണ്ടത്.

ചരിത്രം ഇതിവൃത്തമാക്കിക്കൊണ്ട്, വ്യവസ്ഥാപിത ചരിത്രനോവലിന്റെ ആഖ്യാന ക്രമം ലംഘിക്കുന്ന ഒട്ടേറെ 'ഉത്തരാധുനിക ചരിത്ര നോവലു'കൾ സമകാലിക ഘട്ട ത്തിൽ ഉണ്ടായിട്ടുണ്ട്. എൻ.എസ്. മാധവന്റെ 'ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ', ആനന്ദിന്റെ 'പരിണാമത്തിന്റെ ഭൂതങ്ങൾ', ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസീസ് ഇട്ടി ക്കോര', സുഭാഷ് ചന്ദ്രന്റെ 'മനുഷ്യന് ഒരാമുഖം', സേതുവിന്റെ 'മറുപിറവിട, 'ആലിയ', ഇ. സന്തോഷ്കുമാറിന്റെ അന്ധകാരനഴി, ടി.പി. രാജീവിന്റെ പാലേരി മാണിക്യം, ഒരു പാതിരാക്കൊലപാതകത്തിന്റെ കഥ, കെ.ടി.എൻ. കോട്ടൂർ, എഴുത്തും ജീവിതവും, എം. മുകുന്ദന്റെ ദൽഹി ഗാഥകൾ, തുടങ്ങിയ രചനകളെല്ലാം ചരിത്രത്തെ അഭിസംബോധന ചെയ്യാനാണ് ശ്രമിക്കുന്നത്. പുരോഗമനാത്മകവും രേഖീയവും ഏകാത്മകവുമായ ഒന്നായി ചരിത്രത്തെ ഈ നോവലുകൾ സങ്കലിപിക്കുന്നില്ല. ചരിത്രത്തെ ശിഥിലീകരി ക്കാനും ബദൽ ചരിത്രങ്ങൾ സൃഷ്ടിക്കാനും കേന്ദ്രത്തിനുപകരം പ്രാന്തത്തിന്റെ ചരിത്ര മെഴുതാനും തിരസ്കൃത മനുഷ്യരുടെ ചരിത്രങ്ങൾ വീണ്ടെടുക്കാനും ഭാവനാചരിത്ര ങ്ങൾ നിർമ്മിച്ചുകൊണ്ട് സാമ്പ്രദായിക ചരിത്ര സങ്കല്പത്തെ ധ്വംസിക്കാനും അവ ശ്രമി ക്കുന്നു.

ഉത്തരാധുനിക നോവലിന്റെ സവിശേഷകൾ വിശകലനം ചെയ്യാൻ സ്വീകരിക്കാ വുന്ന ഏറ്റവും എളുപ്പമുള്ള രണ്ടു വഴികൾ ഇതിവൃത്തത്തിലും ആഖ്യാനത്തിലും അവ കൊണ്ടുവന്ന നവത്വമാണ്. മുമ്പ് മലയാളനോവൽ കൈകാര്യം ചെയ്തിട്ടില്ലാത്തതോ അല്പമാത്രം പരിഗണിച്ചതോ ആയ ഒട്ടേറെ പ്രമേയങ്ങളിലേയ്ക്കും ജീവിതമണ്ഡലങ്ങളി ലേയ്ക്കും സമകാലിക നോവൽ തിരിഞ്ഞിട്ടുണ്ട്. പരിസ്ഥിതിയെക്കുറിച്ചും ആണവ വിപത്തിനെക്കുറിച്ചുമുള്ള പുതിയ നിലപാടുകൾ (മധുരം ഗായതി) ആദിവാസി - ദളിത് സ്വത്വം (മാവേലി മൻറം, പുലയപ്പാട്ട്, ചാവൊലി), പുതിയ സ്ഥലമാനങ്ങൾ (ആടുജീവി തം, പ്രവാസം), സ്ത്രീ ജീവിതം (ആലാഹയുടെ പെൺമക്കൾ, മാറ്റാത്തി, ഒതപ്പ്) തുട ങ്ങിയ ഒട്ടേറെ പ്രമേയങ്ങൾ ഈ ഘട്ടത്തിൽ നോവലിനു വിഷയമായി.

സ്ഥലകാലങ്ങളെക്കുറിച്ചുള്ള നവീനബോധവും, പുതിയ സാങ്കേതിക വിദ്യ ഉയർത്തിയ വിനിമയവൈവിധ്യവും ലോകരാഷ്ട്രീയക്രമത്തിലെ രൂപാന്തരണങ്ങളും സംസ്കാരത്തെയും സ്വത്വത്തെയും കുറിച്ചുള്ള വീക്ഷണ വ്യതിയാനങ്ങളും ഉത്തരാധു

നിക നോവലിന്റെ ഘടനയിൽ വരുത്തിയ മാറ്റം ചെറുതല്ല. സ്ഥലകാല സങ്കോചങ്ങളുടെയും, ജൈവ സാങ്കേതിക വിദ്യയുടെയും പരിസ്ഥിതി ദുരന്തഭീഷണിയുടെയും ആഗോളീകരണത്തിന്റെ സാമ്പത്തികയുക്തിയുടെയും പശ്ചാത്തലത്തിലാണ് മലയാള നോവലിസ്റ്റ് യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നത്. ഈ നേരിടലുകൾ നോവലിസ്റ്റിനെ അനേകം സാധ്യതകൾക്കു മുന്നിൽ കൊണ്ടുവന്നു നിർത്തിയിരിക്കുന്നു.

**സ്ത്രീവാദം – പാരിസ്ഥിതിക സ്ത്രീവാദം**

ഇക്കോ ഫെമിനിസം അഥവാ പാരിസ്ഥിതിക സ്ത്രീവാദം – ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഏറെ ശ്രദ്ധയാവശ്യപ്പെടുന്ന വിഷയമാണ്. ഭൂമിയാകെ വിഷമയമാവുകയും ആവാസ വ്യവസ്ഥ തന്നെ തകരാറിലാവുകയും ചെയ്തിരിക്കുന്ന ഈ കാലത്തിൽ പാരിസ്ഥിതിക സ്ത്രീവാദത്തെ ലോകം പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. ഫെമിനിസത്തിന്റെ വിഭിന്നമുഖങ്ങളെ ഇക്കോ ഫെമിനിസത്തിന്റെ പൂർവ്വരൂപങ്ങലായി കാണാം. പരിസ്ഥിതിയും മനുഷ്യനും തമ്മിലുള്ള ഒരു പുതിയ ബന്ധത്തിന്റെ അന്വേഷണമാണ് ഇക്കോ ഫെമിനിസ്റ്റുകൾ നടത്തുന്നത്.

**പരിസ്ഥിതി വിജ്ഞാനം**

ഇക്കോളജി അഥവാ പരിസ്ഥിതി വിജ്ഞാനം ജീവികളും പ്രകൃതിയിലെ ഇതരഘടകങ്ങളും തമ്മിലുള്ള പരസ്പര ക്രിയകളെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖയാണ്. പ്രകൃതിയുമായി പ്രതിപ്രവർത്തിച്ചുകൊണ്ട് അതിന്റെ നിയമങ്ങൾ മനസ്സിലാക്കുകയും അതിനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന മനുഷ്യൻരെ ചരിത്രം. പ്രകൃതിയുടെ ചരിത്രത്തിന്റെ ഒരു തുടർച്ച മാത്രമാണ്. പ്രകൃതി ശക്തികലെ ഭയപ്പെട്ടും അവയെ ആരാധിച്ചും കഴിഞ്ഞിരുന്ന മനുഷ്യൻ ഇന്ന് സർവ്വ ചരാചരങ്ങളുടെയുംമേൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. ജീവിതത്തിന്റെ നിലനിൽപ്പുതന്നെ അസാദ്ധ്യമാക്കുന്ന ചൂഷണാധിഷ്ഠിതമായ ഒരു സംവിധാനത്തിൻ കീഴിലാണ് നാം കഴിയുന്നത്. പരിസ്ഥിതിയെ അറിയാനും സ്നേഹിക്കാനും പരിസ്ഥിതിയെക്കുറിച്ചു പഠിക്കുവാനും പഠിപ്പിക്കുവാനും പഠിച്ചവ പ്രയോഗത്തിലാക്കാനുമൊക്കെ പരിസ്ഥിതിശാസ്ത്രപഠനം നിർബന്ധിക്കുന്നു.

**പാരിസ്ഥിതിക സ്ത്രീവാദം**

തകർന്നുകൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനത്തിനും ജൈവ വൈവിദ്ധ്യസംരക്ഷണത്തിനും വേണ്ടി പുതിയ ചില സമവാക്യങ്ങളും പദ്ധതികളുമാണ് ഇക്കോ ഫെമിനിസം മുന്നോട്ടുവയ്ക്കുന്നത്. സ്ത്രീയുടെയും പ്രകൃതിയുടെയും

നേർക്കുകയരുന്ന ഭീഷണികളും അവയുടെ നേരെയുള്ള ചൂഷണ മനോഭാവവും തകർക്കുന്നത് നമ്മുടെ പ്രപഞ്ചത്തിന്റെ സാന്തുലിതാവസ്ഥയെത്തന്നെയാണന്ന ബോധം ഇന്ന് രൂഢമൂലമായിരിക്കുന്നു. ഈ അവസ്ഥയിലാണ് ഇക്കോ ഫെമിനിസം വെറും സ്ത്രീവാദമോ, വെറും പ്രകൃതിവാദമോ അല്ല എന്നും അത് യതാർത്ഥ മാനവികമൂല്യ ങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന കരുത്തുറ്റ പ്രസ്ഥാനമാണെന്നും തിരിച്ചറിയുന്നത്. മലി നീകരണത്തിന്റെയും ചൂഷണത്തിന്റെയും സമാനാനുഭവങ്ങളാണ് സ്ത്രീയും പ്രകൃ തിയും നേരിടുന്നത്. ഇവയുടെ രണ്ടിന്റെയും മോചനത്തിലൂടെ മാത്രമേ സാമൂഹ്യവ്യവ സ്ഥിതിയിൽ പ്രശാന്തതയും സമൃദ്ധിയും നിലനിർത്താനാകൂ എന്ന് എല്ലാവരും തിരിച്ചറി യുന്നു. സ്ത്രീ, പ്രകൃതി, ആദിവാസികൾ എന്നിവരോടൊപ്പം പുരുഷനും വ്യവസ്ഥിതി യുടെ ദുഷിപ്പിക്കലുകളിൽ നിന്നും മോചിപ്പിക്കപ്പെടുന്നതിലൂടെ മാത്രമേ യഥാർത്ഥജീ വിതം കണ്ടെത്താനാവൂ എന്ന് ഏരിയൽ സാലെ കരുതുന്നു. ജീവിതത്തിന്റെ കേന്ദ്രം കുടുംബവും കുടുംബത്തിന്റെ കേന്ദ്രം സ്ത്രീയുമാണ്. എല്ലാറ്റിന്റെയും അടിസ്ഥാനം കുടുംബം - പ്രകൃതി - സ്ത്രീ ഇവയാണെന്ന് ഇക്കോ ഫെമിനിസ്റ്റായ റോസ്മേരി റൂഥർലൂം അഭിപ്രായപ്പെടുന്നു.

ഇക്കോ ഫെമിനിസത്തിന്റെ മുദ്രാവാക്യം സമഗ്രമോചനമാണ്. പ്രകൃതി മോചിത മാകണം; സ്ത്രീ മോചിതയാകണം - ഇതിനൊപ്പം പുരു,നും മോചിതനാകണം. സ്ത്രീ-പുരുഷ-പ്രകൃതിയുടെ സംയുക്ത വിമോചനമാണ് ഇക്കോ ഫെമിനിസത്തിന്റെ മഹ ത്തായ ലക്ഷ്യം. പരിസ്ഥിതിവാദത്തേയും സ്ത്രീവാദത്തെയും സമന്വയിപ്പിക്കുക എന്ന ലക്ഷ്യമാണിവിടെ നിറവേറ്റുന്നത്.

## നോവൽ പഠനങ്ങൾ

### ആലാഹയുടെ പെൺമക്കൾ

സാറാ ജോസഫിന്റെ ആദ്യനോവലാണ് ആലാഹയുടെ പെൺമക്കൾ. നാഗരികത യുടെ കടന്നാക്രമണത്തിൽ പേരും ഭാഷയും എല്ലാം നഷ്ടപ്പെട്ട ഒരു ഗ്രാമത്തിന്റെ സ്വത്വം വീണ്ടെടുക്കാൻ ശ്രമിക്കുകയാണ് നോവലിസ്റ്റ്. അവിടത്തെ അവഗണിക്കപ്പെട്ട ജനങ്ങൾ. ആനിയുടെ മനസ്സിലൂടെ പരിഷ്കാരങ്ങൾ വികൃതമാക്കിയ അവരുടെ മുഖം നാം കാണുന്നു. ചുമച്ചുതുപ്പുന്ന ചോരക്കട്ടകൾ; കഫം. തോട്ടികളും ഇറച്ചിവെട്ടുകാരും മലിനപ്പെടുത്തിയ കോക്കാഞ്ചറ ഗ്രാമത്തിന്റെ ദുഃഖമാണ് സാറാ ജോസഫ് മലയാള വായനയുടെ കാലഭംഗികൾ തീണ്ടാത്ത ഭാഷയിൽ അടയാളപ്പെടുത്തുന്നത്. അതിന്റെ

ശക്തിയുടെ പാരുഷ്യവും അനുഭവപ്പെടുത്തുന്നതിലൂടെ പരിഷ്കാരം അടിച്ചമർത്തിയ അധഃസ്ഥിത ജനതയുടെ ശക്തിമന്ത്രം നാം തിരിച്ചറിയുന്നു.

'കോക്കാഞ്ചിറ' എന്ന ഗ്രാമത്തിൻരെ പശ്ചാത്തലത്തിലാണ് സാറാ ജോസപ് ആലാഹയുടെ പെൺമക്കൾ എന്ന നോവൽ അവതരിപ്പിക്കുന്നത്. തൃശൂർ നഗരത്തിന്റെ വളർച്ചയാണ് കോക്കാഞ്ചിറയിലേക്കു ആളുകളെ തള്ളി അയച്ചത്. 'നഗരക്കുപ്പ' കൊണ്ടു മറിക്കാനുള്ള ഇടമായിരുന്നു അത്. നഗരമാലിന്യങ്ങൾ കൊണ്ടുപോകാൻ വന്ന തോട്ടികൾ മാലിന്യം മറിക്കേണ്ടിടത്തു താമസമാക്കി. അതോടൊപ്പം നഗരത്തിന്റെ സൗന്ദര്യങ്ങളും നാഗരിക സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുറംതള്ള പ്പെട്ട കുടുംബങ്ങളും അവിടെ എത്തി. നോവലിലെ ഏറ്റവും പ്രധാനപ്പെട്ട കഥാപാത്ര മായ മറിഞ്ചേടത്തിയുടെ ഓർമ്മകളായിട്ടാണ് ഇത്തരം സംഭവങ്ങൾ വിവരിക്കപ്പെട്ടിട്ടുള്ള ത്.

കീഴാളകർത്തൃത്വമായിത്തീർന്ന സ്ത്രീ ജീവിതത്തിന്റെ ചരിത്രമാണ് 'ആലാഹ യുടെ പെൺമക്കൾ'. നോവലിൽ സ്ത്രീയുടേതായ ഒരു കാഴ്ചയൊരുക്കാൻ സാറാ ജോസഫ് ശ്രമിക്കുന്നു. അപരിചിതമായ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന ഈ നോവൽ മലയാള സാഹിത്യത്തിൽ നവ്യമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നു. ആധുനികത ഉൾപ്പെ ടെയുള്ള പാരമ്പര്യങ്ങൾ സൃഷ്ടിച്ച സ്ത്രീ ലോകത്തെ ഒരു ചുവടാൽ അവർ പുറകോട്ടാ ക്കുന്നു. ആലാഹയുടെ പെൺമക്കൾ എന്ന ഈ നോവൽ മലയാളത്തിലെ സ്ത്രീപക്ഷ സാഹിത്യത്തിൽ സുപ്രധാന സ്ഥാനം നേടിയിരിക്കുന്നതായി കാണാം.

**ആടുജീവിതം**

''മധുരമായ ഗദ്യം, അനുഭവതീവ്രമായ പ്രമേയം, മലയാളിത്തം എല്ലാം ഒത്തിണ ങ്ങിയ നോവലാണ് ബെന്യാമിന്റെ ആടുജീവിതം. മരുഭൂമിയുടെ വിഭ്രമാത്മകമായ സൗന്ദര്യം, മരുലോകത്തിന്റെ സവിശേഷതകൾ ഇതൊന്നും മലയാള നോവലിൽ ഇത്ര ആഴത്തിൽ ഇതിനുമുമ്പ് രേഖപ്പെടുത്തിയിട്ടില്ല. മലയാള സാഹിത്യത്തേയും ഭാഷ യേയും ഈ നോവൽ ഏറെ ഉയരത്തിലെത്തിച്ചിരിക്കുന്നു'' - പി. വത്സലയുടെ വാക്കുക ളാണിത്. ബെന്യാമിന്റെ 'ആടുജീവിതം' എന്ന നോവൽ മലയാളിയുടെ വായനയെ പുതിയൊരു തലത്തിലെത്തിച്ചു എന്നതിന്റെ സാക്ഷ്യമാണ് ഈ വാക്കുകൾ.

നജീബിനും ഹക്കിമിനും മരുഭൂമിയിൽ ദാഹിച്ചുമരിച്ച എല്ലാ ആത്മാക്കൾക്കും സമർപ്പിച്ചുകൊണ്ടാണ് 'ആടുജീവിതം' ആരംഭിക്കുന്നത്. നാല്പത്തിമൂന്ന് ഖണ്ഡങ്ങളിൽ

നജീബിന്റെ  കഥപറയുന്ന ബെന്യാമിൻ അതിനായി തെരഞ്ഞെടുത്ത വഴി ഒരു സാങ്കേതി കാഖ്യാന സമ്പ്രദായത്തിലും പെടുത്താനാകാത്ത കേവലമായ കഥ പറച്ചിലിന്റെ ലാളിത്യ മാണ്.  നജീബിന്റെ ജീവിതകഥയെ നോവലാക്കുമ്പോൾ അതിലെ സംഭവങ്ങളുടെ അനു ക്രമം മാറ്റിയിരിക്കുന്നതായി കാണാം.  യഥാർത്ഥസംഭവത്തിന്റെ അവസാന ഭാഗത്തുവ ച്ചാണ് നോവൽ തുടങ്ങുന്നത്.

ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങൾ കഥയുടെ അവസാനഭാഗമാണ്.  ബത്തയിലെ പോലീസ് സ്റ്റേഷനു മുന്നിൽ ഹമീദുമൊത്ത് നിൽക്കുന്ന നജീബിനെയാണ് നോവലിസ്റ്റ് ഇവിടെ അവതരിപ്പിക്കുന്നത്.  പോലീസ് സ്റ്റേഷനിൽനിന്നും ജയിലിൽ എത്തിപ്പെടുന്ന ഇവർ കടന്നുവന്ന അസാധാരണ അനുഭവത്തിന്റെ പീഡനകാലത്തേയ്ക്കാണ് പിന്നീട് നോവൽ കടക്കുന്നത്.  നജീബ് ഏറ്റവുമധികം പേടിക്കുന്ന അർബാബ് സുമേസി ജയി ലിൽ പ്രത്യക്ഷപ്പെടുന്നതാണ് നാലാമദ്ധ്യായത്തിൽ.  അയാൾ തന്നെ തിരിച്ചറിയരുതെന്ന് ആഗ്രഹിക്കുന്ന നജീബിന്റെ ജീവിതകഥയാണ് അഞ്ചാം അദ്ധ്യായം മുതൽ.  ജോലി തേടി ഗൾഫിലെത്തിയ നജീബും ഹക്കീമും അർബാബിന്റെ അടിമകളായി മാറുന്നു.  മരു ഭൂമിയുടെ നടുവിലുള്ള വിജനതയിൽ ആട്ടിൻപറ്റങ്ങൾക്കിടയിലാണ് ഇവർ ചെന്നെത്തു ന്നത്.

തങ്ങളുടെ എല്ലാ പ്രതീക്ഷകളെയും തകർത്തെറിഞ്ഞ്, ഒരു തുള്ളി വെള്ളത്തിനു പോലും നിരന്തരപ്രഹരം വിലകൊടുക്കേണ്ടി വരുന്ന, ഇറച്ചിവില പോലുമില്ലാത്ത ഒരാ ളായി നജീബും ഹക്കീമും മാറുന്നു.  തമ്മിൽ കാണാനാവാതെ വർഷങ്ങളോളം ഇവർ കഴിയേണ്ടിവരുന്നു.  സ്വന്തം ജീവിതം ആടുകളേതിനു സമാനമായി മാറിയത് നജീബ് തിരിച്ചറിയുന്നു.  31-ാം അദ്ധ്യായത്തിൽ നജീബും ഹക്കിമും ചേർന്ന് സാഹസികമായി ഒളിച്ചോടുന്നത് നോവലിസ്റ്റ് അവതരിപ്പിക്കുന്നു.  ഈ രക്ഷപെടലിന് അവരെ സഹായി ക്കുന്നത് ഇബ്രാഹിം ഖാദരി എന്ന കഥാപാത്രമാണ്.  പ്രാർത്ഥന കേട്ട് അള്ളാഹു അയച്ച ഒരു ദൂതനെപ്പോലെ ഈ കഥാപാത്രം പ്രത്യക്ഷപ്പെടുന്നു.  യാത്രക്കിടയിൽ ഹക്കീം മരണ ത്തിന് കീഴടങ്ങുന്നു.  ഒടുവിൽ ഒരു അറബിയുടെ സഹായത്തോടെ നജീബ് സുരക്ഷിത സ്ഥാനത്ത് എത്തിച്ചേരുന്നു.  4-ാം അദ്ധ്യായത്തിലെ പഴയ ഓർമ്മകൾ വർത്തമാനകാല ത്തിലേയ്ക്ക് വന്നുമുട്ടി 43-ാം അദ്ധ്യായത്തിൽ കഥ അവസാനിക്കുന്നു.

നോവലിന്റെ അവസാനഭാഗം ബെന്യാമിൻ ഇങ്ങനെ അവതരിപ്പിക്കുന്നു - ''രാത്രി യോടെ വിമാനമെത്തി.  എംബസി ജീവനക്കാർ ബോർഡിംഗ് പാസ് വിതരണം ചെയ്തു. ഞങ്ങളെ കൂട്ടത്തോടെ വിമാനത്തിലേയ്ക്കു നടത്തി.  വിലങ്ങണിഞ്ഞ എൺപത് ആടു

കളെ ഒരു മസറയിലേയ്ക്ക് ആട്ടിത്തെളിച്ചു കയറ്റുന്നതായിട്ടാണ് എനിക്കപ്പോൾ തോന്നി യത്. അതിൽ ഒരാട് ഞാനായിരുന്നു! ആടുജീവിതം.

**നെല്ല്**

മണ്ണിന്റെയും മനുഷ്യരുടെയും ഗന്ധം ആദ്യന്തം നിറഞ്ഞുനിൽക്കുന്ന പി. വത്സല യുടെ പ്രശസ്ത നോവലാണ് നെല്ല്. തിരുനെല്ലിയിലെ മലവർഗക്കാരുടെ കഥ പറയുന്ന ഈ നോവൽ ഏറെ ശ്രദ്ധേയമാണ്. നാഗരികത മുഖം തിരിച്ചു നിൽക്കുന്ന തിരുനെല്ലി ക്കാടുകൾ. പ്രകൃതിയും മനുഷ്യനും വന്യമൃഗങ്ങളും പരസ്പരം മല്ലിട്ടുകൊണ്ടു ജീവിതം തുടരുകയാണ് അവിടെ. ചിരിക്കുകയും കരയുകയും ചെയ്യുന്ന ഭൂമിയെ പ്രീണിപ്പിക്കാൻ മനുഷ്യജീവിതങ്ങൾ തപസ്സനുഷ്ഠിക്കുന്നു. അദ്ധ്വാനം മുൻകൂർ വിറ്റ്, അടിമപ്പണം വാങ്ങി ഒറ്റദിവസം കൊണ്ട് ധൂർത്തടിച്ച് നിസാരരായി മാറുന്ന അടിയാന്മാർ. അവർ തലമുറകളായി ഈ ഭൂമിയിൽ മുളയ്ക്കുന്നു. ഇവിടെ കളകളായി വളരുന്നു. അഴുകി ഈ മണ്ണിനു വളമായി മാറുന്നു. ജന്മിമാരുടെയും കൈയേറ്റക്കാരുടെയും പുഴ യുടെയും കാടിന്റെയും വഞ്ചനയ്ക്ക് അടിപ്പെട്ട് വിശപ്പമർത്തി എരിയുന്ന വയറുമായി കാട്ടുകിഴങ്ങുകൾ തേടി നടക്കുന്ന ആ നിശബ്ദ ജീവികൾ.

പിതൃക്കളുടെ ആത്മശാന്തിക്കായി പാപാനാശത്തിനടുത്ത് തിരുനെല്ലിയിൽ എത്തി ച്ചേരുന്ന രാഘവൻ നായർ. ആ ഗിരിപ്രദേശത്തിന്റെ സമുദ്ധാരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. എതിരിടാൻ വന്ന പ്രതിലോമശക്തികളെ അയാൾ പരാജിതമാക്കി. ജന്മവാസസ്ഥലങ്ങളിൽ നിന്നകന്ന് കൊടുംകാടും കൊടുമുടികളും കാവൽ നിൽക്കുന്ന ആ കാരാഗൃഹത്തിലെ അനേകം കടവുപുള്ളികളിലൊരാളായി അയാളും മാറുകയായിരു ന്നു. പുറത്തേക്കു വിടാതെ, വരുന്നവരെയെല്ലാം തളച്ചിടാനുള്ള ഒരു മാന്ത്രികശക്തി ആ മണ്ണിനുണ്ട്. വാര്യത്തെ കാര്യസ്ഥനായി മാറിയ രാഘവൻനായർ ആദിവാസികളായ മല്ല നെയും ചുണ്ടെലിയേയുമൊക്കെ കൊണ്ട് വാര്യത്തെ പുരയിടങ്ങളിൽ പണിയെടുപ്പിച്ചു. മേലാളന്മാരുടെ അടിയാന്മാരോടുള്ള സമീപനങ്ങളിലും കൂലിയിലുമൊക്കെ അയാൾ മാനുഷികമായ മാറ്റങ്ങൾ വരുത്തി.

കാട്ടാനയുടെ കരുത്തുള്ള മല്ലനെ കാണുവാനായി കിട്ടണമെന്നാണ് ചാത്തന്റെ പെണ്ണായ കുറുമൊട്ടിക്ക് മോഹം. പക്ഷേ മല്ലന്റെ മനം കവർന്നത് വെളുത്ത ചുണ്ടെലി യുടെ മകൾ മാരയാണ്. വള്ളിയൂർക്കാവിലെ ആറാട്ടുനാൾ മല്ലൻ മാരയെ തന്റെ ഇണ യാക്കി. മല്ലനും മാരയും ഒരേ കുലമെന്ന കള്ളത്തെളിവുണ്ടാക്കി അവരുടെ വിവാഹം ആചാരവിരുദ്ധമെന്നു സ്ഥാപിക്കാൻ ഓടിനടക്കുകയാണ് കുറുമാട്ടി. എന്നിട്ട് അവൾക്ക്

സ്വന്തം കണവനായ ചാത്തനെ കൈവിട്ട് മല്ലനെ സ്വന്തമാക്കണം. ഒടുവിൽ മല്ലൻ മാരയുമായി ഒളിച്ചോടുന്നു. ആശ്രയത്തിനായി അവർ രാഘവൻ നായരെ സമീപിച്ചു. അയാൾ അവർക്കു കുടിൽകെട്ടാനിടം കൊടുത്തു. അങ്ങനെ അവർ ഒന്നിച്ചു താമസമാക്കി. ഊരുമൂപ്പന്മാർ ആവശ്യപ്പെട്ട വൻപിഴ അടച്ച് എങ്ങനെയും തങ്ങളുടെ വിവാഹത്തിന് സമൂഹത്തിന്റെ അംഗീകാരം നേടണം എന്നതാണ് അവരുടെ അടുത്ത ലക്ഷ്യം. തന്റെ അടിയാളനാണെങ്കിലും പണിയില്ലാതായപ്പോൾ അന്യകൂപ്പിൽ മുള മുറിക്കാൻ പോകാൻ രാഘവൻ നായർ മല്ലനെ അനുവദിച്ചു. അങ്ങനെ മല്ലനും കൂട്ടാളികളുംകൂടി കോഴിക്കോടിനു പോയി.

കടുത്ത ദീനം പിടിപെട്ടാണ് മല്ലൻ തിരിച്ചുവന്നത്. വിറച്ചുതുള്ളുന്ന അയാളുടെ ദേഹം തീച്ചൂടേറ്റിട്ടും വിറച്ചുകൊണ്ടേയിരുന്നു. അവന് ബോധമുണ്ടായിരുന്നില്ല. മാര കണവന്റെ ശിരസ്സെടുത്ത് മടിയിൽ വെച്ചു. മൂപ്പന്മാരെയും മലങ്കാരിയെയും ധിക്കരിച്ച് വിവാഹം നടത്തിയതിനുള്ള ശിക്ഷയാണത്രേ. ഒടുവിൽ മല്ലൻ പനിപിടിച്ച് മരിച്ചു. വാരിയത്തു പണിക്കുപോയ മാരയെ ഉണ്ണി പിഴപ്പിച്ചു. അവസാനം എല്ലാവരും ഉപേക്ഷിച്ച് മരണം മാത്രം ശരണമായി കരുതിയ മാരയ്ക്ക് രാഘവൻ നായർ അഭയം നൽകുന്നു. അതിനെ നിഷേധിക്കാൻ, അവഗണിക്കാൻ, പിളർന്ന് അതിന്റെ മറുപുറം കടക്കാൻ, അവൾക്കു കഴിയുമായിരുന്നില്ല. രാഘവൻനായർക്ക് നന്മനിറഞ്ഞ രക്ഷകന്റെ പരിവേഷമല്ല, യാഥാർത്ഥ്യങ്ങളെ നേരിടുന്ന മനുഷ്യസ്നേഹിയുടെ കരുത്താണുള്ളത്. അയാൾ നീട്ടുന്ന സഹായഹസ്തം സ്വാഭാവികമാണ്.

ഇതിവൃത്തഘടനയിലും പാത്രസൃഷ്ടിയിലും സംഭാഷണശൈലിയിലും ഭദ്രതയും ഭംഗിയും പുലർത്താൻ പി. വത്സലയ്ക്ക് കഴിഞ്ഞു. അപരിചിതമായ ഒരു ജീവിതമേഖലയുടെ അനാവരണം 'നെല്ലി'ന് അപൂർവ്വകാന്തി പ്രദാനം ചെയ്യുന്നു.

**എൻമകജെ**

സംസ്കൃതീകൃത ജീവിതബോധത്തിന്റെ വെളിച്ചത്തിൽ ആകർഷിക്കപ്പെട്ട് നഷ്ടപ്പെടുത്തിയ പ്രകൃതിവന്യതയുടെ സ്വർഗീയതയിലേയ്ക്ക് തിരിച്ചുചെല്ലാൻ ഇനി കഴിയില്ലെന്ന ഹരിതരാഷ്ട്രീയമാണ് അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ' മുന്നോട്ടുവയ്ക്കുന്നത്. കേരളീയസമൂഹത്തിന് ഉണങ്ങാത്ത മുറിവുകൾ സമ്മാനിച്ച, രാഷ്ട്രീയ സാംസ്കാരിക വിപത്തായി മാറിയ എൻഡോസൾഫാൻ ഭീകരതയുടെ ബഹുമുഖത്വം വ്യക്തമാക്കുന്ന വസ്തുതകളാണ് നോവലിന്റെ കേന്ദ്രപ്രമേയം. പരിസ്ഥിതി വിരുദ്ധപ്രവർത്തനങ്ങൾ ഏല്പിച്ച കടുത്ത പ്രഹരമാണ് എൻഡോസൾഫാൻ കീടനാശിനിയുടെ

രൂപത്തിൽ കാസർകോഡ് ജില്ലയിലെ ചില ഗ്രാമങ്ങളുടെ മുഖച്ഛായ മാറ്റിയത്. എൻമ കജെ ഗ്രാമത്തിലെ, രണ്ടായിരത്തിനു മുമ്പുള്ള എൻഡോസൾഫാൻ വിഷമഴയുടെ ചരിത്രപശ്ചാത്തലവും, ജീവിതസാഹചര്യവും തീവ്രമായും വൈകാരികമായും നോവലിൽ അവതരിപ്പിക്കുന്നുണ്ട്.

നോവലിന്റെ കേന്ദ്രസ്ഥാനത്തു പ്രത്യക്ഷപ്പെടുന്ന രണ്ടു കഥാപാത്രങ്ങളാണ് ദേവയാനിയും നീലകണ്ഠനും. ബ്രാഹ്മണ്യത്തിന്റെ കപടമുഖത്തെ തിരിച്ചറിഞ്ഞ് പൂണൂൽ പൊട്ടിച്ചെറിഞ്ഞ് നാടുവിട്ട നീലകണ്ഠൻ നഗരത്തിലെത്തി മാധ്യമപ്രവർത്തനത്തോടൊപ്പം സാമൂഹികപ്രവർത്തനങ്ങളിലും ഏർപ്പെടുന്നു. നാഗരികതയുടെ തിരക്കുപിടിച്ച ജീവിതരീതികൾമൂലം നഗരം അവഗണിക്കുന്ന കുഷ്ഠരോഗികളും വേശ്യകളും തുടങ്ങി അനാഥരായ ആർക്കൊക്കെയോ തണലായി അയാളും വീടും മാറി. സംതൃപ്തിതേടിയുള്ള അയാളുടെ പ്രവർത്തനങ്ങൾ പ്രകൃതിക്കും ജനജീവിതത്തിനും വേണ്ടിയുള്ള സമരവഴികളായി രൂപാന്തരപ്പെടുന്നത് എൻമകെജിയിലെത്തുമ്പോഴാണ്.

പ്രേമിച്ച പുരുഷനെ കൗമാരപ്രായത്തിൽ വിവാഹം കഴിക്കുകയും ദാമ്പത്യത്തിന്റെ ആരംഭഘട്ടത്തിൽതന്നെ അവനാൽ ചതിക്കപ്പെടുകയും ലൈംഗിക തൊഴിലാളിയായി മാറുകയും ചെയ്ത ദുരന്തഭൂതകാലമാണ് ദേവയാനിക്കുള്ളത്. നീലകണ്ഠനും ദേവയാനിയും തമ്മിലും ഉടമ്പടികളില്ലാതെ സഹജീവിതം ആരംഭിക്കുന്നു. നാഗരിക ജീവിതത്തോട് തോന്നിയ മടുപ്പ് അവരെ കാസർകോടിന്റെ ഉൾഗ്രാമമായ 'സ്വർഗ'യിലെത്തിക്കുന്നു. മനുഷ്യരുമായുള്ള ബന്ധങ്ങൾ വിച്ഛേദിച്ച് ജടാധാരിമലയിൽ ജീവിതം തുടരുന്ന അവർക്ക് 'പരീക്ഷിത്ത' എന്ന വിചിത്ര അശുഖബാധിതനായ കുട്ടിയെ കിട്ടുന്നതോടെ കഥ യഥാർത്ഥ വഴിത്തിരിവിലേയ്ക്ക് എത്തുന്നു. തങ്ങളുടെ പ്രദേശത്തെ ബാല്യകൗമാരങ്ങളെ മുരടിപ്പിച്ച് മാറാരോഗികളാക്കി മാറ്റുന്നതിന്റെ കാരണം എൻഡോസൾഫാൻ എന്ന മാരകവസ്തുവാണെന്ന് ജനങ്ങൾ തിരിച്ചറിയുന്നു.

ഭരണകൂടത്തിന്റെ പാരിസ്ഥിതിക വിധ്വംസക പ്രവർത്തനങ്ങൾക്കെതിരെ ശബ്ദമുയർത്തിയതിന്റെ പേരിൽ നീലകണ്ഠനും ദേവയാനിയും ആക്രമിക്കപ്പെടുന്നു. അവശനായ നീലകണ്ഠനെയും ദേവയാനിയെയും പഞ്ചി രക്ഷപെടുത്തുകയും അവർ ഒരു ഗുഹയിൽ അഭയം തേടുകയും ചെയ്യുന്നു. ഗുഹയിൽ പ്രവേശിക്കുന്നതോടെ അവർ കേവലം പുരുഷനും സ്ത്രീയുമായി മാറുന്നു. എൻമകജെയിലെ വംശനാശം സംഭവിച്ച എല്ലാത്തരം ജീവജാലങ്ങൾക്കും അഭയമായി ഗുഹ മാറുന്നു. ഈ ഗുഹയിൽ പ്രത്യക്ഷപ്പെടുന്ന സ്വർണ്ണനിറമുള്ള കുഞ്ചിരോമങ്ങളും താടിരോമങ്ങളുമൊക്കെ നരച്ച മുതുക്ക

നായ കഴുതയുടെ വാക്കുകൾ സാകൂതം ശ്രദ്ധിക്കുന്ന സ്ത്രീയെയും പുരുഷനെയും സർവ്വചരാചരങ്ങളെയും സാക്ഷികളാക്കി നിർത്തിക്കൊണ്ടാണ് നോവൽ അവസാനിക്കുന്നത്.

**ആരാച്ചാർ**

ചരിത്രത്തെയും മനുഷ്യനെയും മുഖാമുഖം നിർത്തി സമകാലിക ജീവിത സങ്കീർണ്ണതകളെ സാർവകാലികമായി രൂപണം ചെയ്യുന്ന നവീനമലയാള നോവലിനെ ശക്തിപ്പെടുത്തുന്ന രചനയാണ് കെ.ആർ. മീരയുടെ 'ആരാച്ചാർ'. കൊൽക്കത്തയുടെ പശ്ചാത്തലത്തിൽ ചേതഗൃദ്ധാമല്ലിക്ക് എന്ന പെൺ ആരാച്ചാരുടെ കഥ പറയുന്ന നോവൽ ആരാച്ചാർ കുടുംബത്തിന്റെ ചരിത്രത്തോടൊപ്പം കൊൽക്കത്തയുടെ ചരിത്രത്തെയും ഇഴചേർക്കുന്നു. ഭരണകൂടം, ചരിത്രം, രാഷ്ട്രീയം, കുറ്റം, ശിക്ഷ, ജീവിതം, സ്ത്രീ, പുരുഷൻ, മരണം തുടങ്ങിയ വ്യതിരിക്തപ്രമേയഘടകങ്ങളെ ദാർശനികമായി കൂട്ടിയിണക്കി സമർത്ഥമായി പിരിച്ചെടുക്കുന്ന ആഖ്യാന ഘടനയാണ് നോവലിന്റേത്.

ഒരു ചരിത്രനോവലല്ലെങ്കിലും ഓർമ്മയും ഓർമ്മപ്പെടുത്തലുമായി ചരിത്രം 'ആരാച്ചാരി'ലുടനീളം നിറഞ്ഞുനിൽക്കുന്നു. യതീന്ദ്രനാഥ ബാനർജിയുടെ ദയാഹർജി തള്ളിയ മെയ് 18 മുതൽ വധശിക്ഷ നടപ്പിലാക്കിയ ആഗസ്റ്റ് 14 വരെയുള്ള മൂന്നുമാസമാണ് നോവലിലെ കാലം. ഈ കാലത്തിനിടയിൽ ചേതന ഗൃദ്ധാമല്ലിക്കിന്റെ ജീവിതം കടന്നുപോകുന്ന വഴികളിലെല്ലാം കൊൽക്കത്തയുടെയും ഗൃദ്ധാമല്ലിക് കുടുംബത്തിന്റെയും ചരിത്രത്തെ നാം കണ്ടുമുട്ടുന്നു. ചേതന ഗൃദ്ധാമല്ലിക് എന്ന പെൺ ആരാച്ചാരെ രൂപപ്പെടുത്തുന്ന കുടുംബപാരമ്പര്യത്തിന് ക്രിസ്തുവിനു മുമ്പ് നാനൂറ്റി ഇരുപത് വർഷത്തോളം പഴക്കമുണ്ട്. കുടുംബചരിത്രത്തിന്റെ ഈ മഹാവൃക്ഷം നിരവധി ശിഖരങ്ങളായി പടർന്നു നിൽക്കുന്നു. നോവൽ സ്വരൂപത്തിൽ നിന്നു വിഘടിച്ച് സ്വയം പൂർണ്ണമായി നിൽക്കുന്ന കഥകളുടെ ശേഖരം തന്നെ ഇവിടെ കാണാനാവുന്നു. പ്രധാന കഥാഗതിയിൽ ഈ കഥകൾ സാഹചര്യാനുസൃതം ഇടപെടുന്നതായി കാണാം.

നാല്പത്തിയൊമ്പതാമത്തെ അധ്യായത്തിൽ വധശിക്ഷ തനിയെ നിർവഹിക്കാൻ ഉറച്ച തീരുമാനമെടുത്തശേഷം ചേതന ഗൃദ്ധാമല്ലിക്കിന്റെ വിചാരധാര ഇങ്ങനെ നീളുന്നു. ''കൊല്ലാനുള്ള ത്വര എന്റെ കൈവിരലുകളിൽ പതഞ്ഞു. എനിക്കൊരു പുരുഷനെ കൊന്നേ തീരൂ എന്ന ഞാൻ ശാഠ്യത്തോടെ തീരുമാനിച്ചു''. പുരുഷ വധത്തിനു വേണ്ടിയുള്ള ഈ സ്ത്രൈണ വാഞ്ഛ നോവലിൽ പലയിടത്തും പ്രകടമാകുന്നുണ്ട്. യതീന്ദ്രനാഥ ബാനർജിയെ തൂക്കിക്കൊല്ലാൻ പര്യാപ്തമായ ആരാച്ചാരായി മാത്രമല്ല

സ്ത്രീത്വത്തെ മുറിവേല്പിച്ച പുരുഷശരീരങ്ങളെ മുഴുവൻ തൂക്കിനിർത്താൻ പ്രാപ്തിയുള്ള കഴുമരമായിട്ടാണ് ചേതന ഗൃദ്ധാമല്ലിക്കിന്റെ സ്ത്രൈണ ചോദനകൾ പരിണമിക്കുന്നത്. അപമാനിച്ചവരോടും മുറിവേല്പിച്ചവരോടും അനീതിയുടെ മൊത്ത വില്പനക്കാരോടും ക്ഷമിക്കാനാവാത്ത സ്ത്രീയുടെ കനൽ വെളിച്ചത്തിൽ ചേതന ഒരു പെൺകഴുമരമായി രൂപാന്തരപ്പെടുന്നു.

**മാവേലി മൻറം**

കെ.ജെ. ബേബിയുടെ 'മാവേലി മൻറം' അടിമത്തത്തിൽ നിന്നു വിമോചനം കാംക്ഷിച്ച് പ്രയാണം ചെയ്യുന്ന വയനാട്ടിലെ ഗോത്രവർഗ്ഗങ്ങളുടെ ചരിത്രബോധത്തിലേയ്ക്കുള്ള ഉണർവ് പ്രതിപാദന വിഷയമാക്കിയിരിക്കുന്ന ഒരു നോവലാണ്. അടിയോർ എന്ന ആദിവാസി ജനത തമ്പ്രാക്കന്മാരുടെ അടിമവ്യവസ്ഥിതിയിൽ മൃഗങ്ങളെപ്പോലെ കഴിയുന്ന ചിത്രം വരച്ചാണ് നോവൽ ആരംഭിക്കുന്നത്. ആ ഗോത്രത്തിലെ കൈപ്പാടനും ഈരയും അടിയോരുടെ ആദ്യകാലത്തെ സ്വതന്ത്രസ്വത്വത്തെക്കുറിച്ചും അവ നഷ്ടപ്പെടാനിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ചും അടിമത്തത്തോട് പ്രതിഷേധിച്ച് രക്തസാക്ഷികളായിത്തീർന്ന കാരണവരെക്കുറിച്ചുമുള്ള വൃദ്ധനായ ജെവരിപെരുമാളിന്റെ കഥകൾ കേട്ടാണ് വളർന്നത്. ആദിവാസികൾക്ക് നഷ്ടപ്പെട്ടവ സ്വയം തിരിച്ചെടുത്ത് ഒരു പുതിയ 'മാവേലി മൻറം' (സ്വാതന്ത്ര്യവും, സമത്വവും നിലവിലിരുന്ന കാലത്തെപ്പോലെ ഒരു പുതിയ സമൂഹം) ഉയർന്നു വരുന്ന ഭാവി അവർ സ്വപ്നം കാണുന്നു. ആ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ഇരുവരും ഒരുമിച്ച് കാട്ടിലേയ്ക്ക് ഒളിച്ചോടുന്നതും വഴിമദ്ധ്യേ അവർക്കുണ്ടാകുന്ന കഷ്ടാനുഭവങ്ങളും അവസാനത്തിലവർ പുതിയ വ്യവസ്ഥിതിയിലേയ്ക്ക് കാലൂന്നി നിൽക്കുന്നതുമാണ് നോവലിന്റെ കഥാസാരം.

എട്ടുറുപ്പുകയ്ക്ക് കൈപ്പാടൻ എന്ന പണിയയുവാവിനെ അസുനായർ എന്ന ഉടമ സുബ്ബരായർക്ക് പണയം വച്ചതായി ഉള്ള പരാമർശത്തോടെയാണ് നോവലിന്റെ തുടക്കം. മാളിമലയിൽ തമ്പ്രാക്കളുടെയും അവരുടെ മേനോക്കളുടെയും അടിമത്തത്തിൽ കഴിയുന്നവരാണ് പണിയോർ, പണിയൻ എന്ന ആദിവാസികൾ. തമ്പുരാക്കൾ പോത്തുകളെപ്പോലെയാണ് അടിമകളെ കരുതിയത്. അധ്വാനിക്കാൻ ശക്തിയില്ലാതായതു മുതൽ ഗോത്രത്തിന്റെ ഭൂതകാലസ്മരണകൾ യുവാക്കൾക്ക് പകർന്നുകൊടുക്കുന്ന ജോലിയിലാണ് ജെവരി പെരുമാൻ. ആദിവാസികളുടെ മാവേലി മൻറത്തിന്റെയും അതിന്റെ തകർച്ചയുടെയും സമരങ്ങളുടെയും കഥകൾ കേട്ടുവളർന്ന കൈപ്പാടനും ഈരയും കാട്ടിലേയ്ക്ക് ഒളിച്ചോടി. എത്തിപ്പിടിക്കാൻ ഉദ്യമിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഭാഗികാനു

ഭവം ലഭിച്ചതായി അവർക്ക് അനുഭവപ്പെട്ടു. ''തമ്പുരാൻ ലോകത്ത് നമ്മൾ എന്ത് ചെയ്യണ്ന്ന് തമ്പുരാൻ തീരുമാനിക്കുന്നു. ഇവിടെ നമ്മൾ എന്ത് ചെയ്യണ്ന്ന് നമ്മൾ തീരുമാനിക്കുന്നു. ഇനി സൂര്യനേം നമ്ക്ക് കാണാം. ചന്ദ്രനേയും കാണാം''.

# മൊഡ്യൂൾ നാല്

**നോവൽ തർജ്ജമകൾ**

ഇംഗ്ലണ്ടിൽ വ്യവസായ വിപ്ലവത്തിന്റെ ഫലമായാണ് നോവൽ വളർന്നുവന്നത്. ഈ അന്തരീക്ഷം യൂറോപ്പിലാകെ വ്യാപിച്ചു. സാഹിത്യം ജനസാമാന്യത്തിന്റെ ജീവിതാനുഭവങ്ങളോട് നിരന്തരാഭിമുഖ്യം പുലർത്തുന്ന പുതിയ കാലം പിറന്നു. പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങളിലൂടെ കടന്നുപോകുന്ന മനുഷ്യവ്യക്തികളുടെ കഥകളാണ് ഇംഗ്ലീഷ് നോവലിന്റെ കേന്ദ്രവിഷയമായിത്തീർന്നത്.

ഇംഗ്ലീഷ് നോവൽ സാഹിത്യത്തിൽ വ്യക്തിമനസ്സിന്റെ സങ്കീർണതയിലേക്കുള്ള നോട്ടം വൈകിയാണ് ഉണ്ടായത്. എന്നാൽ ഫ്രഞ്ച്, റഷ്യൻ നോവലിസ്റ്റുകൾ തുടക്കം മുതൽ തന്നെ ഇത്തരമൊരു അന്വേഷണത്തിന്റെ പാതയിലായിരുന്നു. ടോൾസ്റ്റോയിയും ദസ്തയോവ്സ്കിയും റഷ്യൻ സാഹിത്യത്തിലെ കുലപതികളായി വിശേഷിക്കപ്പെടുന്നു. 'യുദ്ധവും സമാധാനവും', 'കുറ്റവും ശിക്ഷയും', 'കാരമസോവ് സഹോദരന്മാർ' എന്നീ നോവലുകൾ ഇവരുടെ പ്രശസ്തരചനകളാണ്.

ജർമൻ നോവലിസ്റ്റുകളായ തോമസ്മൻ, ഹെർമൻ, ഹെസ്സേ തുടങ്ങിയവരുടെ നോവലുകൾ (ജോസഫ് ആന്റ് ഹിസ് ബ്രദേഴ്സ്, സിദ്ധാർത്ഥ)ഏറെ ദാർശനികസ്വഭാവം പുലർത്തുന്നു.

ഇംഗ്ലീഷിലെയും ബംഗാളിയിലെയും നോവലുകളാണ് മലയാളത്തിലേയ്ക്ക് ആദ്യകാലങ്ങളിൽ ഭാഷാന്തരം ചെയ്യപ്പെട്ടത്. വിശ്വാസാഹിത്യത്തിലെ മികച്ച കൃതികൾ ഇംഗ്ലീഷ് ഭാഷയിലുണ്ടാവാൻ സാധ്യതയുണ്ടല്ലോ. തന്മൂലം ഇന്ത്യയിലെ എഴുത്തുകാർ മികച്ച സാഹിത്യത്തിലേക്കുള്ള കവാടമായാണ് ഇംഗ്ലീഷിനെ കണക്കാക്കിപ്പോന്നത്. ഇംഗ്ലീഷ് മുഖേന കാലക്രമേണ ഭാരതീയ സാഹിത്യകാരന്മാർ യൂറോപ്യൻ, റഷ്യൻ, അമേരിക്കൻ, ലാറ്റിൻ അമേരിക്കൻ, ആഫ്രിക്കൻ, ജാപ്പനീസ് സാഹിത്യങ്ങളുമായി പരിചയപ്പെട്ടു. വിവർത്തന പ്രക്രിയ അനുസ്യൂതം നടന്നു തുടങ്ങി. തൽഫലമായി ഇന്നു

ലോകത്തിലെ മഹാ നോവലിസ്റ്റുകളുടെ മഹത്തായ നോവലുകളിൽ പലതിന്റെയും സുന്ദരങ്ങളായ വിവർത്തനങ്ങൾ മലയാളത്തിലുണ്ടായി. ടോൾസ്റ്റോയ്, ദസ്തയേവ്സ്കി, വാൾട്ടർസ്കോട്ട്, അലക്സാണ്ടർ ഡ്യൂമാ, വിക്ടർ ഹ്യൂഗോ, ഹെർമൻ ഹെസ്സെ, തോമസ്മൻ, ഹെർമൻ മെൽവിൻ, ആന്ദ്രെജിദ്, ആൽബർ കാമു, ഫ്രാൻസ് കാഫ്കാ, ഷൊലോഖോവ് തുടങ്ങിയവരുടെ മികച്ച കൃതികളുടെ ഭാഷാന്തരങ്ങൾ മലയാളത്തിലുണ്ട്. ആദ്യം പ്രത്യക്ഷപ്പെട്ടത് വാൾട്ടർ സ്കോട്ട്, അലക്സാണ്ടർ ഡ്യൂമാ, വിക്ടർ ഹ്യൂഗോ എന്നിവരുടെ ചില മികച്ച നോവലുകളുടെ പരിഭാഷകളാണ്. ഹ്യൂഗോയുടെ Less Miserable -ന്ന് നാലപ്പാട്ട് നാരായണമേനോൻ 'പാവങ്ങൾ' (1925) എന്ന പേരിൽ തയ്യാറാക്കിയ പരിഭാഷ മലയാള നോവലിസ്റ്റുകളുടെ മേൽ കനത്ത സ്വാധീനം ചെലുത്തി. ഇന്ത്യൻ ഭാഷകളിലുള്ള നോവലുകളിൽ കേരളീയരെ ഏറ്റവും ആകർഷിച്ചത് ബംഗാളിനോവലുകൾ തന്നെയാണ്. അഭിരുചികളിലും സംവേദനത്തിലും മലയാളികളും ബംഗാളികളും തമ്മിലുള്ള സാമ്യങ്ങളെ നിഷേധിക്കാനാവില്ല. ബംഗാളി സാഹിത്യകാരന്മാരിൽ ആദ്യകാലത്തു കേരളീയരെ ഏറ്റവും സ്വാധീനിച്ചത് ബങ്കിം ചന്ദ്ര ചാറ്റർജിയും ശരച്ചന്ദ്ര ചാറ്റർജിയും രവീന്ദ്രനാഥ ടാഗൂറുമായിരുന്നു. ബങ്കിംചന്ദ്രന്റെ 'ദുർഗേശ നന്ദിനി', 'നവാബ് നന്ദിനി' 'കപാലകുണ്ഡല' തുടങ്ങിയവയുടെ പരിഭാഷകൾ കേരളത്തിൽ ജനപ്രീതി നേടി. ശരച്ചന്ദ്രന്റെ ദേവദാസ്, ചരിത്രിഹീൻ എന്നിവയുടെ സ്വാധീനവും അവഗണിക്കാവുന്നതായിരുന്നില്ല. കുറേക്കാലം കൂടി കഴിഞ്ഞതിനുശേഷമാണ് ടാഗൂറിന്റെ നോവലുകൾ മലയാളത്തിലേക്കു പ്രവേശിച്ചത്. മലയാളത്തെ സമ്പന്നമാക്കിയ മറ്റു ഭാരതീയ ഭാഷാ നോവലുകളിൽ, ബംഗാളിലെ വിഭൂതി ഭൂഷൺ ചതോപാധ്യായ, ബിമൽമിത്ര, ശങ്കർ, താരാശങ്കർ ബാനർജി (ബംഗാളി സാഹിത്യകാരന്മാർ) എന്നിവരുടെയും യശ്പാൽ, പ്രേംചന്ദ് (സാഹിത്യകാരന്മാർ), ഖണ്ഡേക്കർ (മറാഠി), ശിവറാം കാരന്ത്, അനന്തമൂർത്തി (കന്നഡ), അഖിലൻ, ജയകാന്തൻ, കൽക്കി (തമിഴ്) എന്നിവരുടെയും കൃതികൾ ഉൾപ്പെടുന്നു. ആദ്യകാലത്ത് 'മാർത്താണ്ഡവർമ', 'ഇന്ദുലേഖ' എന്നിവയോടൊപ്പം 'ദുർഗേശനന്ദിനിയും' 'അക്ബറും' മലയാളനോവലിന്റെ വികാസത്തിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. നാല്പതുകളിലും

അമ്പതുകളിലും മലയാളനോവലിന്റെ മേൽ സ്വാധീനം ചെലുത്തിയവരിൽ ഹ്യൂഗോ, ടോൾസ്റ്റോയി, ദസ്തയേവ്സ്കി, ഫ്ളോബർ, നുട്ഹാംസൺ, ഹെർമൻ മെൽവിൻ, സ്റ്റെയിൻബക്ക് എന്നിവരുടെയും അറുപതുകളിലും എഴുപതുകളിലും മലയാളനോവലിനെ പാകപ്പെടുത്തിയവരുടെ പട്ടികയിൽ കാഫ്ക, സാർത്ര്, കാമു എന്നിവരുടെയും പേരുകൾ എടുത്തുപറയേണ്ടവയാണ്. മലയാളനോവൽവായനക്കാരുടെ അഭിരുചികളെയും സംവേദനശീലത്തെയും നവീകരിക്കുന്നതിൽ കാഫ്ക, കാമു എന്നിവരുടെ നോവലുകൾ നിർവഹിച്ച സേവനം നിസ്സീമമാണ്.

## നോവൽ പഠനങ്ങൾ

### ആരോഗ്യനികേതനം

കൽക്കത്തയിൽ നിന്ന് നൂറിലധികം മൈൽ ദൂരെയുള്ള പ്രശാന്തമായ ദേവിപുരം ഗ്രാമപത്തിൽ മൂന്നുതലമുറയായി ചികിത്സ നടത്തിക്കൊണ്ടിരുന്ന മശായ് കുടുംബ ത്തിന്റെ കഥയാണ് താരാശങ്കർ ബാനർജിയുടെ 'ആരോഗ്യനികേതനം'. ദീനബന്ധു മശാ യ്, ജഗദ്ബന്ധു മശായ്, ജീവൻ മശായ്. മൂന്നുപേരും ചികിത്സാരംഗത്ത് അതുല്യരായി രുന്നു.

ജീവൻ മശായുടെ മുത്തച്ഛൻ ദീനബന്ധു മശായ് യാദൃശ്ഛികമായിട്ടാണ് ചികി ത്സാവിദ്യ അഭ്യസിച്ചത്. അദ്ദേഹം കൃഷ്ണദാസ് സെന്നിൽ നിന്നാണ് ചികിത്സാവിധി അഭ്യസിച്ചത്. ചികിത്സ പഠിച്ച ദീനബന്ധുമശായ് നവഗ്രാമത്തിനടുത്തുള്ള ശാന്തമായ കൊച്ചു നാട്ടുമ്പുറത്ത് താമസമുറപ്പിച്ചു ചികിത്സ നടത്തി. സന്യാസിമാരിൽനിന്നും ജിപ്സികളിൽനിന്നും ഫക്കീർമാരിൽ നിന്നുമൊക്കെ അദ്ദേഹം വിദ്യകൾ അഭ്യസിച്ചു. ഈ വിദ്യകൾ പാരമ്പര്യമായിത്തന്നെ ജീവൻമശായിയിലും എത്തി. ജീവൻ മശായി യുടെ നാഡിജ്ഞാനം ഏറെ പ്രസിദ്ധമായിരുന്നു.

അലോപ്പതിയും ആയുർവേദവും ഒറ്റമൂലികളും ഒരുപോലെ പ്രയോഗിച്ച് ജീവൻ മശായ് - കീർത്തി നേടി. 'ആരോഗ്യനികേതനം' എന്ന ചികിത്സാലയത്തിൽ എപ്പോഴും തിരക്കായിരുന്നു. ജീവൻ മശായ് നാഡിപിടിച്ചു നോക്കിയാൽ മൃത്യു ചിലങ്ക കിലുക്കി അടയാളം കൊടുക്കമെന്നാണ് ആളുകളുടെ വിശ്വാസം. രോഗം കഠിനമാണെങ്കിൽ രോഗത്തിന്റെ വേദന ശമിപ്പിക്കാൻ ശ്രമിക്കും. മൃത്യുവിനോട് മല്ലടിച്ച് രോഗിയെ രക്ഷ പെടുത്താൻ ശ്രമിക്കില്ല. ചിലപ്പോൾ രക്ഷപെടുകയില്ലെന്ന് സൂചിപ്പിക്കും. ചിലപ്പോൾ വ്യക്തമായി പറഞ്ഞുകൊടുക്കും. ആയുസ്സ് അവസാനിക്കാറായതിനാൽ തീർത്ഥസ്ഥാന ത്തേയ്ക്കു പോകാൻ പ്രായമായവരോട് ഉപദേശിക്കും.

പിന്നീട് പുത്രനായ വനവിഹാരിയുടെ മരണത്തോടെ ജീവൻ മശായ് ചികിത്സ നിർത്തി. ആരാധകരുടെ നിർബന്ധത്തിന് വഴങ്ങി വീണ്ടും ചികിത്സയാരംഭിച്ചുവെങ്കിലും കാലപ്രവാഹത്തിന്റെ ഒഴുക്കിൽനിന്ന് ആരോഗ്യനികേതനത്തിന് ഒഴിഞ്ഞുനിൽക്കാൻ കഴി ഞ്ഞില്ല. ഇതിനിടയിൽ ആ ഗ്രാമത്തിൽ ഒരു ആധുനിക ചികിത്സാലയവും സമർത്ഥരായ ഡോക്ടർമാരും എത്തിച്ചേർന്നു. അവിടുത്തെ യുവഡോക്ടറായ പ്രദ്യോതും ജീവൻ മശായും തമ്മിൽ ചികിത്സാരംഗത്ത് ഒരേറ്റുമുട്ടൽ നടന്നു. അവസാനം ആ എതിർപ്പ്

മശായിയോടുള്ള ആദരവായി മാറി. സ്വന്തം നാഡി പിടിച്ച് മൃത്യുദേവതയുടെ ആഗമനം അറിഞ്ഞുകൊണ്ടിരുന്ന ജീവൻ മശായി സുബോധത്തോടെ മരണത്തെ അഭിമുഖീകരിച്ചു. ജീവിതവും മരണവും തമ്മിലുള്ള നിരന്തരമായ സംഘട്ടനം, ആ സംഘട്ടനത്തിന്റെ മുമ്പിൽ നിസ്സഹായനായി നിൽക്കുന്ന മനുഷ്യന്റെ ചിത്രം 'ആരോഗ്യനികേതനം' അവതരിപ്പിക്കുന്നു.

**കോളറാകാലത്തെ പ്രണയം**

ലോകപ്രശസ്ത ലാറ്റിനമേരിക്കൻ സാഹിത്യകാരൻ ഗബ്രിയേൽ ഗാർസ്യ മാർക്കേസിന്റെ ലോകപ്രശസ്തമായ കൃതിയായി 1985 പുറത്തിറങ്ങിയ 'ലവ് ഇൻ ദ ടൈം ഓഫ് കോളറ!'. 'ഏകാന്തതയുടെ നൂറ് വർഷങ്ങൾ' എന്ന നോവലിന് 1982 ൽ ഇദ്ദേഹത്തിന് നോബൽ സമ്മാനം ലഭിച്ചു. മാജിക്കൽ റിയലിസം എന്ന രചനാസങ്കേതത്തിലൂടെ ഏറെ പ്രശസ്തനായ ഇദ്ദേഹം സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം നേടുന്ന ആദ്യ കൊളംബിയക്കാരനാണ്.

ഡോ.ജൂവനാൽ അർബിനോയാണ് 'കോളറാകാലത്തെ പ്രണയം' എന്ന നോവലിൽ കഥാപുരുഷനായി കടന്നുവരുന്നത്. കോളറയും വാർദ്ധക്യവും ഗൃഹാതുരതയും മറവിയും ഓർമ്മയും നിറയുന്ന ഈ നോവലിലെ പ്രമേയം കാലമാണ്. പ്രണയം പോലും ഓർമയുടെ സാന്ത്വനമായാണ് അനുഭവവേദ്യമാകുന്നത്. ചരിത്രത്തിന്റെ ഉള്ളിൽ നിൽക്കുന്നതും ചരിത്രത്തെ അതിജീവിക്കുന്നതുമായ കാലബോധം നോവൽ വായനെ ഉടനീളം ആവേശിക്കുന്നു. കൊളോണിയൽ ആധിപത്യകാലത്തിന്റെ തീക്കനലുകൾ ചവുട്ടി സ്വാതന്ത്ര്യത്തിലേയ്ക്ക് കടന്നുവന്ന കരീബിയൻ ജനജീവിതത്തിന്റെ കഥകൂടിയാണ് ഈ കൃതി. സാംസ്കാരിക വൈജാത്യങ്ങൾക്ക് അതീതമായി മൂന്നാം ലോക രാജ്യങ്ങൾക്ക് പൊതുവായുള്ള അവസ്ഥയും ഇതിൽ കണ്ടെത്താം.

മനുഷ്യാവസ്ഥയുടെ നാനാഭാവങ്ങളെ മാറിനിന്ന് വിലയിരുത്തുന്നതുകൊണ്ട് ഹാസ്യത്തിന്റെ ഒരുതലം ഈ നോവലിൽ തെളിയുന്നു. സ്ത്രീപുരുഷ ബന്ധത്തിന്റെ സങ്കീർണ്ണതകൾ മാറിനിന്നു നോക്കി കാണുമ്പോൾ ലഭിക്കുന്ന അസംബന്ധബോധജന്യമായ ഹാസ്യധ്വനിയിലൂടെ ഇനിയും അറിയപ്പെടാത്ത മനുഷ്യാവസ്ഥകളിലേയ്ക്ക് മാർക്കേസ് കൊണ്ടുപോകുന്നു. ഫ്ളോറന്റിനോ അരിസയുടെയും ഫെർമിന ഡാസയുടെയും വൃദ്ധപ്രണയത്തിന് അഭൗമികമായ ലാവണ്യമുണ്ട്. അനന്തമായ ജലാശയത്തിലൂടെ നീങ്ങുന്ന അവരുടെ യാനം വീണ്ടും വീണ്ടും യാത്ര ചെയ്യുന്നത് 'ലാ ഡൊറാഡ' എന്ന സാങ്കല്പിക സുവർണ്ണ നഗരിയിലേയ്ക്കാണ്. അങ്ങനെ ജരാനരകൾ ബാധിച്ച

ശരീരങ്ങളെ പ്രണയം അതിജീവിക്കുന്നു. പ്രണയത്തിന്റെ നാനാഭാവങ്ങളെ പാപബോധത്തിൽനിന്നും മോചിപ്പിച്ച് നഗ്നശരീരങ്ങളുടെ ഉർവരതയെ പ്രഘോഷിക്കുന്ന വസന്തോത്സവമായി ഈ നോവൽ മാറുന്നു.

പ്രണയത്തോടൊപ്പം മരണവും മഹാമാരിയും വാർദ്ധക്യവും ഗൃഹാതുരത്വവും ഈ നോവലിന്റെ പ്രമേയങ്ങളാണ്. അതുകൊണ്ടുതന്നെ കാലം ഈ കൃതിയിൽ സർവസ്പർശിയായി മാറുന്നു. കുടുംബജീവിതത്തിന്റെയും സ്ത്രീപുരുഷബന്ധങ്ങളുടെയും ജൈവചൈതന്യവും ആഴത്തിലുള്ള ഉൾക്കാഴ്ചയും മാന്ത്രികസ്പർശമുള്ള ഭാഷയിലൂടെ ഈ നോവലിൽ നിറയുന്നു.

**കുഞ്ഞുകാര്യങ്ങളുടെ ഒടയതമ്പുരാൻ**

മലയാളിയായ ഇന്ത്യൻ-ഇംഗ്ലീഷ് എഴുത്തുകാരിയായ അരുന്ധതി റോയിയുടെ ആദ്യനോവലാണ് 'ദി ഗോഡ് ഓഫ് സ്മോൾ തിംഗ്സ്'. 1996-ലാണ് ഈ കൃതി പ്രസിദ്ധീകരിച്ചത്. 1997-ലെ ബുക്കർ പ്രൈസ് ഈ കൃതിക്ക് ലഭിച്ചു. 21 അദ്ധ്യായങ്ങളാണ് ഈ കൃതിക്കുള്ളത്. ഈ നോവലിലെ സംഭവങ്ങൾ കാലക്രമത്തിലല്ല വിവരിക്കപ്പെടുന്നത്. ഓരോ അദ്ധ്യായവും ഓരോ കാലഘട്ടത്തിൽ നടന്ന സംഭവങ്ങൾകൊണ്ടാണ് രൂപം കൊണ്ടിരിക്കുന്നത്.

മീനച്ചിലാറിന്റെ തീരത്തുള്ള അയ്മനത്തേയ്ക്ക് റാഹേൽ തിരിച്ചുവരുമ്പോൾ മഴ പെയ്തുകൊണ്ടിരിക്കുകയാണ്. കുന്നിൻമുകളിലെ വലിയവീട് അടച്ചുപൂട്ടിയിരിക്കുന്നു. വീടിനുപുറത്ത് ആകാശനീല നിറമുള്ള പഴയ പ്ലിമിത്ത് കാർ പാർക്ക് ചെയ്തിട്ടുണ്ട്. റാഹേലും എസ്തയും ഇരട്ടകളാണ്. പക്ഷേ ആകൃതിയിലും വളർച്ചയിലും ഇരുവരും ഏറെ വ്യത്യസ്തരാണ്. ഇവർ ജനിച്ചത് ഷില്ലോംഗിലാണ്. അവരുടെ അമ്മയായ അമ്മു കൽക്കട്ടയിൽ ഒരു ബന്ധുവിനോടൊപ്പം താമസിക്കുമ്പോൾ പാർട്ടിയിൽവച്ചു പരിചയപ്പെട്ട ഒരാളെ കല്യാണം കഴിക്കുകയായിരുന്നു. ഈ ബന്ധം തകർന്നപ്പോൾ അമ്മു പറക്കമുറ്റാത്ത കുഞ്ഞുങ്ങളെയുമായി അയ്മനത്ത് തിരിച്ചെത്തി. പക്ഷേ അവർ അവഗണിക്കപ്പെട്ടു.

പിന്നീട് കുട്ടികളായ എസ്തയുടെയും റാഹേലിന്റെയും കുട്ടിക്കോലവും വളർച്ചയും നോവലിസ്റ്റ് അവതരിപ്പിക്കുന്നു. വർഷങ്ങൾക്കുശേഷം എസ്ത നാട്ടിൽ വന്നതറിഞ്ഞ് അമേരിക്കയിൽ ജോലി നേടി റാഹേൽ തിരിച്ചുവരുന്നു. പഴയസ്ഥലങ്ങളൊക്കെ കാണുന്ന കൂട്ടത്തിൽ കുട്ടികൾ എന്ന നിലയിൽ അവർ കഴിച്ചുകൂട്ടിയ സായിപ

പിന്റെ പഴയ ബംഗ്ലാവിരുന്ന സ്ഥലത്ത് കേരളീയ പാരമ്പര്യരീതിയിൽ നിർമ്മിച്ച സ്റ്റാർ ഹോട്ടലാണ് കാണുന്നത്.

ചാക്രികമായ ആഖ്യാനമാണ് 'ദ് ഗോഡ് ഓഫ് സ്മോൾ തിംഗ്സ്' എന്ന നോവലിനുള്ളത്. സാധാരണ രചനാ സമ്പ്രദായത്തിൽ നിന്നും മാറി കഥ പലപ്പോഴും ഭാവിയിൽ നിന്നു ഭൂതത്തിലേയ്ക്കും വർത്തമാനത്തിലേയ്ക്കും തിരിച്ചും മറിച്ചും നീങ്ങുന്നു. ഇതിനായി സിനിമയിലെ ടെക്നിക്കുകളാണ് നോവലിസ്റ്റ് പ്രയോഗിക്കുന്നതെന്നു കാണാം.